മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

(3) അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 39-ഉം 40-ഉം റിപ്പോർട്ടുകൾ

ശ്രീ. കെ. പി. വിശ്വനാഥൻ : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിയൊമ്പതും നാൽപ്പതും റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

(4) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 11 മുതൽ 14 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. എം. മുരളി : സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ 11 മുതൽ 14 വരെയുള്ള റിപ്പോർട്ടുകൾ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

VIII. ധനകാര്യം

2005-06 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളേയും 1983-84, 1989-90, 1990-91, 1991-92 എന്നീ സാമ്പത്തിക വർഷങ്ങളിലേയും 1993-94 മുതൽ 2002-03 വരെയുള്ള സാമ്പത്തികവർഷങ്ങളിലേയും അധിക ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,58,93,000 രൂപയുടെയും, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 16,36,11,000 രൂപയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,50,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) : സർ, കാർഷികാദായനികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ ₹,68,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, തൊഴിലും തൊഴിലാളി ക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,61,61,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 36,36,69,000 രൂപയുടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 93,52,000 രൂപയുടെയും ഭവന നിർമ്മാണം എന്ന XXI-ാംമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,34,34,000 രൂപയുടേയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) : സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,50,28,73,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം മരാമത്ത് വകുപ്പുമന്ത്രിക്കു വേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 48,04,22,000 രൂപയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 74,00,000 രൂപയുടെയും ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,46,50,000 രൂപയുടെയും ജലസേചനമെന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 93,55,72,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) : സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,88,82,000 രൂപയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,99,44,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,58,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,40,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 39,73,37,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) : സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 18,94,50,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) : സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 13,07,50,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പരിസ്ഥിതി വനം വകുപ്പുമന്ത്രിക്കു വേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 13,62,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) : സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,89,58,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) : സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,31,29,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) : സർ, പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 72,59,60,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം പട്ടികസമുദായക്ഷേമവും യുവജന, സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 59,47,18,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷവേദിയിൽ ശ്രീ. എം. മുരളി]

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഈ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും ഞാൻ എതിർക്കുന്നു. 3871.61 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇതിൽ 1225.46 കോടി രൂപ റവന്യൂ ചെലവുകൾക്കു വേണ്ടിയുള്ളതാണ്. മൂലധന ചെലവ് വളരെ തുച്ഛമാണ്, 393.22 കോടി രൂപയാണ്. പത്ത് ശതമാനം മാത്രം. 'അതിവേഗം ബഹുദൂരം' എന്ന് മുറവിളി കൂട്ടുന്ന, കേരളത്തെ മുച്ചൂടും മുടിച്ച്, കേരളത്തെ പിന്നോട്ട് എടുപ്പിക്കുന്ന നയപരിപാടികളുമായി ഈ ഗവൺമെന്റ് ഭരണത്തിന്റെ അവസാന കാലത്തും മുന്നോട്ടുപോകുന്നു. കേരള ജനതയെ പറഞ്ഞു പറ്റിക്കാനാണ് ഇതിൽ നിന്നും അവർ ശ്രമിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിനുള്ള മറുപടി കേരളത്തിലെ ജനങ്ങളാണ് നൽകേണ്ടത്. 2001 മുതലുള്ള എല്ലാ വർഷങ്ങളിലും പദ്ധതി അടങ്കൽ തുക ഗണ്യമായ തോതിൽ വെട്ടിക്കുറച്ചിരിക്കുകയാണ്. റവന്യൂക്കമ്മിയും ധനക്കമ്മിയും പൊതുക്കടവും വർദ്ധിക്കുന്നതനുസരിച്ച് പദ്ധതിച്ചെലവുകളും മൂലധനച്ചെലവുകളും ഉയർത്തിക്കൊണ്ടു വരാൻ ഈ സർക്കാരിനു കഴിഞ്ഞിട്ടുണ്ടോ? ഇല്ല. പദ്ധതിച്ചെലവിന്റെ കാര്യത്തിലും മൂലധനച്ചെലവിന്റെ കാര്യത്തിലും ഈ സർക്കാർ പുറകോട്ടുപോയിരിക്കുകയാണ്. സാമ്പത്തിക വളർച്ചാ നിരക്ക് ജനങ്ങൾക്ക് മീതേയാണ്. സാമ്പത്തിക വളർച്ചയുടെ പ്രത്യാഘാതങ്ങൾ വരുംതലമുറയിൽ അടിച്ചേൽപ്പിച്ചുകൊണ്ടിരിക്കുകയാണ്. പൊതുക്കടം വർദ്ധിച്ചതുകൊണ്ട് സമൂഹത്തിലുണ്ടാകുന്ന പ്രത്യാഘാതമാണ് ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടത്. നമ്മുടെ സമ്പദ്ഘടനയുടെ നട്ടെല്ലെന്നു പറയുന്നത് കാർഷിക—വ്യാവസായിക മേഖലകളാണ്. സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്ന തരത്തിൽ യാതൊരുവിധ നടപടിയും ഈ സർക്കാർ സ്വീകരിച്ചിട്ടില്ല. തകർന്നു കൊണ്ടിരിക്കുന്ന കാർഷിക—വ്യാവസായിക മേഖലയെ സംരക്ഷിക്കുന്നതിന് ഒരു നടപടിയും ഈ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടില്ല. വിലത്തകർച്ചയും കടക്കെണിയും കാരണം 1500-ൽ അധികം കർഷകരാണ് ഈ സർക്കാരിന്റെ കാലത്ത് ആത്മഹത്യ ചെയ്തത്. കേന്ദ്ര സർക്കാർ 136 കോടിരൂപ സഹായമായി തന്നിട്ടും, കാർഷിക മേഖലയിൽ ഈ ഗവൺമെന്റ് പ്രഖ്യാപിച്ച സഹായധനമായ ഒരു ലക്ഷം രൂപ വീതം കൊടുക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇപ്പോൾ പറയുന്നത്, മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി പ്രഖ്യാപിച്ച പാക്കേജ് പദ്ധതി നടപ്പിലാക്കുമെന്നാണ്. നിങ്ങളുടെ തൊലിക്കട്ടി അപാരം തന്നെയാണ്. തെരഞ്ഞെടുപ്പ് വിജ്ഞാപനം വരെ ഈ കപട പ്രഖ്യാപനങ്ങളുമായി നമുക്ക് മുന്നോട്ടുപോകാം. ഒരു കോടി മുപ്പത് ലക്ഷം പേർ, അതായത് 40 ശതമാനം ജനങ്ങൾ കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. കാർഷിക മേഖലയിൽ ഉല്പാദനവും ഉല്പാദന ക്ഷമതയും കുറഞ്ഞുവരികയാണ്. കൃഷി ഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞു വരികയാണ്. നെൽപ്പാടങ്ങൾ മറ്റാവശ്യങ്ങൾക്ക് വേണ്ടിയാണ് ഉപയോഗിക്കുന്നത്. 8-ാം പദ്ധതിക്കാലത്ത് 22,000 ഹെക്ടർ സ്ഥലത്തു നിന്നാണ് നെൽക്കൃഷി അപ്രത്യക്ഷമായത്. കാർഷിക മേഖലയിൽനിന്നുള്ള വരുമാനം ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിൽ,

LIBRARY ARCHIVES Kerala Legislative Assembly

കാർഷിക രംഗത്തുനിന്നുള്ള വരുമാനം കുറഞ്ഞിരിക്കുകയാണ്. നെല്ലുൽപ്പാദനം. 2003-04-ൽ 13.62 ശതമാനമായിരുന്നത് 2004-05-ൽ 12.520 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. കേരളത്തിന്റെ നെല്ലറയായ പാലക്കാട് ജില്ലയിൽ, നെൽക്കൃഷിയേയും മറ്റു കൃഷികളേയും സംരക്ഷിക്കുന്നതിനുവേണ്ടി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇതെല്ലാം പരിഹരിക്കുന്നതിനുവേണ്ടി എന്ത് നടപടി എടുക്കാനാണ് ഉദ്ദേശിക്കുന്നത്? ഉല്പാദന മേഖലയിലെ വളർച്ചാ നിരക്ക് കുറഞ്ഞിരിക്കുന്നു. 2003-04-ൽ 7.14 ശതമാനമായിരുന്നു വളർച്ചാ നിരക്ക് എങ്കിൽ 2004-05-ൽ അതു 5.77 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. വ്യവസായ രംഗത്ത് 42 പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിക്കുന്നത്. മൊത്തം നഷ്ടം 14,14,784 രൂപ ആണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിൽ പുതിയ വ്യവസായങ്ങളൊന്നും തന്നെ ആരംഭിച്ചിട്ടില്ല; 78,000 ചെറുകിട വ്യവസായങ്ങൾ അടച്ചു പൂട്ടുകയും ചെയ്തിട്ടുണ്ടെന്ന് സർക്കാർ കണക്കുകൾ തന്നെ പറയുന്നു. 48,000 പേർക്ക് തൊഴിൽ ലഭ്യമാക്കാൻ, 350 കോടി രൂപയുടെ പദ്ധതി കെ.എഫ്.സി. നടപ്പാക്കുമെന്ന് ആദ്യ ബഡ്ജറ്റിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയും ബഹുമാന്യനായ കെ. ശങ്കരനാരായണൻ പറഞ്ഞിരുന്നു. മത്സ്യത്തൊഴിലാളി സ്ത്രീകൾക്കുണ്ടേി 15 കോടി രൂപയുടെ സ്വയം തൊഴിൽ പദ്ധതിയും പ്രഖ്യാപിച്ചു. എല്ലാം ജലരേഖകളായി മാറി. ഒന്നും നടപ്പിലാക്കിയിട്ടില്ല. നാലേരുക്കാൽ കൊല്ലം ഭരണത്തിൽ ഇരുന്നിട്ടും ഒന്നും ചെയ്യാൻ കഴിയാത്തവരുടെ കള്ളത്തരവും, തെരഞ്ഞെടുപ്പിനു ഏതാനും മാസം മാത്രം ബാക്കിയുള്ളപ്പോൾ തട്ടിക്കൂട്ടിയ ബഡ്ജറ്റ് പ്രഖ്യാപനങ്ങളും അതിന്റെ പൊള്ളത്തരങ്ങളും ജനങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. 47 ലക്ഷം തൊഴിലില്ലാത്ത കേരളത്തിലെ ചെറുപ്പക്കാരെ നോക്കിക്കൊണ്ട് 15 ലക്ഷം പേർക്ക് തൊഴിൽ കൊടുക്കുമെന്നാണ് പറഞ്ഞത്. അതിൽ അഞ്ച് ലക്ഷം പേർക്ക് സ്ഥിരമായ തൊഴിൽ നല്കുമെന്നായിരുന്നു വാഗ്ദാനം. പക്ഷേ എന്തൊക്കെയായിരുന്നു അവർ ചെയ്തത്? ഇപ്പോൾ നമുക്കറിയാം, 75,000 തസ്തിക ഒഴിഞ്ഞുകിടക്കുകയാണെന്ന്. 18,658 തസ്തികകൾ വെട്ടിക്കുറച്ചു. അത് നികത്തിയാൽത്തന്നെ 9,000 മുസ്ലീം സഹോദരന്മാർക്ക് ഇവിടെ ജോലി കിട്ടും. നരേന്ദ്രൻ കമ്മിഷന്റെ സ്പെഷ്യൽ റിക്രൂട്ടുമെന്റും വേണ്ട, ഡയറക്ട് റിക്രൂട്ടുമെന്റും വേണ്ട. പക്ഷേ അതിനുവേണ്ടി എന്തെങ്കിലും ഒരു പദ്ധതി നടപ്പിലാക്കാൻ ഇവർ തയ്യാറായിട്ടില്ല. അധികാരത്തിൽ വന്നാൽ പ്രകടന പത്രികയും വാഗ്ദാനവും മറക്കില്ല എന്ന് പറഞ്ഞുകൊണ്ടാണ് 100 എം.എൽ.എ.-മാരുടെ പിന്തുണയോടുകൂടി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. പക്ഷേ അധികാരത്തിൽ വന്നപ്പോൾ, ഇവർ പ്രകടനപത്രികയെ മറന്നിരിക്കുന്നു; വാഗ്ദാനങ്ങൾ മറന്നിരിക്കുന്നു. വോട്ട് ചെയ്ത് അധികാരത്തിലേറ്റിയ ജനങ്ങളെ മറന്നിരിക്കുകയാണ്. അതുകൊണ്ട് തിരിച്ചെടുക്കാൻ കഴിയാത്തതാണ് എന്നു മനസ്സിലാക്കിക്കൊണ്ട്, ജനങ്ങൾ തങ്ങൾക്കു കിട്ടിയ ഏതവസരവും കേരളത്തിലെ ഐക്യജനാധിപത്യമുന്നണിക്ക് എതിരായി വിനിയോഗിച്ചതു നമ്മൾ കണ്ടു. അതുകൊണ്ടാണ് നൂറ് എം.എൽ.എ-മാരുണ്ടായിരുന്ന അവരുടെ മണ്ഡലങ്ങൾ, 24 ആയി ചുരുങ്ങിയതായി നമുക്ക് കാണാൻ കഴിഞ്ഞത്. എന്നിട്ടും ഇവരിപ്പോൾ മുഢസ്വർഗ്ഗത്തിലാണ്. കുറെ പ്രഖ്യാപനങ്ങൾ നടത്തിക്കൊണ്ട്, അത്തരം വാഗ്ദാനങ്ങളിലൂടെ തിരിച്ചുവരാൻ കഴിയുമെന്ന് സ്വപ്നം കണ്ടു കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആ സ്വപ്നം യാഥാർത്ഥ്യമാകാൻ പോകുന്നില്ല. കർഷകരുടെ ആത്മഹത്യയ്ക്ക് കഴിയുന്നത്ര മറുപടി പറയേണ്ടവരാണ് ഇവർ. പരമ്പരാഗത തോട്ടം മേഖലയിലെ പ്രശ്നങ്ങൾക്ക് ഇവർ മറുപടി പറയണം. ആഴക്കടൽ മൽസ്യബന്ധനം നടപ്പാക്കാനും പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും സ്വകാര്യവൽക്കരിക്കാനുമൊക്കെ ഇവരെടുത്ത നടപടികൾ, കടബാദ്ധ്യതയുടെ സർവ്വകാലവർദ്ധനവ് ഇതിനെല്ലാം എണ്ണിയെണ്ണി ജനങ്ങളുടെ മുമ്പിൽ ഇവൾക്കു മറുപടി പറയേണ്ടിവരും. കേരളത്തിലെ സാധാരണക്കാരുടെ, തൊഴിലില്ലാത്തവരുടെ, വിധവകളുടെ, സമൂഹത്തിൽ പിന്നോക്കംനിൽക്കുന്നവരുടെ പ്രശ്നങ്ങൾ കാണുവാനോ പരിഹരിക്കുവാനോ കഴിയാതെ വെറും പ്രഖ്യാപനങ്ങളുമായിട്ടാണ് സർക്കാർ മുന്നോട്ടു പോകുന്നത്. ചെലവുചുരുക്കലിന്റെ പേരു പറഞ്ഞുകൊണ്ട് 2654 സ്കൂളുകൾ അടച്ചുപൂട്ടാൻ തീരുമാനിച്ചു. 51 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ അടച്ചു പൂട്ടി. വരുമാനത്തിന്റെ പേരു പറഞ്ഞുകൊണ്ട് 156 വിദേശ മദ്യഷാപ്പുകൾക്കാണ് ലൈസൻസ് കൊടുത്തിട്ടുള്ളത്. പതിനായിരക്കണക്കിനു പെൺകുട്ടികളെ ഉപയോഗപ്പെടുത്തി 1500 രൂപ ശമ്പളം കൊടുത്തുകൊണ്ട് ദിനംപ്രതി രണ്ടരക്കോടി രൂപയുടെ നിക്ഷേപം സമാഹരിച്ച നിരവധി ബ്രാഞ്ചുകൾ ഉള്ള ഒരു സ്ഥാപനം, നടത്തിയ പ്രവർത്തനങ്ങൾ നമുക്കറിയാവുന്നതാണ്. ആ സ്ഥാപനം ഇപ്പോൾ അടച്ചു പൂട്ടപ്പെട്ടിരിക്കുന്നു. കൊലപാതകമടക്കം ആ സ്ഥാപനത്തിന്റെ ഉടമസ്ഥർക്കെതിരെ നിരവധി കേസ്സുകൾ ഉണ്ട്. ആ സ്ഥാപനങ്ങളുമായുള്ള ബന്ധങ്ങളെക്കുറിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സർക്കാരിലേക്ക് നികുതിയിനത്തിൽ എത്ര കോടി രൂപയാണ് ഹിമാലയൻ ഗ്രൂപ്പിൽ നിന്നും ലഭിച്ചതെന്ന് ഇവിടെ മറുപടി പറയുമ്പോൾ പറയാൻ കഴിയുമോ? അതുപോലെ ഭരണകക്ഷിയെ പിന്തുണയ്ക്കുന്ന ഒരു പത്രത്തിന്റെ പിന്തുണകൂടി ആ സ്ഥാപനത്തിനുണ്ടായിരുന്നു എന്ന് കേട്ടു. മലയാള മനോരമ. ആ പത്രത്തിന്റെ ഉടമസ്ഥതയിലുള്ള ഒരാൾക്ക് ഈ സ്ഥാപനവുമായി വളരെ അടുപ്പമുണ്ട് എന്നറിഞ്ഞു. മലയാള മനോരമ ഇന്റഗ്രേറ്റഡ് ഫൈനാൻസ്, ആറ് കോടി രൂപയുടെ നിക്ഷേപമാണ്. ആ സ്ഥാപനം എത്ര നിക്ഷേപകരെയാണ് ചതിച്ചിരിക്കുന്നത്. ഇത്തരത്തിലുള്ള സ്ഥാപനങ്ങളെ നിയന്ത്രിക്കുവാനും നടപടിക്കു വിധേയമാക്കാനും ശ്രമിക്കാത്ത സർക്കാർ, വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ മര്യാദയ്ക്കു നടത്തുന്ന സ്ഥാപനങ്ങളെയാണ് അധികാരം ഉപയോഗിച്ച് ഏറ്റവും കൂടുതൽ ദ്രോഹിക്കുന്നത് എന്ന് കാണാൻ സാധിക്കും. അതുപോലെതന്നെ ഈ സർക്കാർ എസ്.എസ്.എൽ.സി. പരീക്ഷയുടെ വിശ്വാസ്യത നഷ്ടപ്പെടുത്തിയില്ലേ? എസ്.എസ്.എൽ.സി. പരീക്ഷാ പേപ്പർ ചോർന്ന സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയ റിപ്പോർട്ട് വാങ്ങി പരിശോധന നടത്തിയതിനുശേഷം സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് പറഞ്ഞത് ഈ ഗവൺമെന്റിന് ഭൂഷണമാണോ? അതുപോലെതന്നെ മന്ത്രിമാരുമായി ബന്ധപ്പെട്ട കേസുകളിൽ ലോകായുക്തിന്റെ നടപടിക്രമങ്ങൾ എന്താണ്? നിയമ വിരുദ്ധ നടപടികൾക്ക്; നീതിപീഠങ്ങളുടെ നിരന്തരമായ വിമർശനങ്ങൾക്ക് ഈ ഗവൺമെന്റ് വിധേയമായിക്കൊണ്ടിരിക്കുകയാണ്. വിമർശനത്തെ അലങ്കാരമായി കാണുന്ന ഒരു ഗവൺമെന്റാണ് ഇത്. കേരള പോലീസ് അഴിമതി സേനയാണെന്ന് മലയാള മനോരമയ്ക്ക്പോലും പറയേണ്ടി വന്നു. കുറ്റവാളികൾ പെരുകുകയും കുറ്റകൃത്യങ്ങൾ പെരുകുകയും ചെയ്ത ഭരണമായിരുന്നു ഇത്. ഗുണ്ടാ മാഫിയ-

LIBRARY ARCHIVES Kerala Legislative Assembly

പെൺവാണിഭ സംഘങ്ങളുടെ, കുറ്റവാളികൾക്കുവേണ്ടി നിലകൊള്ളുന്ന ഒരു ഗവൺമെന്റാണ് ഇത്. ലാ ആന്റ് ഓർഡർ നടപ്പിലാക്കേണ്ട പോലീസും പോലീസിനെ നിയന്ത്രിക്കേണ്ട ഭരണാധികാരികളും കുറ്റവാളികളായി മാറിക്കൊണ്ടിരിക്കുന്നത് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണ കാലത്താണ്. ഇതിനെതിരെ നടപടിയെടുക്കാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. സ്ത്രീകളുടെ അന്തസ്സിനും അഭിമാനത്തിനും വില കൽപ്പിക്കാത്ത ഭരണമാണിത്. ഈ സഭയിൽത്തന്നെ ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ചോരക്കുഞ്ഞുങ്ങൾക്ക് രക്ഷയില്ല; അതുപോലെ വൃദ്ധരായ സ്ത്രീകൾക്കും രക്ഷയില്ലാത്ത അവസ്ഥയുണ്ടായിരിക്കുന്നു. അതിന് നിങ്ങളുടെ പോലീസ് ചെയ്യുന്നത് എന്താണെന്ന് ചോദിച്ചപ്പോൾ അന്ന് ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞത് പോലീസിന്റെ പണി ഇവർക്കൊന്നും കാവൽ നിൽക്കുക എന്നുള്ളതല്ല എന്നാണ്. പോലീസിന്റെ പണി പോലീസിനെക്കൊണ്ട് ചെയ്യിക്കാത്തതുകൊണ്ടും കുറ്റവാളികൾക്കെതിരെ കർശന നടപടി സ്വീകരിക്കാത്തതു കൊണ്ടുമാണ് കുറ്റവാളികളും കുറ്റകൃത്യങ്ങളും കേരളത്തിൽ വളർന്നു വരുന്നതെന്ന് നമുക്ക് കാണാൻ കഴിയും. ഇന്ന് അടിയന്തിര പ്രമേയം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞല്ലോ സ്വന്തം വീട്ടിൽ 13 വയസ്സുള്ള പെൺകുട്ടിക്കുപോലും സുരക്ഷിതമായി ജീവിക്കാൻ കഴിയാത്ത ഒരവസ്ഥയാണ് നിങ്ങളുടെ ഭരണത്തിലുണ്ടായിട്ടുള്ളത് എന്ന്. അതുപോലെതന്നെ പോലീസിനെ ഉപയോഗപ്പെടുത്തി, സരോം ചെയ്യുന്ന പെൺകുട്ടികളെ അടക്കം പേപ്പട്ടിയെപ്പോലെ തല്ലിച്ചതയ്ക്കുന്നത് നമ്മൾ കണ്ടതാണ്. പോലീസിന് കൊടുക്കുന്ന പണി അതാണ്. അതുപോലെ അത്യുന്നതങ്ങളിൽ ഉന്നതൻമാർ ഇടപെട്ടുകൊണ്ടുള്ള പെൺവാണിഭ കേസുകൾ കേരളത്തിൽ വർദ്ധിച്ചിരിക്കുകയാണ്. നമുക്കറിയാം കേരളത്തിന്റെ പേര് ലോകം മുഴുവൻ ഏറ്റവും നല്ല രീതിയിൽ ഉയർത്തിക്കൊണ്ടുവന്നത് പി. ടി. ഉഷ, ഷൈനി വിൽസൺ, അഞ്ജു ബോബി ജോർജ്ജ് എന്നിവരിലൂടെയാണ്. പക്ഷെ ഇപ്പോൾ കേരളത്തിന്റെ പേര് അറിയുന്നത് റജീന, റജുല, ലതാ എസ്. നായർ ഇവരിലൂടെയാണ്. ഇവർ രാജ്യത്തിനുവേണ്ടി ചെയ്ത സംഭാവനകളെന്താണ്? ഈ രാജ്യത്തെ ഉന്നതൻമാർക്ക് പെൺകുട്ടികളെ അവരുടെ മോഹങ്ങളെ, അവരുടെ ദാരിദ്ര്യത്തെയെല്ലാം ചൂഷണം ചെയ്തുകൊണ്ട് ഇവരെ വിറ്റ് കാശാക്കാൻ പ്രവർത്തിച്ചിരുന്നവരാണ് ലതാ എസ്. നായർ. ഇവരുടെയൊക്കെ പേരിൽ മാത്രം കേസെടുത്തുകൊണ്ട് ഉന്നതൻമാരെ കേസിൽ നിന്നും ഒഴിവാക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഈ രാജ്യത്തെ സ്ത്രീകളുടെ അന്തസ്സിനും അഭിമാനത്തിനും വില കൽപ്പിക്കാൻ കഴിയുന്നില്ല. സാംസ്കാരിക കേരളത്തിൽ നാണിച്ച് തലതാഴ്ത്തേണ്ട ഒരവസ്ഥയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതുപോലെ ഒരു നഴ്സിംഗ് വിദ്യാർത്ഥിനിയുടെ അച്ഛൻ പരാതി കൊടുത്തപ്പോൾ അവർക്ക് നഷ്ടപരിഹാരം നൽകാമെന്നാണ് പ്രിൻസിപ്പാൾ പറഞ്ഞത്. ഇതൊക്കെ കേരളത്തിലല്ലാതെ എവിടെയാണ് നടക്കുന്നത്? തൃശ്ശൂരിലെ റജുല എന്ന പെൺകുട്ടിക്ക് 370 പവനും 40 ലക്ഷം രൂപയും ഒരു കാറും സ്ത്രീധനമായി കൊടുത്തിട്ട് ആർത്തി മൂത്ത ഭർത്താവും അയാളുടെ വീട്ടുകാരും ആ കുട്ടിയെ കൊന്നത് നമ്മൾ കണ്ടതാണ്. ശക്തമായ നടപടികൾ വരാത്തതുകൊണ്ടാണ് ഇതൊക്കെ സംഭവിക്കുന്നത്. അതുപോലെ അഞ്ചേക്കർ ഭൂമി ആദിവാസികൾക്ക് കൊടുക്കാമെന്നു പറഞ്ഞിട്ട് അഞ്ച് സെന്റ് ഭൂമിപോലും കൊടുക്കാത്തതിന് അവർ സമരം നടത്തിയപ്പോൾ പോലീസിനെക്കൊണ്ട് അവരെ തല്ലിച്ചില്ലേ? കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

ഐക്യജനാധിപത്യ മുന്നണി ഭരണത്തെ മതമേലധ്യക്ഷന്മാർ പരസ്യമായി തള്ളിപ്പറഞ്ഞിട്ടില്ലേ? തങ്ങൾക്കുള്ള സമ്മതിദാനാവകാശം ഉപയോഗപ്പെടുത്തി അധികാരം തന്ന ജനങ്ങൾ എൽ.ഡി.എഫ്. ഭരണത്തേക്കാൾ മെച്ചമാണ് യു.ഡി.എഫ്. ഭരണമാണെന്ന് പറഞ്ഞാണ് വോട്ട് തന്നത്. ഇപ്പോൾ ഓരോ തെരഞ്ഞെടുപ്പിലും തോൽവിയുടെ ആഴം കൂടിക്കൂടി വരുന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്. യു.ഡി.എഫ്. മുന്നണി ശിഥിലമായിരിക്കുന്നു.

മി. ചെയർമാൻ : ദയവായി പ്രസംഗം അവസാനിപ്പിക്കണം. ആറ് മിനിറ്റിന് പകരം 12 മിനിറ്റായി.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : കമ്മ്യൂണിസ്റ്റ് വിരുദ്ധ രാഷ്ട്രീയത്തിലധിഷ്ഠിതമായി ഈ മുന്നണി രൂപം കൊണ്ടതിനുശേഷം ഇത്ര വലിയ പ്രതിസന്ധികൾ നേരിടേണ്ടി വന്നിട്ടില്ല. ബി.ജെ.പി.-യുമായിട്ടുള്ള കൂട്ട് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഗതികേടിനെയാണ് സൂചിപ്പിക്കുന്നത്. വരാൻ പോകുന്ന തെരഞ്ഞെടുപ്പോടുകൂടി ചരിത്രത്താളുകളിൽ മാത്രം സ്ഥാനം പിടിക്കുന്ന ഒരു മുന്നണിയായി മാറും യു.ഡി.എഫ്. യു.ഡി.എഫ്. എന്നൊരു മുന്നണിയുണ്ടായിരുന്നുവെന്ന് ചരിത്ര വിദ്യാർത്ഥികളും രാഷ്ട്രീയ വിദ്യാർത്ഥികളും വായിച്ച് മനസ്സിലാക്കേണ്ടിവരും.

മി. ചെയർമാൻ : ദയവായി പ്രസംഗം അവസാനിപ്പിക്കുക.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : ഭയം കൊണ്ടാണ് ഇവർ ലാവ്‌ലിന്റെ പേര് പറഞ്ഞുകൊണ്ട് ആക്രമിക്കാൻ വരുന്നത്. കൗരവപ്പടയുമായി അധികാരത്തിൽ വന്നവർക്ക് മന്ത്രിമാരും മുൻ മന്ത്രിമാരും ആകാൻ കഴിഞ്ഞുവെന്നതിൽക്കവിഞ്ഞ് വേറൊന്നുമില്ല. വായുഗുളികയും കഴിച്ച് അന്ത്യശ്വാസം വലിച്ച് മരണശയ്യയിൽ അന്ത്യനാളുകളെണ്ണിക്കഴിയുന്ന ഈ അർദ്ധപ്രാണ സർക്കാരിന്റെ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും ഞാൻ പിൻതാങ്ങുകയാണ്. ഈ സഭ അംഗീകരിച്ചു കൊടുക്കുന്ന ഇത്തരം ധനാഭ്യർത്ഥനകൾ വിനിയോഗിക്കുന്നതിലുണ്ടാകുന്ന അപാകതകളെക്കുറിച്ചും സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ കാര്യക്ഷമതയെക്കുറിച്ചുമെല്ലാം വിലയിരുത്താനുള്ള ഒരവസരം കൂടിയാണ് ഇത്തരം ചർച്ചകൾ. കേരളത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട പബ്ലിക് യൂട്ടിലിറ്റി സർവ്വീസുകളായി നാം വിശേഷിപ്പിക്കപ്പെടുന്നത് ഇലക്ട്രിസിറ്റി ബോർഡും ട്രാൻസ്പോർട്ടും വാട്ടർ അതോറിറ്റിയുമാണ്. ഈ മൂന്ന് സ്ഥാപനങ്ങളും സാധാരണ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ടുനിൽക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളാണ്. ഇവിടെ നമ്മൾ അനുവദിക്കുന്ന പണം അവയുടെ ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് എങ്ങനെ വിനിയോഗിക്കും. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ച് കുടിവെള്ളം, യാത്രാ സൗകര്യം, വെളിച്ചം ഈ മൂന്ന് കാര്യങ്ങളിൽ മാറിമാറി വരുന്ന ഗവൺമെന്റുകളുടെ കാലത്ത് നടക്കുന്ന പ്രവർത്തനങ്ങൾ ഈ സഭ ഗൗരവതരമായി ചർച്ച ചെയ്തിട്ടുള്ളതാണ്. ഇതിന്റെ കെടുകാര്യസ്ഥത, ആ സ്ഥാപനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

നയപരമായ വൈകല്യം ഇതെല്ലാം നമ്മൾ ചർച്ച ചെയ്യണം. എന്നാൽ അത്തരം സ്ഥാപനങ്ങളിലൂടെയുണ്ടാകുന്ന ചോർച്ചകളും അത്തരം സ്ഥാപനങ്ങളിലുണ്ടാകുന്ന ഭീമമായ ക്രമക്കേട്, അഴിമതി തുടങ്ങിയവയും ഈ സഭയിൽ ചർച്ച ചെയ്യപ്പെടേണ്ടതാണ്. അത്തരം ചർച്ചകളെ ആരും ഭയക്കരുത്. കാരണം സഭയുടെ ചരിത്രം അതാണ്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇവിടെ സംസാരിച്ചപ്പോൾ ഞങ്ങളെല്ലാം പോയ തക്കം നോക്കി ചൂളൂവിൽ ഒരു പ്രമേയം ഹസ്സൻ അവതരിപ്പിച്ചുവെന്നാണ് പറഞ്ഞത്. അത്തരം പ്രയോഗങ്ങൾ ഒരു പാർട്ടിയുടെ ഉപനേതാവിന് യോജിച്ചതാണോ? ബിസിനസ് അഡ്വൈസറി കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണനയ്ക്ക് വരുന്ന സമയത്തല്ലാതെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ സീറ്റിലുള്ള സമയമാണോ അല്ലയോയെന്നുനോക്കി ഒരു മെമ്പർക്ക് അമെന്റുമെന്റ് അവതരിപ്പിക്കാൻ പറ്റുമോ? ആ റിപ്പോർട്ട് വന്നപ്പോൾ ഞാൻ അമെന്റുമെന്റ് അവതരിപ്പിച്ചു. എന്താണ് അമെന്റുമെന്റ്. കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നായ കേരളാ ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിക്കുന്ന സി. ആന്റ് എ. ജി.-യുടെ റിപ്പോർട്ടിലെ ചില പരാമർശങ്ങൾ ചർച്ച ചെയ്യണമെന്ന് അടിയന്തിരമായി ഉയർന്നു വരുന്ന പൊതു പ്രാധാന്യമുള്ള വിഷയത്തിൻമേൽ ഈ സഭയിൽ നടപടിക്രമങ്ങൾ അനുസരിച്ച് ചർച്ചയ്ക്ക് വിധേയമാക്കേണ്ട റൂൾ 58 അനുസരിച്ച് ഞാൻ ഒരു നോട്ടീസ് കൊടുത്തു. ബി.എ.സി.-യിൽ ഞാൻ അംഗമല്ല. എന്റെ പാർട്ടിക്കാർ അംഗങ്ങളാണ്. ബിസിനസ് അഡ്വൈസറി കമ്മിറ്റി എടുത്ത എത്രയോ തീരുമാനങ്ങൾ അംഗീകരിച്ചതിനുശേഷം പ്രതിപക്ഷത്തുള്ള ആളുകൾ എന്റെ സ്നേഹിതൻ ശ്രീ. ടി. എം. ജേക്കബ് തന്നെ നിരവധി തവണ ആ അംഗീകരിച്ച പ്രമേയങ്ങൾക്കെതിരായി അമെന്റുമെന്റ് മൂവ് ചെയ്തിട്ടുണ്ട്. ഞാനും മൂവ് ചെയ്തിട്ടുണ്ട്. ഞങ്ങൾ പ്രതിപക്ഷത്തിരിക്കുന്ന സമയത്ത് അംഗീകരിക്കും. തിരിച്ച് ബി.എ.സി.-യിൽ വരുമ്പോൾ ഒന്നുകിൽ തിരിച്ചയയ്ക്കണം അല്ലെങ്കിൽ ഞങ്ങൾ എഗ്രി ചെയ്യുന്നില്ല എന്ന് പറയും. ഗവൺമെന്റിന് ഭൂരിപക്ഷമുണ്ട്. പക്ഷെ ഗവൺമെന്റ് ഭൂരിപക്ഷമനുസരിച്ച് തീരുമാനങ്ങളെടുത്തിട്ടുണ്ട്. ഇതൊരു പുതിയ സംഭവമല്ല.

ശ്രീ. ടി. എം. ജേക്കബ്: ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ചർച്ച നടന്നിട്ട് നമുക്ക് എതിർ അഭിപ്രായമുണ്ടെങ്കിൽ അത് പറയാറുണ്ട്. പക്ഷെ ഗവൺമെന്റ് ഭൂരിപക്ഷ പ്രകാരം തീരുമാനമെടുത്ത് വരുമ്പോൾ നമ്മൾ ഭേദഗതി അവതരിപ്പിക്കാറുണ്ട്. യുനാനിമസ്സായി അവിടെ നമ്മൾ അക്സപ്റ്റ് ചെയ്തതിനുശേഷം ഇവിടെ വന്ന് ഭേദഗതികൾ അവതരിപ്പിക്കാറുണ്ട്. അതുപോലെതന്നെ ഭരണകക്ഷിയിൽ നിന്നും ഒരിക്കലും ഇങ്ങനെ വരുന്ന റിപ്പോർട്ടിൻമേൽ ഒരു ഭേദഗതി കൊണ്ടുവരാനില്ല.

ശ്രീ. എം. എം. ഹസ്സൻ: പ്രതിപക്ഷത്തുനിന്നും വന്നിട്ടുണ്ട്. ഭരണ കക്ഷിയിൽ നിന്നും വന്നിട്ടുണ്ട്. ഇത് മെമ്പറുടെ റൈറ്റ് ആണല്ലോ. സ്പീക്കർ ചെയർമാനായിട്ടുള്ള ബി.എ.സി.-യിൽ നമ്മൾ എടുക്കുന്ന തീരുമാനം binding ആകുന്നത് ഈ സഭ ആ റിപ്പോർട്ട് അംഗീകരിക്കുമ്പോൾ മാത്രമാണ്. ഇപ്പോൾ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ശ്രീ. എം. എം. ഹസ്സന് പ്രസംഗിക്കണമെങ്കിൽ പുത്തരിക്കണ്ടത്ത് പോയി പ്രസംഗിക്കണമെന്നാണ്. എനിക്ക് ഇവിടെ പ്രസംഗിക്കാനും ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ചീട്ടു വേണ്ട. പുത്തരിക്കണ്ടത്ത് പ്രസംഗിക്കാനും എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ചീട്ടു വേണ്ട; കാരണം എനിക്ക് ഇവിടെ പ്രസംഗിക്കാൻ കേരളത്തിലെ ജനങ്ങൾ അധികാരം തന്നു. പുത്തരിക്കണ്ടത്ത് പ്രസംഗിക്കാൻ എന്റെ പാർട്ടി തീരുമാനിച്ചാൽ പോരെ. അങ്ങനെയൊന്നും പറയരുത്. ഇവിടെ വന്ന് ഒരു നീണ്ട പ്രസംഗം നടത്തി സഭയുടെ പൊസഷൻ മുഴുവൻ കയ്യിലെടുത്ത് സംസാരിച്ചു എന്നു വിചാരിച്ച് മിടുക്കായി കണക്കാക്കരുത്.

ഇത്തവണത്തെ ഇക്കണോമിക് റിവ്യൂ പേജ് 740-ൽ പറഞ്ഞിരിക്കുന്നത്

12.00 NOON] The Kerala State Electricity Board incurred revenue deficit of Rs. 1007.43 Crores in 2003-04. This huge deficit has been substantially reduced to Rs. 342.76 Crores in 2004-05. The revenue deficit of KSEB had progressively come down over the last three years. This has been possible not only due to the good performance of the monsoon, but also the more efficient revenue collection and reduction in transmission and distribution loss. ഇത് ഇക്കണോമിക് റിവ്യൂവിൽ വളരെ ഗ്ലെയറിംഗ് ആയിട്ടുള്ള പരാമർശമാണ്. ഇന്നലെ നമ്മുടെ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദിന്റെ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. ലാവ്‌ലിൻ ഇടപാടിൽ 316 കോടി രൂപയുടെ നഷ്ടം വൈദ്യുതി ബോർഡിന് ഉണ്ടായില്ലായിരുന്നുവെങ്കിൽ രണ്ട് വർഷം മുമ്പ് ബോർഡ് ലാഭകരമാകുമായിരുന്നു. ഈ ഇടപാടിൽ ഉള്ളതുപോലെ ഒരു നഷ്ടം ബോർഡിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ഇത് വളരെ ഗൗരവമേറിയ ഒരു വിഷയമാണ്. കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനം രണ്ട് വർഷം മുമ്പ് ഉണ്ടാക്കാമായിരുന്ന ലാഭം, അതിന് രണ്ട് വർഷം കാലതാമസം ഉണ്ടായത് എന്തുകൊണ്ടാണ്? കേരളത്തിന്റെ ചരിത്രത്തിൽ, ഇൻഡ്യയുടെ ചരിത്രത്തിൽ ഇത്തരത്തിൽ ഒരു അപവാദമോ ആരോപണമോ ഉണ്ടായിട്ടുണ്ടോ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഞാനും അംഗമായിരുന്ന നിയമസഭയാണ് ഒൻപതാം കേരള നിയമസഭ. ഒൻപതാം കേരള നിയമസഭയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനെ സംബന്ധിക്കുന്ന, പാമോലിൻ ഇടപാടിനെക്കുറിച്ച് സി. ആന്റ് എ. ജി.യുടെ റിപ്പോർട്ട് നിയമസഭയിൽ വന്നു. അന്ന് നോട്ടീസ് കൊടുത്തിട്ടില്ല. നിയമസഭയുടെ മുമ്പിൽ വന്ന് നിമിഷങ്ങൾക്കുള്ളിൽ റൂൾ 304 അനുസരിച്ച് ഒരു സബ്മിഷൻപോലും കൊടുക്കാതെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. അച്ചുതാനന്ദൻ എഴുന്നേറ്റ് പറഞ്ഞത് എന്താണ്? 'റിപ്പോർട്ട് അവതരിപ്പിക്കുമ്പോൾ പിന്നീട് മിണ്ടാതിരിക്കലാണോ ഞങ്ങളുടെ ജോലി, പ്രതികരണം അറിയിക്കണം'. ഇതാണ് ശ്രീ. അച്ചുതാനന്ദന്റെ വാക്കുകൾ. ആ മിനിട്ട്സിൽ നിന്ന് ഞാൻ കാട്ട് ചെയ്യുന്നതാണ്. സി. ആന്റ് എ. ജി. എന്നു പറയുന്നത് സുപ്രീംകോടതിയിലെ ഒരു സിറ്റിംഗ് ജഡ്ജിയുടെ പദവിയോടുകൂടിയുള്ള ഒരു ഉദ്യോഗസ്ഥനാണ്. അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പാമോലിൻ ഇടപാടിൽ ആറരക്കോടി രൂപ ഈ ഖജനാവിന് നഷ്ടമുണ്ടായി. അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പങ്കുണ്ടെന്ന് അസന്നിഗ്ദ്ധമായി വ്യക്തമാക്കിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ അദ്ദേഹം മുഖ്യമന്ത്രി സ്ഥാനത്തുനിന്ന് ഒഴിഞ്ഞുകൊണ്ടല്ലാതെ, പ്രോസിക്യൂഷന് വിധേയമായല്ലാതെ മറ്റ് യാതൊന്നും കരണീയമല്ലെന്ന് ചൂണ്ടിക്കാണിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, എന്നെ സംബന്ധിക്കുന്ന എന്തെങ്കിലും കാര്യമുണ്ടെങ്കിൽ അര നിമിഷം ഞാൻ മന്ത്രിസഭയിൽ ഇരിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ആ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സി.പി.ഐ.യുടെ കക്ഷി നേതാവ് പി. എസ്. ശ്രീനിവാസൻ പറഞ്ഞത്, ഇവിടെ സി. ആന്റ് എ. ജി. ഒരു കാര്യം വളരെ വ്യക്തമായി പറഞ്ഞു കഴിഞ്ഞാൽ പിന്നെ അതിനെക്കുറിച്ച് എന്താണ് ചർച്ച? പിന്നെ ചർച്ചയ്ക്ക് വലിയ കാര്യമില്ല. ഇതിന് നടപടി സ്വീകരിക്കുക എന്നുള്ളതാണ്. ആ നടപടി എന്താണെന്നു വച്ചാൽ മിനിമം നടപടിയെന്നു പറയുന്നത് അദ്ദേഹം ഈ സ്ഥാനത്തുനിന്ന് ഒഴിഞ്ഞുകൊണ്ട് ബാക്കി കാര്യങ്ങൾ ചെയ്യുക എന്നുള്ളതാണ്. ഇത് പാമോലിൻ ഇടപാടിനെ സംബന്ധിച്ച് സി. ആന്റ് എ. ജി. റിപ്പോർട്ട് നിയമസഭയിൽ വച്ചപ്പോൾ അന്നത്തെ പ്രതിപക്ഷ നേതാക്കൻമാരുടെ പ്രതികരണമാണ്. ഇതിനെക്കുറിച്ച് 1-3-1994-ൽ റൂൾ 58 പ്രകാരം ശ്രീ. കടവൂർ ശിവദാസൻ നോട്ടീസ് കൊടുത്ത് നടന്ന ചർച്ചയുടെ പ്രസക്ത ഭാഗങ്ങളെ സംബന്ധിച്ച് പറയാൻ അവസരം വരുന്നുണ്ട്. റൂൾ 58 അനുസരിച്ച് ചർച്ച വരുമ്പോൾ അപ്പോൾ പറയാം. നിയമസഭാ കമ്മിറ്റികളുടെ റിപ്പോർട്ട് വന്നാൽ എന്താണ് ചെയ്യേണ്ടത് എന്നതു സംബന്ധിച്ച് 1986-ൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻമാരുടെ ഒരു യോഗം അന്നത്തെ ലോക്സഭയുടെ പി.എ.സി. ചെയർമാനായിരുന്ന ശ്രീ. അയ്യപ്പറെഡ്ഡിയുടെ അധ്യക്ഷതയിൽ ഡൽഹിയിൽക്കൂടി തീരുമാനമെടുത്തു. സി. ആന്റ് എ. ജി. റിപ്പോർട്ടുകളിൽ ക്രിമിനൽ സ്വഭാവമുള്ള കുറ്റങ്ങളെപ്പറ്റി പരാമർശം ഉണ്ടായാൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് സത്വരമായ അന്വേഷണം നടത്തണമെന്ന് അന്ന് തീരുമാനമെടുത്തു. ആ ഇൻവെസ്റ്റിഗേഷൻ നടത്തുന്നത് എന്തിനാണ്? റിപ്പോർട്ടുകൾ അവഗണിക്കപ്പെടാതിരിക്കാനും തുടർ നടപടികൾക്ക് കാലതാമസം ഉണ്ടാകാതിരിക്കാനുമാണ് അത്തരത്തിലുള്ള തീരുമാനമുണ്ടായത്. എല്ലാ നിയമസഭകളിലേയും പി.എ.സി. ചെയർമാൻമാർ അന്നത്തെ യോഗത്തിൽ പങ്കെടുക്കുകയുണ്ടായി. എന്റെ ഓർമ്മ ശരിയാണെങ്കിൽ അന്ന് പി.എ.സി.യുടെ ചെയർമാനായിരുന്ന ശ്രീമതി കെ. ആർ. ഗൗരിയമ്മയും ആ യോഗത്തിൽ പങ്കെടുത്തു. ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി.-ക്ക് 316 കോടി രൂപയുടെ നഷ്ടമുണ്ടായി എന്നാണ് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ഇവിടെ പറഞ്ഞത്. ഈ നഷ്ടം വഹിക്കേണ്ടിവന്നത് ആരാണ്? ഈ നഷ്ടം കേരള സർക്കാരിന് മാത്രമായി വഹിക്കേണ്ടതാണോ? കെ.എസ്.ഇ.ബി.-യെ ലാഭകരമാക്കാൻ മണ്ട് വർഷം വേണ്ടിവന്നു. മഴ സമൃദ്ധമായി പെയ്യേണ്ടിവന്നു. റവന്യൂ കളക്ഷൻ നടത്തേണ്ടിവന്നു. മറ്റ് പല നടപടികളും വേണ്ടിവന്നു. ഇത്രയും ഭീമമായ നഷ്ടം അവിടെ ഉണ്ടായിരുന്നില്ലായെങ്കിൽ ഇതിനുമുമ്പ് ലാഭകരമായേനെയെന്നു പറയുമ്പോൾ ഇതിൽ ലാഭം കിട്ടുന്നത് കേരളത്തിലെ ലക്ഷക്കണക്കിന് വൈദ്യുതി ഉപഭോക്താക്കൾക്കാണ്. കേരളത്തിലെ ഒരു പൊതുമേഖലാ സ്ഥാപനം ഉണ്ടാക്കുന്ന നഷ്ടം കേരളത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ തലയിലാണ്. ഇലക്ട്രിസിറ്റി ബോർഡ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ, ഭാരം ജനങ്ങളുടെ പുറത്ത് അടിച്ചേല്പിച്ചിട്ടുണ്ടെങ്കിൽ അതിനുത്തരവാദിയെന്നു പറയുന്നത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. 1996-ലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അന്ന് വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പിണറായി വിജയന്റെ മന്ത്രിതല സന്ദർശനത്തെക്കുറിച്ചാണല്ലോ സി. ആന്റ് എ. ജി. റിപ്പോർട്ടിൽ പറഞ്ഞത്. അവിടെ പോയി കമാർ വച്ച കാര്യങ്ങളെ സംബന്ധിച്ച് ഗൗരവത്തോടുകൂടി കാണേണ്ടതാണ്. മാധ്യമം, മാതൃഭൂമി, മനോരമ, ദീപിക.

LIBRARY ARCHIVES Kerala Legislative Assembly

കേരള കൗമുദി എന്നീ ദിനപത്രങ്ങൾ സി. ആന്റ് എ. ജി. റിപ്പോർട്ടിനെക്കുറിച്ച് ഇന്നലേയും മിനിഞ്ഞാന്നും മുഖപ്രസംഗം എഴുതിയിട്ടുണ്ട്. സമയ പരിമിതി ഉള്ളതുകൊണ്ട് ഞാൻ ഉദ്ധരിക്കുന്നില്ല. ഇക്കാര്യത്തിൽ ശ്രീ. പിണറായി വിജയന്റെ പങ്ക് എന്താണെന്ന് ജനങ്ങളോട് പറയാനുള്ള ബാദ്ധ്യത എൽ.ഡി.എഫ്.-ന് ഉണ്ട്. ആ ബാധ്യതയുള്ളവർ ഇത്തരത്തിൽ പ്രത്യാരോപണം ഉന്നയിച്ച് ആ ബാധ്യതയിൽനിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയാണ്. ഇവിടെ ആരെക്കുറിച്ചെല്ലാം ആരോപണങ്ങൾ വന്നിട്ടുണ്ട്. ആ ആരോപണങ്ങളിൽനിന്നെല്ലാം ഒളിച്ചോടാൻ സാധിക്കുമോ? ഇല്ല. സി. ആന്റ് എ. ജി.-യുടേത് വളരെ വ്യക്തമായ റിപ്പോർട്ടാണ്.

ശ്രീ. സാജു പോൾ : സർ, ഞാൻ റൂൾ 287 പ്രകാരം പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. അസന്നിഗ്ദ്ധമായ, ആവർത്തനമായ ചർച്ചയിൽ തന്റെ സ്വന്തം വാദങ്ങളേയോ അല്ലെങ്കിൽ മറ്റ് അംഗങ്ങളുടെ വാദങ്ങളേയോ സംബന്ധിച്ച് അസന്നിഗ്ദ്ധമായി സംസാരിക്കുകയോ വാദങ്ങൾ മുഷിവ് തോന്നത്തക്കവിധം ആവർത്തിച്ചുകൊണ്ടിരിക്കുന്നതോ ആയ അംഗത്തിന്റെ നടപടി സംബന്ധിച്ച് സഭയുടെ ശ്രദ്ധ ക്ഷണിച്ചതിനുശേഷം സ്പീക്കർക്ക് അദ്ദേഹത്തോട് പ്രസംഗം നിർത്താൻ ആവശ്യപ്പെടാവുന്നതാണ്. ഇവിടെ അധിക ധനാഭ്യർത്ഥനകളെക്കുറിച്ചാണ് ചർച്ച. അത് കാടുകയറി പോകുന്നതുകൊണ്ട് എനിക്ക് കുഴപ്പമില്ല. ഞങ്ങൾക്കും പല കാര്യങ്ങളും പറയാനുണ്ട്. റൂൾ 58 അനുസരിച്ച് സി. ആന്റ് എ. ജി.യുടെ റിപ്പോർട്ട് ചർച്ച ചെയ്യാനിരിക്കേ ആവർത്തിച്ച് അസന്നിഗ്ദ്ധത തോന്നത്തക്കവിധത്തിലുള്ള കാര്യങ്ങൾ സംസാരിക്കുന്ന മെമ്പറോട് പ്രസംഗം നിർത്താൻ റൂൾ 287 പ്രകാരം ബഹുമാനപ്പെട്ട ചെയർ ആവശ്യപ്പെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. എം. ഹസ്സൻ : സാധാരണഗതിയിൽ ഇത്തരം ഒരു പോയിന്റ് ഓഫ് ഓർഡർ അനുവദിക്കാറില്ല. എപ്പോഴും അസന്നിഗ്ദ്ധമായ കാര്യങ്ങൾ പറയുകയും അസുഖകരമായ കാര്യങ്ങൾ സംസാരിക്കുകയും ചെയ്യുന്ന ഒരു മെമ്പർക്ക് എന്റെ പ്രസംഗം അസുഖകരമായി തോന്നുന്നതിൽ വല്ല അത്ഭുതവുമുണ്ടോ? അദ്ദേഹം എന്നും ഇങ്ങനെ തന്നെയാണ്. ഇവിടെ ശ്രീമതി ഗിരിജാ സുരേന്ദ്രൻ യു.ഡി.എഫ്.-ന് എതിരായി എത്ര നിശിതമായ വിമർശനം നടത്തി. ഞങ്ങൾ അതെല്ലാം കേട്ടിരുന്നല്ലോ. അസഹിഷ്ണുത മാർക്സിസ്റ്റ് പാർട്ടിയുടെ കുടപ്പിറപ്പാണ്. അവർക്ക് ആരെ എന്തും പറയാം. അവരെക്കുറിച്ച് ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അത് കേൾക്കാനുള്ള സഹിഷ്ണുതയില്ല. ഇവിടെ ശ്രീ. സി. പി. മുഹമ്മദ് ഉന്നയിച്ചത് എന്താണ്? പാഠം മാസികയിൽ പറയുന്നത് പാർട്ടിയുടെ മൃതദേഹവും വഹിച്ചുകൊണ്ട് ശ്രീ. പിണറായി വിജയൻ നയിക്കുന്ന ഘോഷയാത്ര. അത് ഞങ്ങളാരും എഴുതിയതല്ല. അവസാനം ഇ.എം.എസിന്റെ മൃതദേഹവും വഹിച്ചുകൊണ്ടുള്ള വിലാപയാത്ര. കേരള ജനതയുടെ തീവ്രശോകമായിരുന്നു. ഒരു വ്യക്തി കാലത്തോട് വിടപറയുന്നതിന്റെ സങ്കടം മാത്രമായിരുന്നില്ല അത്. ഒരു പ്രസ്ഥാനവും അതിന്റെ മൂല്യങ്ങളും കാലത്തിൽനിന്നും വേർപിരിഞ്ഞു എന്ന ബോധം ഇ.എം.എസിന്റെ മൃതശരീരവും വഹിച്ചുകൊണ്ടുള്ള വിലാപയാത്രയിലൂടെ മനസ്സിനെ അലട്ടിയിരുന്നു. ആ പാഠം മാസിക അടുത്തു പറയുന്നു: സഖാവ് നായനാരുടെ മൃതദേഹവും വഹിച്ചുകൊണ്ടുള്ള വിലാപയാത്ര ഒരു ചരിത്രസംഭവമായിരുന്നു. ഒരു വ്യക്തിയുടെ വേർപാട് എന്നതിലപ്പുറത്തും

LIBRARY ARCHIVES Kerala Legislative Assembly

ആ വ്യക്തി പ്രതിനിധാനം ചെയ്തിരുന്ന മൂല്യങ്ങൾ മൺമറഞ്ഞുപോകുന്നു എന്ന തിരിച്ചറിവിന്റെ ദുഃഖവും നൈരാശ്യവും ആയിരുന്നു ആ വിലാപയാത്രയിൽ ധ്വനിച്ചുനിന്നത്. ഇപ്പോൾ പാർട്ടിയുടെ മൃതദേഹവും വഹിച്ചുകൊണ്ടുള്ള ഒരു ഘോഷയാത്ര 2006 ജനുവരി ഒന്നിന് വടക്കൻ കേരളത്തിൽ നിന്നും ആരംഭിച്ചിരിക്കുകയാണ്. ആ പാർട്ടിയുടെ മൃതശരീരത്തിനു മുകളിൽ പാർട്ടിയേക്കാൾ വലിയ ഒരു ആൾരൂപം പോസ്റ്ററുകളിൽ പതിഞ്ഞുനിൽക്കുന്നു. അന്തകന്റെ ആൾരൂപം പനപോലെ വളരുമെന്ന് ബൈബിളിൽ പറഞ്ഞിരിക്കുന്നു. ഇതൊന്നും ഞങ്ങൾ പറയുന്നതല്ല. ഇതൊക്കെ മാർക്സിസ്റ്റ് പാർട്ടിയുടെ സൈദ്ധാന്തിക ആചാര്യൻമാർ ആയിരുന്ന ആളുകളുടെ സംരക്ഷണത്തോടെ, അവരുടെ ഉപദേശത്തോടെ അച്ചടിച്ചിറക്കുന്നതാണ്. യു.ഡി.എഫ്. അഴിമതിക്കാരാണ്, കൊള്ളരുതാത്തവരാണ്, തൊട്ടുകൂടാത്തവരാണ്, തീണ്ടിക്കൂടാത്തവരാണ് എന്ന് ഇവർ പറയുന്നുണ്ട്. പക്ഷേ നിങ്ങൾ അതിൽ നിന്നും വ്യത്യസ്തരല്ലേ? 6 കോടി രൂപയുടെ അഴിമതി ആരോപണം ഉന്നയിച്ചപ്പോൾ ശ്രീ. കരുണാകരൻ മുഖ്യമന്ത്രി സ്ഥാനത്തുനിന്നും മാറിനിന്ന് ഈ സംഭവത്തെക്കുറിച്ച് നിഷ്പക്ഷമായി അന്വേഷണം നടത്തണമെന്ന് പറഞ്ഞ പോളിറ്റ് ബ്യൂറോ മെമ്പർ ശ്രീ. അച്ചുതാനന്ദൻ ഇന്നലെ 316 കോടി രൂപയുടെ ആരോപണത്തിന് തന്റെ പാർട്ടിയുടെ സെക്രട്ടറി വിധേയനാക്കിയതിന്റെ പേരിൽ പറഞ്ഞതെന്താണ്? നിങ്ങൾ നിഷ്പക്ഷമായി അന്വേഷണം നടത്തി സത്യം പുറത്തു കൊണ്ടുവരൂ എന്നാണ്. അതാണോ അതിന്റെ മര്യാദ. ഇവിടെ സി. ആന്റ് എ. ജി റിപ്പോർട്ട് ചർച്ച ചെയ്യുന്നതിൽ നിങ്ങൾക്ക് അസഹിഷ്ണുത ഉണ്ടെന്നറിയാം. അല്ലെങ്കിൽ പുത്തരിക്കണ്ടത്തുപോയി പ്രസംഗിക്കാൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്നോട് പറയുമോ? ഞാനും ശ്രീ. കോടിയേരി ബാലകൃഷ്ണനും ഒരുപാട് നാട്ടിൽ പ്രസംഗിക്കുന്നവരാണ്. ഈ സഭയിൽ ചട്ടപ്രകാരമല്ലാതെ ഞാൻ ഒന്നും പറഞ്ഞിട്ടില്ല. നിങ്ങൾ ചർച്ചയെ ഭയപ്പെടുന്നു. ചർച്ചയെ ഭയപ്പെടുന്നതുകൊണ്ടാണ് ഈ സഭയുടെ സമയം നിങ്ങൾ അപഹരിച്ചത്. ഈ നിയമസഭയിൽ ദീർഘകാലം പ്രസംഗിച്ചത് എല്ലാവർക്കും അറിയാം.

മി. ചെയർമാൻ : കക്ഷി നേതാക്കളുടെ ഒരു യോഗം 12.15-ന് ബി.എ.സി. ഹാളിൽ ചേരുന്നതാണ്. എല്ലാ കക്ഷി നേതാക്കളും പ്രസ്തുത യോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ : ഞാൻ സംസാരിക്കുന്നത് അപ്പുറത്തിരിക്കുന്നവർക്ക് അസുഖകരമായി തോന്നുന്നതുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. നിങ്ങൾക്ക് ഇത് ഇഷ്ടപ്പെടുന്നില്ല. നിങ്ങൾക്ക് ഇഷ്ടപ്പെടുന്ന രൂപത്തിൽ എനിക്ക് പറയാൻ പറ്റില്ല. പക്ഷേ ഒന്ന് ഞാൻ പറയാം. 'എമ്പ്രാൻ അല്പം കട്ടുമുജിച്ചാൽ അമ്പലവാസികളൊക്കെ കക്കും' എന്ന് കുഞ്ചൻ നമ്പ്യാർ പാടിയിട്ടുണ്ട്. ആ അവസ്ഥ നിങ്ങൾ ഓർത്താൽ മതി. നിങ്ങൾ ഈ സർക്കാരിനെതിരായി ഒരുപാട് ആരോപണങ്ങൾ ഉന്നയിച്ചല്ലോ. സി. ആന്റ് എ. ജി. റിപ്പോർട്ടിന്റെ പേരിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും പ്രക്ഷോപങ്ങൾ ഉയർത്തിക്കൊണ്ടുവന്നവരാണ് നിങ്ങൾ. ദേശീയ തലത്തിൽ സി. ആന്റ് എ. ജി. റിപ്പോർട്ടിന്റെ പവിത്രത നാടുനീളെ പ്രസംഗിച്ചു നടന്നവരാണ് ബോഫോഴ്സുമായി ബന്ധപ്പെട്ട് 64 കോടി രൂപയുടെ അഴിമതി ഉണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

എന്ന് ആരോപിച്ചുകൊണ്ട് രാജീവ്ഗാന്ധി കള്ളനാണെന്ന് വഴിനീളെ മുദ്രാവാക്യം വിളിച്ചവരാണ് നിങ്ങൾ. 36 കോടി രൂപയുടെ അഴിമതി ആരോപണം ഇവിടെ ഉയർന്നു വന്നിരിക്കുന്നു. അന്തിമ കരാർ ഒപ്പിട്ടയാളിനെ ഉത്തരവാദിത്വമുള്ളൂ. ശ്രീ. കടവൂർ ശിവദാസൻ ഇന്നലെ പറഞ്ഞു ശ്രീ. ജി. കാർത്തികേയൻ കുറ്റക്കാരനല്ലെയെന്ന്. ശ്രീ. ജി. കാർത്തികേയൻ പ്രണയ ലേഖനമാണ് കൊടുത്തത്. പൂവ കൊടുത്തതും താലി കെട്ടിയതും ശ്രീ. പിണറായി വിജയനാണ്. എം.ഒ.യു. പ്രണയ ലേഖനമാണ്. യഥാർത്ഥ വിവാഹ രജിസ്റ്ററിൽ ഒപ്പിട്ടത് ശ്രീ. പിണറായി വിജയനാണ്. പ്രണയ ലേഖനം കൊടുത്തതിന്റെ പേരിൽ ഏതെങ്കിലും സ്ത്രീ പ്രസവിച്ചിട്ടുണ്ടോ? കല്യാണം കഴിച്ചാൽ സ്ത്രീ പ്രസവിക്കും. അതുകൊണ്ട് ഈ പ്രസവത്തിന് ഉത്തരവാദി ശ്രീ. പിണറായി വിജയനാണ്. അന്തിമ കരാറിൽ ഒപ്പിട്ടത് ശ്രീ. പിണറായി വിജയനാണ്. അതുകൊണ്ട് നിങ്ങൾക്ക് ഒളിച്ചോടാനൊന്നും സാദ്ധ്യമല്ല. വേണമെങ്കിൽ ഈ സഭയിൽ ചർച്ച വേണ്ടെന്ന് വയ്ക്കാം. ഈ സഭയെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഭീഷണിപ്പെടുത്തിയല്ലോ. ഞങ്ങളെ ഭീഷണിപ്പെടുത്താം. പക്ഷേ സത്യത്തിന് ഒരു മുഖമേയുള്ളൂ. ആ സത്യം ഇന്നലെല്ലെങ്കിൽ നാളെ ഉയർന്നുവരും. ചരിത്രം വളരെ ക്രൂരമായി നിങ്ങളെ വേട്ടയാടുകയാണ്. നിങ്ങളുടെ കഴിഞ്ഞകാല പ്രവർത്തനങ്ങളുടെ പേരിൽ ചരിത്രം നിങ്ങളെ വേട്ടയാടുമ്പോൾ നിങ്ങൾ വെപ്രാളപ്പെട്ടിട്ട് കാര്യമില്ല. അട്ടഹസിച്ചിട്ട് കാര്യമില്ല. അതുകൊണ്ട് ഈ ഉപധനാഭ്യർത്ഥനയും എക്സസ്സ് ഗ്രാന്റും അനുവദിച്ചു കൊടുക്കുമ്പോൾ ഈ പണം വിവിധ വകുപ്പുകളിൽ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ; ഈ പണം ചോർത്തിക്കൊണ്ടു പോകാതിരിക്കുന്നുണ്ടോ; ഈ പണം ജനങ്ങൾക്ക് ദോഷകരമാകുമോ എന്ന് പരിശോധിക്കുന്ന ഈ ചർച്ചയിൽ തികച്ചും പ്രസക്തമായ കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാസ്ഥാപനങ്ങളിൽ ഉണ്ടായ ഭീമമായ അഴിമതിയെക്കുറിച്ച് പറയാൻ എനിക്ക് അവകാശമുണ്ട്. ആ അവകാശമാണ് ജനങ്ങൾ തന്നത് എന്ന തികഞ്ഞ ബോധത്തോടുകൂടി ഞാൻ ഒരിക്കൽകൂടി ഇതിനെ പിൻതാങ്ങുന്നു.

ശ്രീ. എം. കുരാമൻ: സർ, ഈ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും ഞാൻ എതിർക്കുകയാണ്. കാരണം ഈ നാല് വർഷക്കാലത്തെ ഉപധനാഭ്യർത്ഥനകൾ നമ്മൾ കണ്ടതാണ്. ഈ സഭയിൽ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിക്കൊടുക്കുന്നുമുണ്ട്. അങ്ങനെ പാസ്സാക്കിയെടുക്കുന്ന ഉപധനാഭ്യർത്ഥനകൾ ഏറ്റവും കൂടുതൽ ഈ സംസ്ഥാനത്തിന്റെ ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിട്ടില്ല. അതുകൊണ്ടുതന്നെയാണ് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നത്. കഴിഞ്ഞ രണ്ടുമൂന്ന് ദിവസങ്ങളിൽ ബഡ്ജറ്റിനെക്കുറിച്ച് സംസാരിച്ചതിലും ഇതിനുമുൻപ് കഴിഞ്ഞ ബഡ്ജറ്റുകളുടെ പ്രസംഗങ്ങളിലും ഒക്കെ കേരളത്തിലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും ഈ ഗവൺമെന്റ് ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്ന ദുരിതങ്ങളെക്കുറിച്ചും സംസാരിച്ചതാണ്. ഈ ഗവൺമെന്റിന്റെ അവസാനത്തെ ഉപധനാഭ്യർത്ഥനയാണിത്. ഞാൻ ഇവിടെ സൂചിപ്പിക്കുന്നത് കഴിഞ്ഞ 5 വർഷത്തിനിടയിൽ കേരളത്തിലെ സാമൂഹ്യക്ഷേമരംഗത്ത് സംസ്ഥാന ഗവണ്മെന്റ് കൊടുക്കാനുള്ള തുകകൾ കൊടുത്തിട്ടുണ്ടോ എന്നുള്ളത് പരിശോധിക്കേണ്ട കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കർഷകത്തൊഴിലാളി പെൻഷൻ 27 മാസത്തെ കൊടുത്തു തീർക്കാനുണ്ട്. അതു കൊടുക്കാൻ കഴിഞ്ഞ വർഷങ്ങളിൽ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിയെടുത്ത ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അതുപോലെ തന്നെ വിദ്യാഭ്യാസത്തിനുവേണ്ടി സംസ്ഥാന സർക്കാർ കൊടുക്കുന്ന തുകയുണ്ട്. തൊഴിലില്ലായ്മാ വേതനം കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അടിസ്ഥാന വർഗ്ഗത്തിൽപ്പെടുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപന്റ് ഉൾപ്പെടെയുള്ള കുടിശ്ശികകൾ കൊടുത്തു തീർക്കാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞിട്ടില്ല. ഇങ്ങനെ ഓരോ വർഷവും ബഡ്ജറ്റ് അവതരിപ്പിച്ചശേഷം സംസ്ഥാനത്തെ സമസ്ത മേഖലയിലുമുള്ള വികസന പ്രവർത്തനങ്ങൾക്കും ക്ഷേമത്തിനുംവേണ്ടി ഫണ്ട് വിനിയോഗിക്കും എന്ന വ്യാജേന ഉപധനാഭ്യർത്ഥന പാസ്സാക്കുകയാണ് ഈ സംസ്ഥാന ഗവൺമെന്റ് ചെയ്യുന്നത്. സംസ്ഥാനത്തിലെ ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടില്ല. നമ്മുടെ സംസ്ഥാനം ഒരു കാർഷിക സംസ്ഥാനമാണ്. കാർഷികമേഖലയിൽ കൂടുതൽ സാമ്പത്തികസഹായം ചെയ്യേണ്ട വകുപ്പാണ് കൃഷി വകുപ്പ്. ആ കൃഷി വകുപ്പ് ഈ സംസ്ഥാനത്ത് ഇന്ന് പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയെ ആശ്രയിച്ചു ജീവിക്കുന്ന പ്രദേശമാണ് എങ്കിൽത്തന്നെ കൃഷിക്കാർക്ക് എല്ലാവിധ സഹായങ്ങളും ഗവൺമെന്റ് ചെയ്തു കൊടുക്കേണ്ടതാണ്. കാസർകോഡ് ജില്ലയിലാണ് ഏറ്റവും കൂടുതൽ അടയ്ക്ക കൃഷിക്കാർ ഉള്ളത്. അടയ്ക്ക കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഈ ബഡ്ജറ്റിൽ ഒന്നും നീക്കിവച്ചിട്ടില്ല. ബഡ്ജറ്റ് അവതരിപ്പിച്ച് പാസാക്കുകയും ചെയ്തു. അതിൽ വച്ചത് കവുങ്ങ് കർഷകരുടെ കവുങ്ങ് മുറിച്ചുമാറ്റുന്നതിനുവേണ്ടി 100 രൂപയാണ്. ബഹുമാനപ്പെട്ട മുൻ മന്ത്രി ശ്രീ. ചെർക്കളം അബ്ദുള്ളയുടേയും അതുപോലെ ശ്രീ. സി. ടി. അഹമ്മദലിയുടേയും മണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ കവുങ്ങ് കൃഷിക്കാരുള്ളത്. കവുങ്ങ് മുറിച്ചുമാറ്റുന്നതിനുവേണ്ടി 100 രൂപ നീക്കി വച്ചിട്ടുണ്ടെന്ന് അവിടത്തെ ആളുകളോട് പോയി പറഞ്ഞാൽ മതിയോ? അവരുടെ പ്രശ്നങ്ങൾ പഠിക്കാനും അവർക്ക് വേണ്ട വിധത്തിൽ സബ്സിഡികൾ കൊടുക്കാനും സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഏകദേശം മുന്നൂറോളം അടയ്ക്കാ കൃഷിക്കാരുടെ സ്ഥലങ്ങൾ ജപ്തി ചെയ്തിരിക്കുകയാണ്. അവരുടെ കടത്തിന് മൊറട്ടോറിയം പ്രഖ്യാപിക്കണമെന്ന് സംസ്ഥാന ഗവൺമെന്റിനോട് കാസർകോട് ജില്ലയിലെ രാഷ്ട്രീയ പാർട്ടി പ്രതിനിധികളും എം.എൽ.എ.-മാരുമൊക്കെ പറഞ്ഞ സമയത്ത് 3 മാസത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു. ആ പ്രഖ്യാപിച്ച മൊറട്ടോറിയത്തിന്റെ കാലാവധി കഴിഞ്ഞിരിക്കുന്നു. ഏകദേശം 300 കൃഷിക്കാരുടെ സ്ഥലം ജപ്തി ചെയ്തിരിക്കുകയാണ്. അതിന് പരിഹാരം കാണാൻ സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞില്ലെങ്കിൽ എന്ത് കർഷക സേവനമാണ് ഇവിടെ നടക്കുന്നത്? ഈ രണ്ട് എം.എൽ.എ.-മാർക്ക് അവരുടെ മണ്ഡലത്തിൽപോയി അവരുടെ കർഷകരോട് എന്ത് പറയാൻ പറ്റും. അവരുടെ കവുങ്ങ് മുറിച്ചുമാറ്റാൻ സംസ്ഥാന ഗവൺമെന്റ് ബഡ്ജറ്റിൽ 100 രൂപാ വീതം വച്ചിട്ടുണ്ടെന്നു പറഞ്ഞാൽ..... അത് ഈ കർഷകരോടുള്ള ഏറ്റവും വലിയ ദ്രോഹമാണ്. കാസർഗോഡ് ജില്ല ഈ സംസ്ഥാനത്തിന്റെ ഭാഗമാണ്. അവിടെ എൻഡോസൾഫാന്റെ ഉപയോഗംമൂലം ദുരിതം അനുഭവിക്കുന്ന അനേകം

LIBRARY ARCHIVES Kerala Legislative Assembly

കർഷകരുണ്ട്. പ്രധാനമായി കാസർഗോഡ് ജില്ലയിലെ എൻമകജെ പഞ്ചായത്തിലും പുല്ലൂർപെരിയ പഞ്ചായത്തിലും കയ്യൂർ-ചീമേനി പഞ്ചായത്തിലും പനത്തടി പഞ്ചായത്തിലുമുള്ള കശുമാവിൻതോട്ടങ്ങളിൽ എൻഡോസൾഫാൻ തളിക്കുന്നുണ്ട്. നിങ്ങളുടെ കാലത്താണ് അത് കൊണ്ടുവന്നത് എന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പറയുന്നത്. ആരുടെ കാലത്താണ് അത് കൊണ്ടുവന്നതെങ്കിൽ തന്നെയും അതിനു പരിഹാരം കാണാൻ അതാതു കാലത്തുള്ള ഗവൺമെന്റാണ് തയ്യാറാകേണ്ടത്. എൻഡോസൾഫാൻ തളിച്ച പ്രദേശത്തുള്ള ജനങ്ങൾക്കുവേണ്ടി, അവരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനുവേണ്ടി, അവരുടെ ചികിത്സ നടത്തുന്നതിനു വേണ്ടി, അവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി ഈ ബഡ്ജറ്റിൽ ഒന്നും വകയിരുത്തിയിട്ടില്ല. പിന്നെ എങ്ങനെ ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കും. കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ രാഷ്ട്രീയപാർട്ടികളുടെ നേതാക്കൻമാരും ഈ പ്രദേശങ്ങൾ സന്ദർശിച്ചതാണ്. ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി, ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി, പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയൻ, സി.പി.ഐ.-യുടെ സംസ്ഥാന സെക്രട്ടറി സഖാവ് വെളിയം ഭാർഗ്ഗവൻ എന്നീ നേതാക്കളൊക്കെ ഈ പ്രദേശങ്ങൾ സന്ദർശിച്ചതാണ്. സന്ദർശിച്ച സമയത്ത് അവസാനഘട്ടത്തിൽ ഇന്നത്തെ മുഖ്യമന്ത്രി കാസർഗോഡ് ഗസ്റ്റ് ഹൗസിൽ വച്ച് പത്രസമ്മേളനം നടത്തി, ആ പത്ര സമ്മേളനത്തിൽ പറയുന്നത് ആ പ്രദേശത്തുള്ള ആളുകൾക്ക് സംരക്ഷണം നൽകാൻ, അവർക്ക് വേണ്ടുന്ന ചികിൽസാ സഹായം നൽകാൻ, അവർക്ക് പുനരധിവാസം നൽകാൻ വേണ്ടുന്ന സാമ്പത്തിക സഹായം ഈ സംസ്ഥാന ഗവൺമെന്റ് ചെയ്യാം എന്നാണ്. അന്ന് അവിടെ പ്രഖ്യാപിച്ചതിൽ എന്ത് കൊടുത്തു? നമ്മൾ പഠിച്ച കാര്യങ്ങൾ ഉണ്ട്. ഹിരോഷിമയിലും നാഗസാക്കിയിലും ആറ്റം ബോംബ് വർഷിച്ചതോടുകൂടി ആ മഹത്തായ യുദ്ധം അവസാനിച്ചു എന്നാണ് ചരിത്രം നമ്മെ പഠിപ്പിച്ചത്. എന്നാൽ ആറ്റംബോംബിനേക്കാൾ മഹാമാരക വിപത്തുള്ള ഈ എൻഡോസൾഫാൻ വിഷക്കാറ്റ് ഈ പ്രദേശത്ത് വീശിക്കൊണ്ടിരിക്കുകയാണ്. ഇന്നും അവിടെ ജനിക്കുന്ന കുട്ടികൾക്ക് അംഗവൈകല്യം സംഭവിക്കുന്നു. ഏതു ഗവൺമെന്റ് ഭരിച്ചാലും സാമൂഹ്യ നീതി വച്ചുകൊണ്ട് അവർക്ക് സഹായം ചെയ്യണ്ടേ? അതുകൊണ്ട് തന്നെയാണ് പറയുന്നത് ഈ ഗവൺമെന്റ് എല്ലാ മേഖലയിലും പരാജയം ഏറ്റുകൊണ്ടിരിക്കുന്നു. കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ പ്രധാനപ്പെട്ട ഒരു വ്യവസായമാണ് ബീഡി വ്യവസായം. ആ ബീഡി വ്യവസായം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ കഴിഞ്ഞോ? എന്ത് വ്യവസായ വളർച്ചയുണ്ടെങ്കിലും സാമൂഹ്യരംഗത്ത് വളർച്ചയുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വളർച്ചയുണ്ടെങ്കിലും ഈ അടിസ്ഥാന വർഗ്ഗത്തെ സംരക്ഷിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ബീഡി വ്യവസായത്തിൽ പ്രധാന പ്രശ്നങ്ങൾ ഉണ്ട്, ഏകദേശം നാല് ലക്ഷത്തോളം തൊഴിലാളികൾ അതിൽ പണിയെടുക്കുന്നുണ്ട്. അവർ ഇന്ന് ഏറ്റവും കൂടുതൽ പട്ടിണിയാണ് അഭിമുഖീകരിക്കുന്നത്. എന്നാൽ അവർക്കുവേണ്ടുന്ന സാമ്പത്തിക സഹായമോ, അവർക്കുവേണ്ടുന്ന മറ്റ് അവസരങ്ങളോ ഉണ്ടാക്കാൻ ഈ സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അവർക്കു വേണ്ടുന്ന സാമ്പത്തിക സഹായം നൽകാൻ ഈ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് തയ്യാറാകാത്തതുതന്നെ ഈ ഗവൺമെന്റിന്റെ വ്യവസായ രംഗത്തുള്ള പിടിപ്പുകേടായിട്ടാണ് കാണുന്നത്. അതുപോലെ പ്രധാനപ്പെട്ട മറ്റൊരു വിഭാഗക്കാരാണ് പീടിക തൊഴിലാളികൾ. അവരുടെ ക്ഷേമം സംരക്ഷിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഈ സംസ്ഥാനത്ത് ഏകദേശം 85 ലക്ഷത്തോളം അസംഘടിത മേഖലയിലുള്ള തൊഴിലാളികളുണ്ട്. ഈ അസംഘടിത മേഖലയിലുള്ള തൊഴിലാളികളെ സംരക്ഷിക്കാൻ നിരന്തരം സംസ്ഥാന ഗവൺമെന്റിനോട് പറയുന്നു. അവർക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്നാണ് പറയുന്നത്. ആ ക്ഷേമനിധി ഏർപ്പെടുത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല എന്നുപറഞ്ഞാൽ ഈ അസംഘടിത മേഖലയിലുള്ള പീടിക തൊഴിലാളികളെ ഇവർ സംരക്ഷിക്കാൻ തയ്യാറല്ല എന്നാണ്. ഇപ്പോൾ കാസർഗോഡ് ജില്ല മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം അഭിമുഖീകരിക്കുന്നുണ്ട്. ഇന്നലെ ഞാൻ സബ്മിഷനിലൂടെ അവതരിപ്പിച്ചതാണ്. കാസർഗോഡ് ജില്ലയിലെ എന്റെ മണ്ഡലമായ ഹോസ്ദുർഗ്ഗിലെ ഒരു പൊതുമേഖലാ സ്ഥാപനമാണ് K.C.C.P. ആ സ്ഥാപനത്തിൽ ജനവാസ കേന്ദ്രത്തിലാണ് ഖനനം നടത്തുന്നത്. അതിനെക്കുറിച്ച് സൂചിപ്പിച്ച സമയത്ത് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി മറുപടി പറഞ്ഞത് അത് ജനവാസ കേന്ദ്രമല്ല എന്നാണ്. എനിക്ക് വിനയപൂർവ്വം, സ്നേഹപൂർവ്വം ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ആ പ്രദേശം പോയി സന്ദർശിച്ചിട്ട് മാത്രമേ ഈ നിയമസഭയിൽ ഇങ്ങനെ പറയാൻ പാടുള്ളൂ. ഞാൻ അതിനെ മോശമായി പറയുന്നതല്ല. അതിന്റെ വിപത്തുക്കളെക്കുറിച്ച് മനസ്സിലാക്കിക്കൊണ്ട്, ആ പ്രദേശത്തുള്ള ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച്, അത് നേരിൽകണ്ട് അതിന് പരിഹാരം കാണാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഉപധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. ടി. പി. എം. സാഹിർ</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും അനുകൂലിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ മികവുറ്റ പ്രവർത്തനംമൂലം ഇന്ന് കേരളം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃക ആയിരിക്കുകയാണ്. അന്യ സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിൽ ജനക്ഷേമ പരിപാടികൾ നടപ്പാക്കി വിജയിച്ചു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ മറ്റ് സംസ്ഥാനങ്ങളിലെ വിദഗ്ദ്ധരും അതുപോലെതന്നെ വിവിധ രാഷ്ട്രീയ കക്ഷി നേതാക്കളും ഇന്ന് കേരളത്തെ ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന ഒരു അവസ്ഥയിലേക്ക് മാറ്റി. കുടുംബശ്രീ പ്രോജക്ടും അക്ഷയ പ്രോജക്ടും എല്ലാം ഇന്ന് നിർധനരായ ആളുകൾക്ക്, അവരുടെ ജീവിത നിലവാരം തന്നെ ഉയർത്തിക്കൊണ്ട്, മനസ്സിൽ ഒരു ആശ വച്ച് ജീവിതം മുന്നോട്ടു കൊണ്ടുപോകാനുള്ള, ഒരു അന്തരീക്ഷം നമ്മുടെ ഈ ഗവൺമെന്റിന്റെ പ്രവർത്തനം കൊണ്ട് ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ നമ്മുടെ സാമ്പത്തിക ഭദ്രത. സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക വളർച്ചാനിരക്ക് ദേശീയ വളർച്ചാ നിരക്കിനടുത്താണ്. ദേശീയ വളർച്ചാനിരക്ക് 5.9 ശതമാനം ആണെങ്കിൽ സംസ്ഥാനത്തിന്റെ വളർച്ചാ നിരക്ക് 5.8 ശതമാനമാണ്. റവന്യൂച്ചെലവിന്റെ ഏറ്റവും മികവുറ്റ ഒരു നിയന്ത്രണം..... 1996-2001 കാലയളവിൽ റവന്യൂച്ചെലവിന്റെ ശരാശരി വളർച്ചാ നിരക്ക് 20.77 ആണെങ്കിൽ ഇന്ന്, 2001-2005, ഈ ദിവസംവരെ അതിന്റെ

വളർച്ചാനിരക്ക് 11.2 ശതമാനം മാത്രമേയുള്ളൂ. അങ്ങനെ റവന്യൂച്ചെലവ് കുറച്ചു കൊണ്ടുവരികയും സംസ്ഥാനത്തിന്റെ വരുമാനം ഉയർത്തിക്കൊണ്ടുവന്ന് ഒരു ഭദ്രമായ സാമ്പത്തിക നിലയുണ്ടാക്കി നാം ഇവിടെ വിവിധ പദ്ധതികൾ നടപ്പാക്കാൻ തുടങ്ങി. അതിൽ ഏറ്റവും പ്രധാനപ്പെട്ടത്, കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ 'ജിം' തന്നെയാണ്. 38 പദ്ധതികളിലായി 3050 കോടി രൂപയുടെ നിക്ഷേപം, 2700 പേർക്ക് തൊഴിൽ നൽകി എന്ന് കുറച്ച് മുമ്പാണ് കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് വ്യവസായ വകുപ്പുമന്ത്രിക്കുവേണ്ടി ഇവിടെ സ്ഥാപിച്ചത്. 'ജിം' കൊണ്ട് ഇവിടെ ഒന്നും നടന്നിട്ടില്ല എന്ന് വരുത്തിത്തീർക്കാൻ, ജിമ്മിനുവേണ്ടി ചെലവായത് 5 കോടി രൂപയാണെങ്കിൽ 'ജിം'-ലൂടെ ഇവിടെ വന്നിരിക്കുന്നത് 3050 കോടി രൂപയുടെ നിക്ഷേപവും 38 പദ്ധതികളുമാണ്. ആ പദ്ധതികളുടെ പ്രവർത്തനം ഇന്ന് വിവിധ ഘട്ടങ്ങളിലുമാണ്. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിലേക്ക് കേന്ദ്രത്തിന്റെ നിക്ഷേപം വളരെ കുറവായിരുന്നു. അതിൽ ഒരു അമൂതപൂർവ്വമായ വളർച്ചയുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. 2000 കോടി രൂപയുടെ മുതൽമുടക്കിൽ വിവിധ പദ്ധതികൾ ആരംഭിക്കാൻ സാധിച്ചു. കൊച്ചിൻ കൺടെയ്നർ ടെർമിനൽ പ്രോജക്ട്, പെട്രോനെറ്റ് പ്രോജക്ട്, കൊച്ചിൻ റിഫൈനറിയുടെ പുനരുദ്ധാരണം, അതുപോലെ എത്രയോ വർഷങ്ങളായി നഷ്ടത്തിലേക്ക് കൂപ്പുകുത്തി പോയിരുന്ന എഫ്.എ.സി.ടി.-യുടെ നവീകരണം ഇതെല്ലാം തുടങ്ങിക്കഴിഞ്ഞു. റോഡ് വികസനത്തിൽ 1612 കോടി രൂപയുടെ വികസനമാണ് ഇന്ന് ഇവിടെ ഉണ്ടായിട്ടുള്ളത്. മിക്ക റോഡുകളും ഇന്ന് ബി.എം. ആന്റ് എ.സി. ചെയ്തുകഴിഞ്ഞു. ഏകദേശം 270 കിലോമീറ്റർ റോഡ് ബി.എം. ആന്റ് എ.സി. ചെയ്തുകഴിഞ്ഞു. കെ.എസ്.ടി.പി. പ്രോജക്ടിൽ ഇന്ന് ഏകദേശം ആയിരം കിലോമീറ്റർ റോഡിന്റെ വർക്ക് ഇവിടെ നടന്നു കൊണ്ടിരിക്കുകയാണ്. റിപ്പെയർ വർക്കിലാണ് ഏറ്റവുമധികം തുക ചെലവുവരുന്നത്. അത് ഒഴിവാക്കുന്നതിനാണ് ഈ ബി.എം. ആന്റ് എ.സി. ചെയ്യുന്നതുതന്നെ. കാർഷിക വിളകളുടെ കാര്യത്തിൽ വളരെ പ്രതികൂലമായ ഒരു സാഹചര്യമാണ് ഉള്ളത്. ആഗോളവൽക്കരണത്തിന്റെ ഭാഗമായി നമ്മുടെ വിവിധ കാർഷിക ഉൽപ്പന്നങ്ങൾക്ക് വിലയിടിഞ്ഞ് കർഷകർ വളരെ ബുദ്ധിമുട്ടിലായിരുന്നു. പക്ഷെ അതിൽ നിന്നെല്ലാം കരകയറി. റബ്ബറിന്റെ വില 25 രൂപയായിരുന്നത് ഇന്ന് 75 രൂപയ്ക്ക് മേലെയാണ്. അതുപോലെ കാപ്പിയുടെ വില കഴിഞ്ഞ മൂന്ന് നാല് വർഷമായി വളരെ മോശമായിരുന്നു. ഇന്ന് അത് കുറച്ച് മെച്ചപ്പെട്ട് 18 ഉറുപ്പികയിൽനിന്ന് 30 ഉറുപ്പികയായി മാറിയിട്ടുണ്ട്. കാപ്പി കർഷകരുടെ ഒരുപാടു നാളത്തെ ആഗ്രഹമായിരുന്നു കാപ്പിയുടെ വില കൂട്ടണമെന്നുള്ളത്, അത് യാഥാർഥ്യമായിക്കൊണ്ടിരിക്കുകയാണ്. കേരളം ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത് ടൂറിസം രംഗത്താണ്. കുരുമുളകിന്റെ കാര്യം ഞാൻ പറഞ്ഞു, ചില ഉൽപ്പന്നങ്ങൾക്ക് ആഗോളവൽക്കരണത്തിന്റെ ഭാഗമായി വിലയിടിവുണ്ട്. അതുകൂടാതെ കാലാവസ്ഥയുടെ വ്യതിയാനംമൂലം കൃഷിയും നശിച്ചിട്ടുണ്ട്. കഴിയുന്നത്ര വില ഉയർത്തിക്കൊണ്ടുവരാനും മെച്ചപ്പെടുത്താനും ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ടൂറിസം രംഗത്ത് 2001 വരെ 370 കോടി ഉറുപ്പികയാണ് വിവിധ ഗവൺമെന്റുകൾ ഇൻവെസ്റ്റ്മെന്റ് ചെയ്തിട്ടുള്ളത്. പക്ഷെ ഏറ്റവും നല്ലൊരു ഇൻവെസ്റ്റ്മെന്റ് നടത്തിയത് 2001-നുശേഷം വന്ന ഈ ഗവൺമെന്റാണ്; 400 കോടി ഉറുപ്പികയാണ് ടൂറിസത്തിനുവേണ്ടി മുടക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷെ അതിന് ഫലം കണ്ടുതുടങ്ങി, ഇന്ന് ലോകത്തെ പത്ത് ഡെസ്റ്റിനേഷനുകളിൽ മൂന്നാം സ്ഥാനത്താണ് കേരളം എത്തിനിൽക്കുന്നത്. ഞങ്ങളുടെ ഇൻവെസ്റ്റ്മെന്റ് നല്ല നിലയിൽ ആയി എന്നതിന് തെളിവാണ്. സർവീസ് സെക്ടറിലാണ് ഇന്ന് വളർച്ച കാണുന്ന മറ്റൊരു രംഗം. അതുപോലെതന്നെ പരമ്പരാഗത വ്യവസായങ്ങൾ എത്രയോ രൂപ മുടക്കി എത്രയോ ചർച്ച ചെയ്ത് എത്രയോ കോടികൾ ഇതിനുവേണ്ടി ചെലവഴിച്ചു. പരമ്പരാഗത വ്യവസായങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം ഇന്ന് കുറയ്ക്കാൻ നമുക്ക് സാധിച്ചു. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന 45-ഓളം കമ്പനികളുടെ എണ്ണം ഇന്ന് 40 ആയി ചുരുങ്ങിയിട്ടുണ്ട്. അതുപോലെതന്നെ ലാഭത്തിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ എണ്ണത്തിലും നമുക്ക് കുറച്ച് വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചു. അതിനുള്ള ഇൻവെസ്റ്റ്മെന്റിനേക്കാൾ, വളരെയധികം മെച്ചപ്പെട്ട-ഒരു വരുമാനം ടൂറിസത്തിൽക്കൂടി ഉണ്ടാക്കാൻ സാധിക്കും. ഏകദേശം രണ്ട് ലക്ഷം പേർക്ക് തൊഴിൽ നൽകുവാൻ സാധിക്കുന്നവിധം ഈ വ്യവസായം മാറിയിരിക്കുകയാണ്. അതുപോലെതന്നെ എഡ്യൂക്കേഷൻ ഫീൽഡിൽ സ്വാശ്രയ കോളേജുകളുടെ ഉത്ഭവം. ഇന്ന് രാവിലെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ശ്രദ്ധക്ഷണിക്കലിലൂടെ സ്വാശ്രയ കോളേജിന്റെ കാര്യം പറഞ്ഞിരുന്നു. സ്വാശ്രയ കോളേജ് ബിൽ ഇവിടെ അവതരിപ്പിച്ചപ്പോൾ പ്രതിപക്ഷം ഓരോ ദിവസവും ഇറങ്ങിപ്പോകുകയായിരുന്നു. ആ ചർച്ചയിൽ ആരും പങ്കെടുത്തില്ല. വകുപ്പ് വകുപ്പായി ഇവിടെ ചർച്ച ചെയ്തതാണ്. ആ ചർച്ചയിൽ നിങ്ങളുടെ വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയിരുന്നെങ്കിൽ ചിലപ്പോൾ ഞങ്ങൾക്ക് ഇന്ന് കോടതിയിൽ പോകേണ്ടിവരുമായിരുന്നില്ല. പക്ഷെ നിങ്ങൾ ഇറങ്ങിപ്പോയി. അന്ന് സ്വാശ്രയ കോളേജിനു നേരെ വല്ലാത്ത എതിർപ്പ്. അതിന് കാരണമെന്താണ്? എവിടെയാണ് ഇന്ന് നിങ്ങളുടെ കുട്ടികൾ പഠിക്കുന്നത്? ഇന്ന് ലണ്ടനിലേക്ക് ആളുകൾ പോകുകയാണ്. രണ്ടായിരത്തോളം എം.ബി.ബി.എസ്സ്. പാസ്സായ കേരളത്തിലെ കുട്ടികൾ ഇന്ന് ലണ്ടനിലെ തൊഴിലന്വേഷകരായി മാറിയിരിക്കുകയാണ്. അതുപോലെ വിവിധ കോഴ്സുകൾ-എം.ബി.എ.-യ്ക്കു പഠിക്കാൻപോലും വിദേശ രാജ്യങ്ങളിലേക്ക് വിദ്യാർത്ഥികൾ പൊയിക്കൊണ്ടിരിക്കുന്നു. അതിനുവേണ്ടിയായിരുന്നു ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഫെബ്രുവരി മാസം ഐ.ഇ.എം. കോൺഫറൻസ് നടത്തിയത്. അതിനും എതിർപ്പായിരുന്നു. എന്തിനാണ് എതിർക്കുന്നത്? എല്ലാത്തിനേയും കണ്ണടച്ച് എതിർക്കുന്നതിന്റെ ആവശ്യമെന്താണ്? എന്ത് കാര്യത്തിനാണ് ഗവൺമെന്റ് ആ വലിയ കോൺഫറൻസ് ഇവിടെ നടത്തിയത്? ഇപ്പോൾ ഉള്ള ഒരു പ്രതിഭാസം എം.ബി.എ.-യ്ക്ക് പഠിക്കാനും കൂടി കുട്ടികൾ വിദേശത്തേക്ക് പോകുകയാണ്; ഇവിടെ എം.ബി.എ.-യ്ക്ക് പഠിപ്പിക്കുന്ന സ്ഥാപനങ്ങളില്ലേ? കേരളത്തിലെ യൂണിവേഴ്സിറ്റികളെ നമുക്ക് ഉയർത്തിക്കൊണ്ടു വരണ്ടേ? ഹയർ എഡ്യൂക്കേഷൻ രംഗത്താണ് നമ്മൾ ഏറ്റവും പിന്നിൽ നിൽക്കുന്നത്. നമ്മൾ ഏറ്റവും അഭിമാനകരമായി പറയുന്നത് കേരളം 100 ശതമാനം സാക്ഷരത നേടിയിട്ടുള്ള സംസ്ഥാനമെന്നാണ്. അതേ സമയത്ത് ഹയർ എഡ്യൂക്കേഷൻ രംഗത്ത് ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളേക്കാൾ നമ്മൾ വളരെ പിന്നിലാണ്. അതിനെ ഉയർത്തിക്കൊണ്ടുവരാനുള്ള ശ്രമം വിദേശ രാജ്യങ്ങളിലെ കുട്ടികളെ കേരളത്തിലേക്ക് ആകർഷിക്കാൻ 5 യൂണിവേഴ്സിറ്റികളും കൂടി ഒരു കോൺഫറൻസ്. ഇന്ന് ഏറ്റവും അധികം വിദേശ വിദ്യാർത്ഥികൾ പഠിക്കുന്നത് പൂന യൂണിവേഴ്സിറ്റിയിലും മണിപ്പാൽ

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റിയിലുമാണ്. അവിടെ ഡോളർ കണക്കിനാണ് അവർ ഫീസ് അടയ്ക്കുന്നത്. അങ്ങനെ വിദേശ എക്സ്ചേഞ്ചാണ് യൂണിവേഴ്സിറ്റികളിൽ വന്നുകൊണ്ടിരിക്കുന്നത്. എന്തുകൊണ്ട് നമ്മുടെ യൂണിവേഴ്സിറ്റികളിൽ അത് വന്നുകൂടാ? നമ്മുടെ കുട്ടികൾക്ക് അതുപോലെ അവരുമായി ഒരു ഇന്ററാക്ഷൻ ഇവിടെനിന്ന് കുറച്ച് കുട്ടികളെ അങ്ങോട്ടയക്കാനും, അവിടെ നിന്ന് കുട്ടികളെ ഇങ്ങോട്ട് അയയ്ക്കാനുമുള്ള, വിവിധ തരത്തിലുള്ള എം.ഒ.യു., ഞാൻ കൊച്ചിൻ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പർ ആയതുകൊണ്ട് തന്നെയാണ് ആ കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചത്. വിദേശ രാജ്യങ്ങളുമായി നമ്മുടെ യൂണിവേഴ്സിറ്റികൾക്ക് ഒരു സഹവർത്തിത്വം, അങ്ങനെ നമുക്ക് ഒരു ഉയർച്ച ഉണ്ടാക്കണം. വിദ്യാഭ്യാസ നിലവാരത്തിൽ നമ്മൾ വളരെ പിന്നിലാണ്, ഇൻഡ്യയിലെ ഒരു യൂണിവേഴ്സിറ്റിയും ഇന്ന് ആഗോളതലത്തിൽ ഉയരുന്ന തരത്തിലല്ല. ഇന്റർനാഷണൽ ലെവലിൽ നോക്കുമ്പോൾ ഡൽഹിയിലെ ഒരു സയൻസ് ആന്റ് ടെക്നോളജി യൂണിറ്റ് മാത്രം 257-ാം സ്ഥാനത്ത് നിൽക്കുന്നു. അതുമാത്രം മതിയോ? നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനത്തിനുവേണ്ടി, ആഗോളതലത്തിൽ കോൺഫറൻസ് ഇവിടെ നടത്തുന്നതിന് എതിർക്കുന്നത് ശരിയല്ല. അതിന് സമരവും അവരെ ഘെരാവോ ചെയ്യുന്ന തരത്തിലുള്ള നടപടികളും കേരളത്തിലും ഇന്ന് ബംഗാളിൽ നിന്നും ഇറക്കപ്പെട്ടതാണ്. കേരളത്തിന്റെ നാശം അന്ന് മുതൽ തുടങ്ങിയതാണ്. അത് എന്ന് അവസാനിക്കുമോ അന്നുമാത്രമേ കേരളം രക്ഷപ്പെടുകയുള്ളൂ. അതുപോലെതന്നെ സ്വാശ്രയ കോളേജിന്റെ കാര്യം പറഞ്ഞു. 13 സ്വാശ്രയ കോളേജുകളിൽ സർക്കാർ മെറിറ്റിൽ പ്രവേശനം നേടുന്ന കുട്ടികൾക്ക് സർക്കാർ ഫീസ് എന്ന അംഗീകാരം നേടിക്കൊടുക്കാൻ സാധിച്ചിട്ടുണ്ട്. അതുപോലെതന്നെ നമ്മുടെ വരുമാനം വർദ്ധിപ്പിക്കുന്നതിൽ, മാൺ ഖൈൻ ലോട്ടറി-സാധാരണക്കാരന്റെ കോടിക്കണക്കിന് ഉറുപ്പിക ചോർന്നുപോയ ഒരു സംഭവമായിരുന്നു. മാൺ ഖൈൻ ലോട്ടറി നിരോധിച്ചതുകൊണ്ട് കേരള ഗവൺമെന്റിന്റെ ലോട്ടറിയിൽക്കൂടി നമുക്ക് വരുമാനം വളരെ കൂട്ടിക്കൊണ്ടുവരാൻ സാധിച്ചു. അതുപോലെ വൈദ്യുതി രംഗത്ത് റെക്കോർഡ് വൈദ്യുതി കണക്ഷനാണ് ഈ ഗവൺമെന്റ് കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് കൊടുത്തുതീർത്തത്. ചരിത്രത്തിൽ ആദ്യമായി വൈദ്യുതി ചാർജ്ജ് യൂണിറ്റിന് 20 പൈസ വീതം കുറച്ചതും ഈ ഗവൺമെന്റാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് അവരുടെ പിടിപ്പുകേടുമൂലം ഏറ്റവും അധികം പണം ധൂർത്തടിച്ചതും ലാവ്‌ലിനുമായി ബന്ധപ്പെട്ടാണ്. അതിന് ഒരുപാട് ചർച്ചകൾ ഇനി ഇവിടെ നടക്കാനിരിക്കുന്നു. ഞാൻ ആ സംഗതി ഇവിടെ പറയുന്നില്ല. കേരളം കണ്ടതിൽ വച്ച് ഏറ്റവും വലിയ അഴിമതിയാണ് ലാവ്‌ലിനുമായി ബന്ധപ്പെട്ടുണ്ടായത്. കമ്പ്യൂട്ടർ ഗ്രാമങ്ങളിൽ എത്തിക്കാൻ ഇന്ന് നമുക്ക് സാധിച്ചു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇല്ലാത്ത എഡ്യൂസാറ്റ് പദ്ധതി കേരളത്തിൽ ആദ്യമായി നടപ്പാക്കി. അതുപോലെ മുഖ്യമന്ത്രിയുടെ മുഖാമുഖം പരിപാടിയിലൂടെ ഒന്നരലക്ഷം പേരെ നേരിൽക്കണ്ട് പരാതികൾ സ്വീകരിക്കുന്നതിനും അര ലക്ഷത്തോളം പേരുടെ പരാതികളിൽ അപ്പോൾത്തന്നെ തീരുമാനം എടുക്കുന്നതിനും സാധിച്ചു. അതിലെല്ലാം ഒരു അപാകത ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സി.എം.ഡി.ആർ.എഫ്.-ൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

പണം നൽകാൻ മുഖ്യമന്ത്രി ഡേറ്റ് പറഞ്ഞു, ഒരു മാസത്തിനിടയ്ക്ക് കൊടുക്കുമെന്ന് പറഞ്ഞു. ആ സംഖ്യ ഇന്നും കൊടുക്കാത്ത സംഭവമുണ്ട്. അതിന് ഉദ്യോഗസ്ഥർ ക്കാണിക്കുന്ന അലംഭാവം മാറ്റിയില്ലെങ്കിൽ, ഗവണ്മെന്റ് എന്ത് നയം വച്ചാലും ഒത്തുചേർന്നു പോകുന്ന ബ്യൂറോക്രാറ്റ് സമീപനം നമുക്കുണ്ടാക്കി എടുക്കണം. അതില്ലാതെ കേരളം സ്പീഡായി മുന്നോട്ടുപോകുകയില്ല. ഈ കഴിഞ്ഞ അഞ്ച് കൊല്ലത്തെ ഭരണത്തെ ഒരു 400 മീറ്റർ റെയ്സിനോട് ഞാൻ ഉപമിക്കുകയാണ്. ആദ്യത്തെ 270 മീറ്റർ ഓടിയത് ശ്രീ. എ. കെ. ആന്റണിയാണെങ്കിൽ അത് കരുത്തോടെ ഫിനിഷ് ചെയ്തത് ശ്രീ. ഉമ്മൻ ചാണ്ടിയാണ്. 'അതിവേഗം ബഹുദൂരം'. അദ്ദേഹത്തിനു വേണ്ടി സ്റ്റാമിന കൊടുത്തത്, എല്ലാവിധ സപ്പോർട്ടും കൊടുത്തത് ശ്രീ. എ. കെ. ആന്റണിയുടെ കാലത്താണ്. അദ്ദേഹത്തിന് ആകെ ഓടാനുണ്ടായിരുന്നത് 130 മീറ്റർ മാത്രമാണ്. 130 മീറ്റർ ഓട്ടം ഇന്നദ്ദേഹം പൂർത്തീകരിച്ചുകഴിഞ്ഞു. കേരളം ഇന്ന് സാമ്പത്തികമായി രക്ഷപ്പെട്ട ഒരു നിക്ഷേപ സംസ്ഥാനമായി മാറിക്കഴിഞ്ഞു.

ശ്രീ. ടി. പി. രാമകൃഷ്ണൻ : കേരളം ആകെ രക്ഷപ്പെട്ടു എന്നാണല്ലോ അങ്ങ് വിശദീകരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ അനുഭവത്തിലുള്ള ഒരു സംഗതിയുണ്ട്. കോഴിക്കോട്ട് ഒരുപാട് വ്യവസായങ്ങൾ അടച്ചു എന്ന് ബഹുമാനപ്പെട്ട മെമ്പർക്കും അറിയാം. ഗവണ്മെന്റ് എല്ലാം ചർച്ച ചെയ്ത് ഏകകണ്ഠമായി തീരുമാനിച്ച ഒരു പ്രശ്നമുണ്ട്. എന്തുകൊണ്ടാണ് കോട്ടൺ മിൽ തുറന്നു പ്രവർത്തിപ്പിക്കാത്തത്? അവിടത്തെ തൊഴിലാളികൾക്ക് മിനിമം വേജ് കൊടുക്കണം. കേരള സോപ്സിലെ തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കണം. ഇതിന് നമ്മൾ ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തീരുമാനം എടുത്തിട്ട് മൂന്ന് വർഷം കഴിഞ്ഞിട്ടും തീരുമാനം നടപ്പിലാക്കുന്നില്ല. കോഴിക്കോടെ അനുഭവം വച്ചുകൊണ്ട് കേരളത്തിന്റെ പ്രശ്നം പരിഹരിച്ചു എന്നു പറയാൻ സാധിക്കുമോ?

ശ്രീ. ടി. പി. എം. സാഹിർ : കോട്ടൺ മിൽ എന്റെ മണ്ഡലത്തിലാണ്. എട്ട് കോടി രൂപ പുനരുദ്ധാരണത്തിന് നൽകുമെന്നേറ്റിട്ട് ഒരു വർഷമായി. അന്ന് സെൻട്രൽ അസിസ്റ്റൻസുണ്ടായിരുന്നു. ആ സെൻട്രൽ അസിസ്റ്റൻസ് നമുക്ക് ഇന്നും ലഭിച്ചിട്ടില്ല എന്ന മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും ലഭിച്ചത്. ആ സെൻട്രൽ അസിസ്റ്റൻസ് കിട്ടിയാൽ അത് കിട്ടും. കോഴിക്കോട് വലിയങ്ങാടിയിൽ തൊഴിൽ സമരങ്ങൾകൊണ്ട് പണി മുടങ്ങിയെന്ന് ഞാൻ പറയുന്നില്ല. അതേ സമയത്ത് ആവശ്യമില്ലാതെ തൊഴിലാളികൾക്ക് വേതനം കൂട്ടിക്കൊടുത്തതുകൊണ്ട് അവിടെ ഒരു വിഷമമുണ്ട്. 2001-ൽ കരാർ തൊഴിലാളികളുടെ സമരം തുടങ്ങി, സ്തംഭിച്ചു. മൂന്ന് ദിവസം വലിയങ്ങാടി അടച്ചിട്ടശേഷം ഞാൻതന്നെ നേരിട്ടിടപെട്ട് കച്ചവടക്കാരുമായി ഒരു ധാരണയുണ്ടാക്കി, 21.5% വർദ്ധനവ് വാങ്ങിക്കൊടുത്തു. അതിനുശേഷം കച്ചവടം വളരെ കുറഞ്ഞു. കാരണം, വലിയങ്ങാടിയിൽ ചാക്കിറക്കാൻ 14 രൂപ കൂലി കൊടുക്കണം. രാമനാട്ടുകരയിലോ പേരാമ്പ്രയിലോ ഒരു ചാക്കിറക്കിയാൽ അഞ്ച് രൂപ കൂലി കൊടുത്താൽ മതി. അതുകൊണ്ട് വലിയങ്ങാടിയിൽ കച്ചവടക്കാർക്ക് ഇന്ന് സ്ഥാപനങ്ങളില്ല. ഈ കഴിഞ്ഞ കാലയളവിൽ സംസാരിച്ചത് ശ്രീ. എളമരം കരിമായിരുന്നു. കൂലി കുറച്ചുകൊണ്ടുവരാൻ നിർബന്ധിതരായി. വർദ്ധനവ് 12 ശതമാനം സെറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തു. എന്നിട്ടും കച്ചവടക്കാർ പീടിക തുറക്കുന്നില്ല. ആവശ്യമില്ലാതെ ഒരു കാലത്ത് നേടിയെടുത്തത്, ഗ്വാളിയർ റയോൺസ് ഉദാഹരണമാണ്. അവിടെ ആവശ്യമില്ലാതെ ശമ്പളം കൂട്ടിക്കൊടുത്തു. സ്പിപ്പേഴ്സിന് പതിനാലായിരം രൂപ വരെ ശമ്പളം കിട്ടിയ മാസമുണ്ടായിരുന്നു. ആ ശമ്പളം വേറെ എവിടെയെങ്കിലും ഡെപ്പോസിറ്റ് ചെയ്തിരുന്നെങ്കിൽ ഇന്ന് ആ കമ്പനി ഉണ്ടാകുമായിരുന്നു. നമ്മൾ റാ-മെറ്റീരിയൽസ് കൊടുക്കുമ്പോൾ ..... (ബഹളം) ..... കണ്ണടച്ചിരുട്ടാക്കുന്ന നയം എന്ന് നമ്മൾ മാറ്റുമോ അന്ന് നമ്മൾ രക്ഷപ്പെടും. ഇവിടെയുള്ള യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കൂ. കേരളം ഇന്ന് രക്ഷപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ അവസ്ഥയിൽ നിക്ഷേപങ്ങൾ നല്ല നിലയിൽ തിരിഞ്ഞ ഈ കാലയളവിൽ അതിനെ മുന്നോട്ടുനയിക്കാനുള്ള ആശയുമായി ആര് വന്നാലും കേരളം രക്ഷപ്പെടും. അതിനു വേണ്ടിയുള്ള ശ്രമങ്ങളാണ് ഇവിടെ നടത്തുന്നത്. കേരളത്തിൽ ഇന്നുള്ളത് നെഗറ്റീവ് ഫാക്ടർ കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ വളരെ കൂടുതലാണ്. ഭൂമി വില വളരെ കൂടുതലാണ്. ചില വ്യവസായികൾ വന്നിട്ട് തിരിച്ചുപോയി എന്നു പറഞ്ഞു. നമുക്കാകെ ചെയ്യാൻ പറ്റുന്നത്, കിൻഫ്ര പോലെയുള്ള പാർക്കുകൾ, വലിയ സംരംഭങ്ങൾ വരുമ്പോൾ അവർക്കുവേണ്ടി ഇലക്ട്രിസിറ്റിയും വെള്ളവും എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്ത് അവരെ ക്ഷണിക്കണം. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, ധൂർത്തിനും കൊള്ളയ്ക്കും അഴിമതിക്കും മാഫിയകൾക്കും കൂട്ടുനിൽക്കുന്ന പാവപ്പെട്ടവരെ ദ്രോഹിക്കുന്ന, പാവപ്പെട്ടവരെ സഹായിക്കാത്ത ഒരു സർക്കാരിന് എന്തിനാണ് അധിക ധനാഭ്യർത്ഥന. അർഹതയില്ലാത്ത ഈ അധിക ധനാഭ്യർത്ഥനയെ ഞാൻ ശക്തിയായി എതിർക്കുകയാണ്. തൊഴിലില്ലായ്മ പരിഹരിക്കുമെന്നും 15 ലക്ഷം പേർക്ക് തൊഴിൽ കൊടുക്കുമെന്നും തെരഞ്ഞെടുപ്പിലൂടെ വാഗ്ദാനം ചെയ്ത് ജനങ്ങളെ ഈ സർക്കാർ വഞ്ചിച്ചിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളും വ്യവസായ സ്ഥാപനങ്ങളും ആകെ പൂട്ടിക്കിടക്കുന്നു. മോഷണവും കവർച്ചയും പിടിച്ചുപറിയും വർദ്ധിക്കുന്നു. ഇതിനൊക്കെ കാരണം തൊഴിലില്ലായ്മയാണ്. ഇതിനുവേണ്ടിയാണോ സർക്കാർ അധിക ധനാഭ്യർത്ഥന കൊടുക്കുന്നത്? മാഫിയ സംഘങ്ങളുടെ പ്രവർത്തനങ്ങളിലും ഭീകര പ്രവർത്തനങ്ങളിലും ചെറുപ്പക്കാർ വഴിതിരിഞ്ഞുപോകുന്ന സാഹചര്യം ഒരു പ്രശ്നമായി കാണണം. സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങൾ കണ്ടുകൊണ്ട് അതിന് പരിഹാരം കാണാൻ മുന്നോട്ടുവരണം. കർഷകർക്ക് പലിശരഹിത വായ്പ നൽകാൻ നടപടി ഉണ്ടാകണം. വികസന പ്രവർത്തനങ്ങൾ, ആഭ്യന്തര മൂലധനം അതുപോലെ എൻ.ആർ.ഐ.-കളിൽ നിന്നും മൂലധനം സ്വരൂപിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകണം. നമ്മുടെ ദേശസാൽകൃത ബാങ്കുകളിലെ ലാഭവിഹിതം പുറത്തേക്ക് പോകുന്ന അവസ്ഥ ഒഴിവാക്കുന്നതിന്, അത് തടഞ്ഞുനിർത്തിക്കൊണ്ട് സംസ്ഥാനത്തുതന്നെ അത് ചെലവഴിക്കാനുള്ള സാഹചര്യം ഉണ്ടാക്കണം. ബജറ്റ് പ്രസംഗത്തിൽ കുറേ പ്രഖ്യാപനങ്ങളാണ് കേട്ടത്. പ്രേമലേഖനമെഴുതിയാൽ അത് കല്യാണമാകില്ല. താലി കെട്ടണം. ശ്രീ. കടവൂർ ശിവദാസൻ പത്ര സമ്മേളനത്തിൽ പറഞ്ഞതാണ്. ബഡ്ജറ്റ് പ്രസംഗത്തിൽ കുറേ പ്രഖ്യാപനങ്ങൾ കേട്ടു. പഞ്ചായത്തുകളിൽ സ്പോർട്ട്സ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സമുച്ചയം. ഇവിടെ ഫണ്ട് കണ്ടില്ല. അതുപോലെ ഓരോ പ്രഖ്യാപനങ്ങൾ. കൈത്തറി, കർഷകത്തൊഴിലാളികൾക്ക് പെൻഷൻ നൽകുമെന്ന് പറഞ്ഞു. അതൊന്നും കൊടുത്തുതീർന്നിട്ടില്ല. വാർദ്ധക്യകാല പെൻഷൻ കൊടുത്തു തീർന്നതായി കാണുന്നില്ല. ശ്രീ. എം. എം. ഹസ്സൻ ഒരുപാട് കാര്യങ്ങൾ അവസാന പ്രസംഗം എന്ന നിലയിൽ പറയുന്നത് കേട്ടു. ഇവിടെ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്? നേരത്തെ ഇവിടെ ധനാഭ്യർത്ഥന അവതരിപ്പിക്കാൻ മന്ത്രിമാരുടെ പേര് വിളിച്ചപ്പോൾ ആരും തന്നെ ശരിക്ക് പറയുന്നത് കേട്ടില്ല. എന്തൊരു പിടിപ്പുകേടാണ് കണ്ടത്? മുൻകൂട്ടി കണ്ടിട്ടുപോലും അത് അവതരിപ്പിക്കാനും ധനാഭ്യർത്ഥന മേശപ്പുറത്ത് വയ്ക്കാനുമുള്ള ഉത്തരവാദിത്വം ഇവിടത്തെ മന്ത്രിമാർക്ക് കണ്ടില്ല. ഇത്തരത്തിലുള്ള കാര്യങ്ങൾ, നാലര വർഷമായിട്ടും ഈ ഗതികെട്ടയാണ് ഇവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. നമ്മുടെ നാട്ടിൽ ചില കാര്യങ്ങളുണ്ട്. ജില്ലാ അധികാരികളുടെ അടുക്കൽ ലൈസൻസിനു പോകുമ്പോൾ, നേരത്തെ ശ്രീ. ടി. പി. എം. സാഹിർ പറഞ്ഞതുപോലെ പെൻഷനും മറ്റുമായി പോകുമ്പോൾ, പല രേഖകളും അവിടെനിന്നും കിട്ടുന്നില്ല. വരുമാന സർട്ടിഫിക്കറ്റ് കിട്ടുന്നില്ല. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനത്തിന് കുട്ടികൾക്ക് സർട്ടിഫിക്കറ്റ് കിട്ടുന്നില്ല. അതേസമയം വ്യാജരേഖ ഉണ്ടാക്കി പോകുന്ന ആളുകൾക്ക് വിവിധ മേഖലകളിൽ, മദ്യത്തിനു വേണ്ടി ലൈസൻസ് കൊടുക്കുന്ന സംഭവമാണുള്ളത്. വ്യാജൻമാർക്ക് കൂട്ടുനിൽക്കുന്ന സർക്കാരായി ഈ സർക്കാർ മാറിയിരിക്കുകയാണ്.

ശ്രീ. പി. ജയരാജൻ: ശ്രീ. എം. എം. ഹസ്സന്റെ പ്രസംഗം കേട്ടല്ലോ? അദ്ദേഹം പറഞ്ഞത്, സി. ആന്റ്. എ. ജി. - യുടെ റിപ്പോർട്ടനുസരിച്ച് വലിയ നഷ്ടം. ശ്രീ. ആര്യാടൻ മുഹമ്മദ് ഒപ്പിട്ടു കൊടുത്ത, ഇലക്ട്രിസിറ്റി ബോർഡ് ഹൈക്കോടതിയിൽ കൊടുത്ത സത്യവാങ്മൂലത്തിലെ മൂന്നാം ഖണ്ഡികയിൽ പറയുന്നത് നഷ്ടം ഉണ്ടായിട്ടില്ല എന്നാണ്. ആനുപാതികമായി നേട്ടം ഉണ്ടായിട്ടുണ്ടെന്ന് പറയുകയും പൊതുപ്രസംഗത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് പറയുകയും ചെയ്യുന്നത്. ഈ ഗവണ്മെന്റിലെ മന്ത്രിമാരുടെ ആത്മവഞ്ചനയല്ലേ തെളിയിച്ചിരിക്കുന്നതെന്ന് അങ്ങ് മനസ്സിലാക്കുന്നുണ്ടോ?

ശ്രീ. കെ. പി. മോഹനൻ: വഞ്ചന അവരുടെ മുഖമുദ്രയാണ്. അതിന്റെ ഏറ്റവും വലിയ തെളിവാണത്. വ്യാജൻമാർക്ക് കൂട്ടുനിൽക്കുന്ന ഒരു ഭരണമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. അവസാന കാലഘട്ടത്തിൽ ഇനിയെങ്കിലും ഇതിൽനിന്നും പിൻമാറണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ ഈ ഉപധാനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും എതിർക്കുകയാണ്. എതിർക്കാനുള്ള കാരണം, അപ്പുറത്ത് ഭരണ ബഞ്ചിലേക്ക് നോക്കിയാൽ ഇത് അവതരിപ്പിച്ച മന്ത്രിമാർ പോലും ഇവിടെ പറയുന്നത് എന്താണെന്ന് കേൾക്കാൻ അവിടെയില്ല. കക്ഷിനേതാക്കളുടെ കാര്യം എനിക്ക് മനസ്സിലാകും, ബാക്കി 19 മന്ത്രിമാരുള്ളതിൽ, മുഖ്യമന്ത്രി ഇല്ലാത്തതിന് ഞാനൊന്നും പറഞ്ഞില്ലല്ലോ? ഇത് അവതരിപ്പിച്ച മന്ത്രിമാർക്കുപോലും ആത്മാർത്ഥത ഇല്ല. പിന്നെ എന്തിനാണ് ഈ ചർച്ചയിൽ പങ്കെടുത്ത് ഇതിനെ പിന്താങ്ങുന്നത്?

യാതൊരു ആത്മാർത്ഥതയും ഇല്ലാതെ പറയുന്ന, കാര്യങ്ങൾ നടത്തണമെന്നുള്ള ഉദ്ദേശമില്ലാതെ കൊണ്ടുവന്നിരിക്കുന്ന ഉപധനാഭ്യർത്ഥന എന്നുള്ള നിലയിലാണ് ഇതിനെ എതിർക്കുന്നത്. ഈ ഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങൾ മുഴുവൻ കണ്ണടച്ച് എതിർക്കുക എന്ന ഭാവത്തോടുകൂടിയല്ല ഞാൻ ഇവിടെ നിൽക്കുന്നത്. ചില കാര്യങ്ങൾ ചെയ്യുന്നുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. കൃഷിക്കാരുടെ കാര്യം മാത്രം എടുക്കാം. കാർഷിക മേഖലയിൽ വളരെക്കാലമായി ആവശ്യപ്പെട്ടിരുന്ന ചില കാര്യങ്ങൾ ഇപ്രാവശ്യം ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി കൊണ്ടുവന്നു. ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. എനിക്ക് ചോദിക്കാനുള്ളത്, നാലേമുക്കാൽ വർഷം കഴിഞ്ഞു, ഏതാണ്ട് ഭരണം അവസാനിക്കുന്ന കാലയളവിൽ വേണമായിരുന്നോ ഇത്? കുറേ മുൻപേ ആകാമായിരുന്നില്ലേ? ഇപ്പോൾത്തന്നെ ആയിരം രൂപ പെൻഷൻ ഏർപ്പെടുത്തി. നല്ല കാര്യമാണ്. അതുപോരാ. 83 രൂപ ഒരു മാസം കൃഷിക്കാർക്ക് കൊടുക്കുക എന്നുപറഞ്ഞാൽ അത് പിച്ചക്കാശാണ്. അത് അൽപ്പം വർദ്ധിപ്പിക്കണം. അതിന് ഇനിയും സാദ്ധ്യതയുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അക്കാര്യം ആലോചിക്കണം. കാർഷികവിളകൾക്കെല്ലാം വില കൂടി എന്ന് ഇവിടെ പറഞ്ഞു. റബ്ബറിന്റെ വില കൂടി. നല്ല കാര്യമാണ്. ഈ ഗവൺമെന്റ് എന്തെങ്കിലും ചെയ്തിട്ടാണ് റബ്ബറിന്റെ വില കൂടിയത് എന്ന അഭിപ്രായമൊന്നും എനിക്കില്ല. ഇവിടെ മറ്റ് കാർഷിക വിളകളില്ലേ? എന്റെ പ്രദേശത്ത് ചെറുപ്പക്കാർ വ്യാപകമായി കടന്നുവരുന്ന ഒരു കാർഷിക മേഖലയാണ് പൈനാപ്പിൾ കൃഷി. പൈനാപ്പിളിന് വിലയില്ല. വളരെ രുചികരമായതും വിദേശരാജ്യങ്ങളിൽപ്പോലും വളരെയധികം പ്രാധാന്യമർഹിക്കുന്നതുമായ ഒരു ഭക്ഷ്യവിഭവമാണ് പൈനാപ്പിൾ. ചെറുപ്പക്കാർ ഇത്രയേറെ കടന്നുവരുന്ന ഒരു മേഖല വേറെയില്ല. ഈ സാഹചര്യത്തിൽ ഈ കൃഷിയെ സംരക്ഷിക്കാൻ അടിയന്തിരമായ എന്തെങ്കിലും പദ്ധതി, പൈനാപ്പിളിന് താങ്ങുവില പ്രഖ്യാപിക്കാനുള്ള ഒരു പദ്ധതിയെങ്കിലും തയ്യാറാക്കണം. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവന്നിട്ടുള്ളതാണ്. അതുപോലെതന്നെ മറ്റ് പ്രശ്നങ്ങൾ, ഇപ്പോൾ കുരുമുളകിന് വില തീരെയില്ല. കുരുമുളകിന് വിലയില്ലാതെ ബുദ്ധിമുട്ടുന്നുണ്ട്. ഇവിടെ ശ്രീ. സാഹിർ പ്രസംഗിച്ചപ്പോൾ കാപ്പിക്ക് വലിയ വിലയാണ് എന്ന് പറഞ്ഞു. കാപ്പിക്കുരു എന്താണെന്നോ കാപ്പി എന്താണെന്നോ അറിയാത്തതുകൊണ്ടാണ് അദ്ദേഹം അങ്ങനെ പറഞ്ഞത് എന്നാണ് എനിക്ക് തോന്നുന്നത്. കാപ്പി കൃഷിക്കാർ ആകെ ബുദ്ധിമുട്ടിലാണ്. കുറച്ച് വില വർദ്ധിച്ചു, ഞാൻ അത് അംഗീകരിക്കുന്നു. പക്ഷേ അത് പോരാ. ഇതിലെ പ്രശ്നങ്ങൾ ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ, ശ്രീ. സി. മമ്മൂട്ടി എന്നിവർക്കറിയാം. ഈ കാര്യങ്ങളിലൊക്കെ നമുക്ക് എന്ത് ചെയ്യാൻ സാധിക്കുമെന്ന് ആലോചിക്കണം. ഞാൻ സദുദ്ദേശത്തോടുകൂടി പറയുന്ന കാര്യങ്ങളാണ്. ചില കാര്യങ്ങൾക്ക് ബഡ്ജറ്റിൽ ഇപ്രാവശ്യം തുക അനുവദിച്ചിട്ടുണ്ട്. കൃഷിക്കാരെ ഏറ്റവും കൂടുതൽ സഹായിക്കണം എന്ന ഉദ്ദേശത്തോടുകൂടിയാണ് മൂവാറ്റുപുഴ വാലി പദ്ധതി കൊണ്ടുവന്നത്. ഇപ്രാവശ്യം അവതരിപ്പിച്ച ബഡ്ജറ്റിൽ ഏതാണ്ട് അവസാനഘട്ടത്തിലേക്ക് നീങ്ങുന്ന മൂവാറ്റുപുഴ വാലി പദ്ധതിയെ ഈ ഗവൺമെന്റ് മറന്നിരിക്കുന്നു. അത് പൂർണ്ണമായി കമ്മീഷൻ ചെയ്യേണ്ട അവസ്ഥയിൽ എത്തിനിൽക്കുന്നു. ഏതാണ്ട് തീരാൻ പോകുന്ന ഒരു പദ്ധതിയാണ്. ഏഴ് എം.എൽ.എ.-മാരുടെ നിയോജക മണ്ഡലങ്ങളിൽക്കൂടി

LIBRARY ARCHIVES Kerala Legislative Assembly

കടന്നുപോകുന്ന പദ്ധതിയാണ്. ഞാനും ശ്രീ. ടി. എം. ജേക്കബും മാത്രമേ പ്രതിപക്ഷത്തേക്ക് മാറിയിട്ടുള്ളു. ശ്രീ. പി. ടി. തോമസ്, ശ്രീ. വി. ജെ. പൗലോസ്, ശ്രീ. തോമസ് ചാഴികാടൻ, ശ്രീ. സ്റ്റീഫൻ ജോർജ് എന്നീ എം.എൽ.എ.-മാരുടെയൊക്കെ നിയോജകമണ്ഡലങ്ങളിൽ ആയിരക്കണക്കിന് കൃഷിക്കാർക്ക് പ്രയോജനം ചെയ്യുന്ന മൂവാറ്റുപുഴ വാലി പദ്ധതി പൂർത്തീകരിക്കാനുള്ള നടപടിയുണ്ടാകണ്ടേ? അതിനെ ഞെക്കി കൊല്ലുന്ന സ്ഥിതിയിലേക്ക് പോകുന്നു. അത് ശരിയാണോ? പൂർത്തീകരിക്കേണ്ട പദ്ധതികൾക്ക് സർക്കാർ ഒരു മുൻഗണന നിശ്ചയിക്കുമ്പോൾ ഏറ്റവും മുന്തിയ പരിഗണന കൊടുത്ത് പൂർത്തീകരിക്കേണ്ട ഒരു പദ്ധതിയായിരുന്നു എം.വി.ഐ.പി. അതിനെ അനാഥമാക്കി, ഇല്ലാതാക്കുന്ന സ്ഥിതിയിലേക്ക് പോകുന്നു. അത് ശരിയാണോ? അത് പുനരാലോചിക്കണം. അതുപോലെതന്നെ മീനച്ചിൽ പദ്ധതി. എനിക്ക് മീനച്ചിൽ പദ്ധതിയോട് ഒരു എതിരുമില്ല. ഇപ്പോൾ വിഭാവനം ചെയ്തിരിക്കുന്നതുപോലെ മീനച്ചിൽ പദ്ധതി നടപ്പിലാക്കിയാൽ ഒരു ആശങ്ക ഞങ്ങൾക്കുണ്ട്. മീനച്ചിൽ പദ്ധതി നടപ്പിലാക്കണമെന്ന് തന്നെ പറയുന്നു. മീനച്ചിൽ പദ്ധതിക്ക് ഞാൻ എതിരല്ല. മലങ്കരയിൽ നിന്നും വെള്ളം തിരിച്ചുകൊണ്ടുപോയി മീനച്ചിൽ പദ്ധതി ഇന്ന് വിഭാവനം ചെയ്യുന്നതുപോലെ കൊണ്ടുവന്നാൽ, മൂവാറ്റുപുഴ പോലെയുള്ള പ്രദേശങ്ങൾ, മൂവാറ്റുപുഴ ആറിലാണ് 8 കുടിവെള്ള പദ്ധതിയുടെ ശ്രോതസ്സ്. ആ ശ്രോതസ്സ് ഇല്ലാതായി കുടിവെള്ളം പോലും കിട്ടാത്ത ഒരു സ്ഥിതിയിലേയ്ക്ക് വരുമെങ്കിൽ മീനച്ചിൽ പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ അങ്ങേയറ്റം സ്വാഗതം ചെയ്തുകൊണ്ടുതന്നെ, മൂവാറ്റുപുഴയിലെ കുടിവെള്ള പദ്ധതികൾക്ക് തുരങ്കം വയ്ക്കുന്ന വിധത്തിൽ ആകരുത് ആ പദ്ധതി എന്ന കാര്യം കൂടി ഞാൻ ഇവിടെ ഉന്നയിക്കുകയാണ്. അതുകൊണ്ട് അത് എങ്ങനെ പരിഹരിക്കാമെന്നുള്ള കാര്യം നോക്കണം. ഞാൻ ഇതിന് എതിരല്ല. ഞാൻ ആദ്യമേ പറഞ്ഞല്ലോ, അനുകൂലിച്ചു കൊണ്ടുതന്നെ പറയുന്നു. അത് നടപ്പിലാക്കണം. പക്ഷേ മൂവാറ്റുപുഴയിലെ കുടിവെള്ള പദ്ധതികൾ, മൂവാറ്റുപുഴ ആറിൽ വെള്ളമില്ലാത്ത സ്ഥിതി ഉണ്ടാകാതിരിക്കത്തക്ക വിധത്തിൽ പദ്ധതി പുനരാവിഷ്ക്കരിക്കണമെന്നാണ് ഞാൻ പറയുന്നത്. മറ്റൊരു കാര്യം ഇവിടെ സൂചിപ്പിക്കാനുള്ളത്, അങ്ങ് 771 കോടി രൂപ വാർഷിക കമ്മി ഉണ്ടാകുമെന്നാണ് പറഞ്ഞത്. അങ്ങ് ഇന്നലെ മറുപടി പറഞ്ഞപ്പോൾ വളരെ ശ്രദ്ധാപൂർവ്വം ഞാൻ കേട്ടിരുന്നു. അങ്ങ് ഇന്നലെയും യാഥാർത്ഥ്യം മറച്ചുവച്ചു. ഈ നിയമസഭയിൽ ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ഉൾപ്പെടെയുള്ള ആളുകൾ കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ചില കാര്യങ്ങൾ പറഞ്ഞു. അങ്ങ് റെസീപ്റ്റ്സുകൂടി കണക്കിലെടുത്താണ് ഇതെല്ലാം പറഞ്ഞതെന്നാണ് ഈ രേഖകൾ മുഴുവൻ പരിശോധിച്ചപ്പോൾ മനസ്സിലായത്. 3,000 കോടി രൂപയുടെ എങ്കിലും കമ്മി ഉണ്ടാകുമെന്നാണ് ഞാൻ ഈ ബഡ്ജറ്റ് രേഖകളും മതിയായ മറ്റ് രേഖകളും ഒക്കെ നോക്കിയപ്പോൾ മനസ്സിലായത്. അങ്ങ് പറഞ്ഞല്ലോ, ധനസ്ഥിതി മെച്ചമെന്ന്. ധനസ്ഥിതി മെച്ചമെന്ന് അങ്ങ് പറഞ്ഞപ്പോൾ സത്യത്തിൽ കേരളത്തിലെ ജനങ്ങളെ മുഴുവൻ കബളിപ്പിക്കുകയല്ലേ ചെയ്തത്? ഞാൻ അതിനുമപ്പുറം ഒന്നും പറയുന്നില്ല. എന്താണ് ഇപ്പോൾ കേരളത്തിലെ സ്ഥിതി? 30-3-2004 വരെയുള്ള ബില്ലുകൾ മാത്രമല്ലേ പി.ഡബ്ല്യു.ഡി. കരാറുകാർക്ക് കൊടുത്തിട്ടുള്ളത്? 1300 കോടി രൂപ കുടിശ്ശികയാണ്. 1300 കോടി രൂപ കൊടുക്കാൻ വേണ്ടി എന്തെങ്കിലും തുക ഈ

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ടോ? ഇല്ലല്ലോ? ധാരാളം വികസന കാര്യങ്ങൾ നടക്കുന്നു. ആ വികസന കാര്യങ്ങൾ നടക്കുമ്പോൾ വികസന പ്രക്രിയയിൽ പങ്കാളികളാകുന്ന കരാറുകാരെ നിരാശരാക്കിയിട്ട് വേണോ നമുക്ക് മുന്നോട്ടുപോകാൻ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി കരാറുകാരുടെ സംഘടനാ നേതാക്കളെ വിളിച്ചുവരുത്തി ചില കാര്യങ്ങൾ അവരോട് പറഞ്ഞിരുന്നു. ഓരോ മൂന്ന് മാസവും റിട്ടേൺ സമർപ്പിക്കാനുള്ള വ്യവസ്ഥ മാറ്റി, വർഷത്തിൽ ഒരു പ്രാവശ്യം ആക്കണം. പാർട്ട് ബിൽ പോലും പേയ്മെന്റ് ലഭിക്കുന്നതിന് വേണ്ടി സെയിൽസ് ടാക്സ് ഓഫീസിൽ പോയി ടാക്സ് അടയ്ക്കണമെന്നുള്ള രീതി ഒഴിവാക്കണം. ഇക്കാര്യങ്ങളിൽ മുഖ്യമന്ത്രി സംഘടനക്കാർക്ക് ഉറപ്പ് കൊടുത്തു. അങ്ങയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ അതിനെക്കുറിച്ച് ഒന്നും പറഞ്ഞില്ല. കേരളത്തിന്റെ വികസന പ്രക്രിയയിൽ കാര്യമായ സേവനം ചെയ്യുന്ന ഒരു സംഘടനയായ ആൾ കേരള ഗവൺമെന്റ് കോൺട്രാക്റ്റേഴ്സ് അസോസിയേഷനുമായി ഉണ്ടാക്കിയ ധാരണ അനുസരിച്ചുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ ഈ ഗവൺമെന്റ് ശ്രമിക്കേണ്ടതായിരുന്നു എന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ മുഖ്യമന്ത്രി കൊടുത്ത കുറേ ഉറപ്പുകളുണ്ട്. സെയിൽസ് ടാക്സ് രംഗത്തുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ആ നിവേദനങ്ങൾ കൂടി പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ 15 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ പണികൾക്കും ഡിപ്പാർട്ടുമെന്റിൽ നിന്ന് tar നൽകുന്നതിന് വേണ്ടിയുള്ള ഉത്തരവ് പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് മുഖ്യമന്ത്രി ആവശ്യപ്പെട്ട ഒരു കാര്യമാണ്. പക്ഷേ അത് നടപ്പിലായിട്ടില്ല. കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തീർക്കുന്നതിന് കേരള റോഡ് ഫണ്ടിലേക്ക് ലോൺ തരാൻ ബാങ്കുകാർ തയ്യാറാണ്. അതിനാവശ്യമായ കാര്യവും മുഖ്യമന്ത്രി അംഗീകരിച്ചു. അത് അംഗീകരിച്ചപ്പോൾ അതിന് വേണ്ട നടപടിക്രമങ്ങളിലേക്ക് പോകണ്ടേ? അതിനു വേണ്ട നടപടിക്രമങ്ങളിലേക്ക് പോകണം. അതുപോലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം, വ്യവസായ മേഖലയെക്കുറിച്ചും പരമ്പരാഗത വ്യവസായ മേഖലയെക്കുറിച്ചുമൊക്കെ വളരെ ആവേശത്തോടുകൂടി പലരും പറയുന്നത് കേട്ടു. 400-ഓളം ഫാക്ടറികളിലായി മുപ്പതിനായിരത്തിലേറെ ആളുകൾക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ കിട്ടുന്ന ഒരു മേഖലയാണ്. ആ മേഖലയിൽ ഇന്ന് വലിയ ഒരു പ്രതിസന്ധിയുണ്ടായിരിക്കുന്നു. ആ പ്രതിസന്ധിക്ക് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ട് അതിന്റെ അസോസിയേഷൻ നൽകിയ നിവേദനം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പക്കലുണ്ട്. അവർ പ്രധാനമായി പറയുന്നത് ഇതിനെ പീഡിത വ്യവസായമായി അംഗീകരിക്കണമെന്നാണ്. ഇക്കാര്യത്തിൽ നമുക്ക് എന്ത് ചെയ്യാൻ കഴിയും? വ്യവസായ മേഖലയെ പുനരുദ്ധരിക്കാൻ വേണ്ടി പ്രത്യേകിച്ച് പീഡിത വ്യവസായരംഗത്തെ ഉദ്ധരിക്കാൻ വേണ്ടി ധാരാളം കാര്യങ്ങൾ ചെയ്യുന്നുയെന്നു പറയുന്നവരല്ലേ? തീർച്ചയായും ഈ വ്യവസായത്തെ ഒരു പീഡിത വ്യവസായമാക്കിക്കൊണ്ട് കഴിഞ്ഞ 10 വർഷം ഈ കമ്പനികൾ അടച്ച സി.എസ്.ടി. രൂൽകാലങ്ങളിലേതു പോലെ പലിശ ഒഴിവാക്കി ലോണായി നൽകുകയും 10 വർഷം കൊണ്ട് അത് സർക്കാരിലേക്ക് തിരിച്ച് അടയ്ക്കുകയും ചെയ്ത, സാമ്പത്തികമായി തകർന്നിരിക്കുന്ന ഫാക്ടറികളെ

1.00 P.M.]

LIBRARY ARCHIVES Kerala Legislative Assembly

രക്ഷപ്പെടുത്തണമെന്ന ആവശ്യമാണ് ആ സംഘടനാക്കാർ മുന്നോട്ടുവച്ചിരിക്കുന്നത്. കൊള്ളിയും പെട്ടിയും ഉണ്ടാക്കാൻ ഉപയോഗിക്കുന്ന പാഴ്മരങ്ങളുടെ പർച്ചേഴ്സ് ആന്റ് റിബേറ്റ് തന്നിട്ടുണ്ടെങ്കിലും വാറ്റിൽ മൂന്നാം ഷെഡ്യൂളിലാണ് പെടുത്തിയിരിക്കുന്നത്. ഒന്നാം ഷെഡ്യൂളിലേക്ക് ഈ പരമ്പരാഗത വ്യവസായത്തെ നിലനിർത്താൻ സഹായിക്കണമെന്ന ആവശ്യവും ഈ സംഘടന മുന്നോട്ടുവച്ചിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട ചില ആവശ്യങ്ങൾ, ഈ നാട്ടിലെ പാവപ്പെട്ട ആളുകൾ, അവർ ജീവിക്കാൻ വേണ്ടി ഒരു തൊഴിൽ എന്നുള്ള നിലയിൽ കൊണ്ടുപോകുന്ന ഇതുപോലെയുള്ള പീഡിത വ്യവസായങ്ങളെ ഉദ്ധരിക്കാൻ ആവശ്യമായ നടപടിക്രമങ്ങൾ തീർച്ചയായും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ധനസ്ഥിതി മെച്ചമെന്നു പറയുമ്പോൾ എൽ.സി. ഇഷ്യൂ ചെയ്തിട്ടില്ല എന്നുള്ള കാര്യം കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ടി. എം. ജേക്കബ് ഇവിടെ ഉന്നയിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കും എന്താണ് ഇക്കാര്യത്തിൽ പറയാനുള്ളത് ? 2004 ഏപ്രിൽ മാസം 30-ാം തീയതിക്കുശേഷം പി.ഡബ്ല്യു.ഡി.-യിലെ ഏതെങ്കിലും കാര്യത്തിൽ ചെക്ക് ഇഷ്യൂ ചെയ്യാനായിട്ടുള്ള എൽ.സി. ഇഷ്യൂ ചെയ്തിട്ടുണ്ടോ? ഇല്ലല്ലോ. കൂടിശിക തീർത്ത് ഞങ്ങൾ അത് ചെയ്തു ഇത് ചെയ്തുയെന്നു പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്. അതുകൊണ്ട് ഇവിടെ പറയുന്ന കാര്യങ്ങൾ, നടപ്പിലാക്കാനുള്ള ആത്മാർത്ഥത, അതാണ് ഒരു ഗവൺമെന്റിന് ഉണ്ടാകേണ്ടത്. ഈ പ്രാവശ്യത്തെ ബഡ്ജറ്റ് പ്രസംഗത്തിൽപ്പോലും എത്രയോ കാര്യങ്ങൾ പറഞ്ഞിരിക്കുന്നു. ബഡ്ജറ്റ് പ്രസംഗത്തിൽ ഞാൻ ഇത് പറയുമ്പോൾ എന്റെ നിയോജകമണ്ഡലത്തിലുള്ള ഒരു സ്ഥിതി കഴിഞ്ഞ മൂന്ന് മൂന്നര വർഷക്കാലം ഐക്യജനാധിപത്യ മുന്നണിയോടൊപ്പം നിന്ന് അതിശക്തമായി ഐക്യജനാധിപത്യമുന്നണിയെ പിന്തുണച്ചുവന്ന ഒരു മെമ്പർ എന്നുള്ള നിലയിൽ ഇപ്പോൾ പ്രതിപക്ഷത്തേക്ക് മാറിയതുകൊണ്ട് മാത്രം പറയുന്നതല്ല. അങ്ങ് ആലോചിക്കണം. ഈ നിയമസഭയിൽ നിരവധി നയപ്രഖ്യാപന പ്രസംഗങ്ങളിലും അതുപോല ബഡ്ജറ്റ് പ്രസംഗങ്ങളിലും ഒക്കെ പറഞ്ഞ ചില കാര്യങ്ങൾ. അനവധി കാര്യങ്ങളിലേക്ക് ഞാൻ പോകുന്നില്ല. എന്റെ നിയോജക മണ്ഡലത്തിലെ ഒരു ഫയർ സ്റ്റേഷന്റെ കാര്യം മാത്രം പറയാം. അങ്ങ് ഈ പ്രാവശ്യം നയപ്രഖ്യാപന പ്രസംഗത്തിൽ കല്ലൂർക്കാട് ഫയർ സ്റ്റേഷന്റെ കാര്യം പറഞ്ഞു. രണ്ട് വർഷമായി കെട്ടിടം പണിത് ബോർഡും എഴുതി ഉദ്യോഗസ്ഥ മേധാവികൾ വന്ന് മനോഹരമാണ്, ഏറ്റവും നല്ലതാണ്, എന്നൊക്കെ പറഞ്ഞു പോന്നിട്ട് അത് ഉദ്ഘാടനം ചെയ്തു തരാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകാതിരുന്നത് പ്രതികാര നടപടി മാത്രം കൊണ്ടാണ്. അത് ശരിയാണോ? അതുകൊണ്ട് ഇന്ന് മുഖ്യമന്ത്രിയുടെ ചുമതലയുള്ള ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയട്ടെ, ഈ ഗവൺമെന്റ് അതിന്റെ കാലാവധി തീരാൻ പോകുന്ന ഈ സന്ദർഭത്തിലെങ്കിലും ആ പ്രദേശത്തെ ജനങ്ങൾ കഴിഞ്ഞ പ്രാവശ്യം ഐക്യജനാധിപത്യമുന്നണിക്ക് ഒപ്പം നിന്നവരാണ്. ആ ജനങ്ങളോട് അല്പമെങ്കിലും ആത്മാർത്ഥത ഉണ്ടെങ്കിൽ ആ ഗവൺമെന്റിനുവേണ്ടി പ്രഖ്യാപിച്ച, ആ ഗവൺമെന്റിനുവേണ്ടി പരസ്യമായി പല വേദികളിലും പറഞ്ഞ ആ ഫയർ സ്റ്റേഷൻ തുറന്നുതരണം. അവിടത്തെ എം.എൽ.എ.-യോട് പ്രതികാരം ചെയ്തോ. പക്ഷേ അവിടത്തെ ജനങ്ങളോട് നിങ്ങൾ പ്രതികാരം ചെയ്യരുത്.

GPM. 2/153/2013—32

LIBRARY ARCHIVES Kerala Legislative Assembly

അത് ഉദ്ഘാടനം ചെയ്ത് ആ ജനങ്ങളെ സന്തോഷിപ്പിക്കണം എന്ന് ഞാൻ ഇത്തരണത്തിൽ ആവശ്യപ്പെടുകയാണ്. അതുകൊണ്ട് കേവലം പ്രഖ്യാപനങ്ങൾ മാത്രമായി മാറുന്നു യാഥാർത്ഥ്യത്തിലേക്ക് അല്പംപോലും ചിന്തിക്കാതെ പ്രഖ്യാപനങ്ങളായി മാത്രം പോകുന്ന ഒരു ഗവൺമെന്റ് അതിനുവേണ്ടി കൊണ്ടു വന്നിരിക്കുന്ന ഒരു ഉപധനാഭ്യർത്ഥന ആത്മാർത്ഥതയില്ലാതെ കൊണ്ടുവന്നിരിക്കുന്നു. അങ്ങനെ ആത്മാർത്ഥത ഇല്ലാതെ കൊണ്ടുവന്നിരിക്കുന്ന ഒരു ഉപധനാഭ്യർത്ഥന എന്നുള്ള നിലയിൽ ഞാൻ ഇതിനെ ശക്തമായി എതിർക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, 2005-06 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്മേലുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെയും വിവിധ വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും പിന്താങ്ങുന്നു. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ നാലേമുക്കാൽ വർഷം കൊണ്ട് സാമ്പത്തികമായി തകർന്ന നിലയിൽനിന്ന് വളരെയേറെ പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞുയെന്നുള്ളതിൽ ഞാൻ ഈ ഗവൺമെന്റിന്റെ തുടക്കത്തിൽ ഉണ്ടായിരുന്ന ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി കെ. ശങ്കരനാരായണനെയും ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. വക്കം പുരുഷോത്തമനെയും മുക്തകണ്ഠം അഭിനന്ദിക്കുകയാണ്. ഒരു ധനകാര്യ മാനേജുമെന്റിന് എങ്ങനെ ഒരു സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ക്രിയാത്മകമായ വ്യതിയാനം വരുത്താൻ കഴിയും എന്നുള്ളതിന് ഏറ്റവും വലിയ തെളിവാണ് കഴിഞ്ഞ നാലേമുക്കാൽ വർഷത്തെ കേരളത്തിന്റെ ധനകാര്യമാനേജുമെന്റ് എന്നുള്ളത് ഏത് നിഷ്പക്ഷമതികളെയും സംബന്ധിച്ച് അംഗീകരിക്കാൻ കഴിയുന്ന കാര്യമാണ്. ഈ സംസ്ഥാനത്തിന്റെ ഇതുവരെയുണ്ടായ ചരിത്രം പരിശോധിച്ചാൽ മാറിമാറി വന്ന എല്ലാ ഗവൺമെന്റുകളും അതാതു കാലത്തെ കൈയ്യടി രാഷ്ട്രീയത്തിനുവേണ്ടി മാത്രം ധനകാര്യ മാനേജുമെന്റുകളെ വളച്ചൊടിച്ചും ഞെരിച്ചൊടിച്ചും കൊണ്ട് പോയ സമ്പദ്ഘടനായാത്രയിൽ നിന്നും കൃത്യതയോടു കൂടിയ ഒരു വ്യതിചലനമാണ് ഈ കാലയളവിൽ ഉണ്ടായത് എന്ന് പ്രത്യേകം എടുത്ത് പറയാൻ ആഗ്രഹിക്കുകയാണ്. ചെലവ് ചുരുക്കി ഇനിയും നമ്മുടെ സമ്പദ്ഘടനയെ ഏറെ മുന്നോട്ടുകൊണ്ടുപോയാൽ മാത്രമേ വികസനപ്രക്രിയയിൽ പ്രത്യുല്പാദനപരമായ മേഖലയിലും നമുക്ക് എന്തെങ്കിലും ചെയ്യാൻ കഴിയു. ഇന്ന് കേരള രാഷ്ട്രീയവും കേരളത്തിലെ ജനങ്ങളും ചർച്ച ചെയ്യപ്പെടുന്ന ഏറ്റവും വേദനാജനകമായ ഒരു കാര്യം രാഷ്ട്രീയക്കാരെക്കുറിച്ചുള്ള ഒരു തെറ്റായ ധാരണയാണ്. എല്ലാ രംഗത്തുമുള്ള രാഷ്ട്രീയക്കാർ അഴിമതിക്കാരും കൊള്ളരുതാത്തവരും കള്ളന്മാരുമാണെന്ന രീതിയിലുള്ള വേദനാജനകമായ ഒരു സാമൂഹിക അന്തരീക്ഷം സമൂഹത്തിൽ അറിഞ്ഞും അറിയാതെയും ഉണ്ടാവുകയാണ്. രാഷ്ട്രീയത്തിൽ വളരെ പരിമിതമായ ആളുകൾ മാത്രമാണ് തെറ്റായ പ്രവണതയിലൂടെ പണം സമ്പാദിക്കുന്നതും അഴിമതി നടത്തുന്നതും. നന്നായി രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന, സാമൂഹ്യ സേവനം നടത്തുന്ന, ജനങ്ങൾക്കിടയിൽ ത്യാഗപൂർവ്വമായ പ്രവർത്തനം നടത്തുന്ന, ജനസേവനമാണ് ജീവിത ലക്ഷ്യമെന്നു ആശയത്തോടുകൂടി പോകുന്ന സ്വകാര്യ ജീവിതവും കുടുംബ ജീവിതവും എല്ലാം മറന്ന് സമൂഹത്തിനുവേണ്ടി സമർപ്പിച്ചിട്ടുള്ള നിരവധി രാഷ്ട്രീയ നേതാക്കന്മാരും പ്രവർത്തകന്മാരും നമ്മുടെ നാട്ടിലുണ്ട്; ഈ സഭയിലുണ്ട്. ഇന്ന് എന്താണ് മാധ്യമങ്ങളിലെല്ലാം വരുന്നത്; എല്ലാവരും കള്ളന്മാരാണ്,

LIBRARY ARCHIVES Kerala Legislative Assembly

എല്ലാവരും കൊള്ളരുതാത്തവരാണ് എന്ന രീതിയിലുള്ള വലിയ വ്യാഖ്യാനങ്ങളും ഉണ്ടായിരിക്കുകയാണ്. ഞങ്ങളെപ്പോലെയുള്ള പുതിയ തലമുറയിലെ സാമൂഹിക പ്രവർത്തകന്മാർക്കും ജനപ്രതിനിധികൾക്കും അങ്ങേയറ്റം വേദനയുണ്ട്. രാഷ്ട്രീയം എന്നുള്ളത് ഒരു ഉപജീവനത്തിന്റെ മാർഗ്ഗമായി കാണുന്നവരല്ല ഞങ്ങളെല്ലാവരും. രാഷ്ട്രീയം എന്നുള്ളത് ഏതെങ്കിലും ഒരു വ്യക്തി താല്പര്യത്തിനുവേണ്ടിയുള്ളതായി കാണുന്നവരല്ല. ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനുവേണ്ടിയുള്ള രാഷ്ട്രീയ പ്രവർത്തനം അല്ല രാഷ്ട്രീയം എന്നു കാണുന്നവരാണ് ഞങ്ങളെപ്പോലെയുള്ള പുതിയ തലമുറയിലെ ആളുകൾ. ഞങ്ങളൊക്കെ കാണുന്നത് രാഷ്ട്രീയം എന്നുള്ളത് സാമൂഹ്യ സേവനമാണ്; ജനസേവനമാണ്. സമൂഹത്തിൽ ദുർബ്ബലരായ ആളുകളെ; അവരുടെ ജീവിതം പുരോഗതിയിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഏറ്റവും വലിയ ആയുധമാണ് രാഷ്ട്രീയം. അതിന്റെ ഭാഗമാണ്, ജനപ്രതിനിധികളും സാമൂഹ്യ സേവനവും എന്ന് വിശ്വസിക്കുന്നവരാണ് ഞങ്ങളെല്ലാവരും. അതുകൊണ്ട് സമൂഹം മൊത്തമായും ഇന്ന് അഴിമതിയിൽ മുങ്ങിയതാണെന്നുള്ള മാധ്യമ വ്യാഖ്യാനങ്ങൾപോലും ഞങ്ങൾക്ക് ഏറെ വേദനയുണ്ട് എന്ന് പ്രത്യേകം എടുത്ത് പറയട്ടെ. എന്താണ് അതിന് അടിസ്ഥാനപരമായ കാരണം. ഏറ്റവും അവസാനം ലാവ്‌ലിൻ കേസ് വന്നതിനു ശേഷമാണ് ഭരിക്കുന്നവരായാലും പ്രതിപക്ഷത്തിരിക്കുന്നവരായാലും എല്ലാവരും ഒന്നിച്ച് പങ്കുവയ്ക്കുന്നുയെന്ന രീതിയിലുള്ള ദുർവ്യാഖ്യാനം ഉണ്ടായിട്ടുള്ളത്. അതാണോ വസ്തുത? ലാവ്‌ലിനുമായി ബന്ധപ്പെട്ട് ഈ സഭയിലും പുറത്തും ഇതിനുമുമ്പും അവിശ്വാസ പ്രമേയ ചർച്ചയിലും അല്ലാത്ത സന്ദർഭങ്ങളിലുമൊക്കെ വളരെയേറെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. യു.ഡി.എഫ്.-ന്റെ കാലത്ത് അന്നത്തെ വൈദ്യുതി മന്ത്രിയായിരുന്ന ശ്രീ. ജി. കാർത്തികേയൻ കേവലം കൺസൾട്ടേറ്റീവ് കരാർ മാത്രം ഉണ്ടാക്കിയ ഒരു കാര്യത്തിന് ധനകാര്യ കരാർ ഉണ്ടാക്കിയത് ആരാണെന്നുള്ളതിനും വ്യക്തമായ തെളിവുണ്ട്. നമ്മുടെ മുൻ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എസ്. വരദാചാര്യ കഴിഞ്ഞ ദിവസം ഒരു പ്രസ്താവന ഇറക്കുക ഉണ്ടായി. നമ്മളെല്ലാവരും വായിച്ചു കാണും. അദ്ദേഹം പറഞ്ഞു ഇതുമായി ബന്ധപ്പെട്ട കരാർ ഉണ്ടാക്കുന്നതിനുമുമ്പ് അന്ന് ധനകാര്യ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി എന്നുള്ള നിലയിൽ ഡെപ്യൂട്ടി ചീഫ് സെക്രട്ടറിയായി റിട്ടയർ ചെയ്ത ആളാണ്; അദ്ദേഹം എഴുതി ഇത് ഒരു കാരണവശാലും നടക്കുന്ന കാര്യമല്ല. ഇത് അനുവദിക്കാൻ പാടുള്ളതല്ല. കാനഡ കമ്പനിയുമായുള്ള ഇടപാടിനെ എതിർത്ത് അദ്ദേഹം കുറിപ്പ് നൽകിയപ്പോൾ അന്ന് ബഹുമാന്യനായ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. പിണറായി വിജയന്റെ ഒരു കുറിപ്പ് ആ ഫയലിലുണ്ട്. ഈ ഉദ്യോഗസ്ഥന്റെ തല പരിശോധിക്കണമെന്നാണ് ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ. എസ് വരദാചാരിയെക്കുറിച്ച് അന്നത്തെ വൈദ്യുതി മന്ത്രിയായിരുന്ന ശ്രീ. പിണറായി വിജയന്റെ കുറിപ്പ്. ശ്രീ. വരദാചാര്യ എന്താണ് പറഞ്ഞത്? ഇത് സംസ്ഥാനത്തിന് നേട്ടമുള്ളതല്ല. 248 കോടി രൂപയുടെ ഇടപാടിനുപകരം ആശുപത്രിക്ക് 100 കോടിയോളം ഗ്രാന്റ് കിട്ടുമെന്നു പറയുന്നത് അർത്ഥശൂന്യമാണെന്നാണ് ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി എഴുതിയത്. അങ്ങനെ എഴുതിയതിനാണ് തല പരിശോധിക്കണം എന്ന് പറഞ്ഞത്. ഇതിനർത്ഥം ഈ ഇടപാട്, ലാവ്‌ലിൻ ഇടപാട്

LIBRARY ARCHIVES Kerala Legislative Assembly

നടത്തരുത് എന്ന് നമ്മുടെ സംസ്ഥാനത്തിന്റെ സെക്രട്ടറി റിട്ടൺ നോട്ട് എഴുതി കൊടുത്തതിനുശേഷം അങ്ങനെ ആ ഉദ്യോഗസ്ഥന്റെ തലയ്ക്ക് അസുഖമാണെന്ന രീതിയിൽ എഴുതിയ വൈദ്യുതി മന്ത്രിയുണ്ടായിരുന്ന നാടാണിത്. അത്തരത്തിലുള്ള വ്യാഖ്യാനങ്ങൾ അത്തരത്തിലുള്ള നയപരമായ തീരുമാനങ്ങളാണ് രാഷ്ട്രീയക്കാരെ കുറിച്ചുള്ള തെറ്റായ ധാരണ കൂടുതൽ ശക്തമായി നമ്മുടെ സമൂഹത്തിൽ ഉണ്ടാകുവാൻ കാരണം. ബാലാനന്ദൻ കമ്മീഷൻ റിപ്പോർട്ട് ഞങ്ങളെല്ലാവരും ലാവ്‌ലിൻ വന്നതിനുശേഷം വായിച്ചു പഠിക്കുവാൻ തയ്യാറായി. ബാലാനന്ദൻ കമ്മീഷൻ റിപ്പോർട്ടിൽ വളരെ വ്യക്തമായും ശ്രീ. ജി. കാർത്തികേയൻ മന്ത്രിയായിരിക്കുമ്പോൾ ഉണ്ടാക്കിയ കൺസൾട്ടൻസി കരാറിനുശേഷമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ മെമ്പറായിരുന്ന ശ്രീ. ഇ. ബാലാനന്ദൻ, ഇവിടെ എം.എൽ.എ. ആയ ശ്രീ. രാജൻ ഉൾപ്പെടെയുള്ള ആളുകൾ, കെ. എൻ. രവീന്ദ്രൻ, സി. ദിവാകരൻ അവരൊക്കെയുള്ള ബാലാനന്ദൻ കമ്മീഷൻ റിപ്പോർട്ട് ഞങ്ങളെല്ലാവരും വായിച്ചു പഠിക്കുവാൻ ഇടയായി. വളരെ ക്ലിയറായി, യാതൊരു കാരണവശാലും അന്ന് ശ്രീ. പിണറായി വിജയൻ നമ്മുടെ സെക്രട്ടറി പോലുമല്ല. അന്ന് കേവലം പാർട്ടി സെക്രട്ടേറിയറ്റ് അംഗം മാത്രമായ ശ്രീ. പിണറായി വിജയൻ, വൈദ്യുതി ബോർഡ് ഇത് നടപ്പിലാക്കുവാൻ പാടില്ലായെന്ന് പോളിറ്റ് ബ്യൂറോ മെമ്പറായ ശ്രീ. ഇ. ബാലാനന്ദൻ നൽകിയ വിദഗ്ധ കമ്മിറ്റി റിപ്പോർട്ട് മാറ്റിവച്ചുകൊണ്ടാണ് ലാവ്‌ലിനുമായിട്ടുള്ള ധനകാര്യ കരാർ ഒപ്പുവച്ചത്. അതുമൂലമുണ്ടായ നഷ്ടം. അതെല്ലാം കേരളത്തിനു മുന്നിലെ രാഷ്ട്രീയക്കാരെക്കുറിച്ചുള്ള ധാരണയുണ്ടാക്കുന്നതിന് വളരെയേറെ കാരണമായിട്ടുണ്ട്. അതുകൊണ്ട് അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന ജനപ്രതിനിധി എന്നുള്ള വികാരമല്ല നമ്മുടെ മുമ്പിൽ ഉണ്ടാകേണ്ടത്. ഒരു ജനപ്രതിനിധി എന്ന നിലയിൽ സമൂഹം നമ്മളെ ഭൂതക്കണ്ണാടിവച്ചു നോക്കുന്നുണ്ട്. നാം ഇവിടെ ട്രാൻസ്പരൻസിയോടുകൂടി ജീവിക്കേണ്ടവരാണ്. ഒരു പൊതു പ്രവർത്തകന്റെ ജീവിതം തുറന്ന പുസ്തകമാണ്. ജനങ്ങൾക്ക് അത് പരിശോധിക്കുവാനുള്ള പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. നമ്മുടെ ഒരു ചെറിയ നിഴൽ പോലും, നമ്മുടെ ഒരു ചെറിയ കുത്തുപോലും ജനങ്ങൾ വളരെ സൂക്ഷ്മതയോടുകൂടി കാണും. അത് നാളെ സമൂഹത്തിന് മൊത്തമായി കറുത്ത പാടാകും. അതുകൊണ്ട് ലാവ്‌ലിൻ അഴിമതി ഉൾപ്പെടെയുള്ള ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ രാഷ്ട്രീയ പ്രവർത്തകർക്ക് ഉണ്ടാക്കിയിരിക്കുന്ന ഇന്നത്തെ ഏറ്റവും ദുരന്തമായ ഒരു സാഹചര്യമൊഴിവാക്കുവാൻ, മേലിലെങ്കിലും ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെടെയുള്ളവർക്ക് കൊടുത്ത നിർദ്ദേശങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ ധനകാര്യം കൈകാര്യം ചെയ്യുന്ന ആളുകൾ ആരാണെങ്കിലും അവരെല്ലാം സ്റ്റേറ്റിന്റെ പൊതു ഇന്ററസ്റ്റ് കണക്കിലെടുത്തുകൊണ്ട്, നമ്മുടെ പൊതു ധനം നഷ്ടപ്പെടുത്താതിരിക്കുവാൻ വേണ്ടി സൂക്ഷ്മതയോടുകൂടിയ ഒരു പൊതു സാമൂഹ്യ പ്രവർത്തനം നടത്തണം. എല്ലാ രാഷ്ട്രീയക്കാരും അഴിമതിക്കാരല്ല, എല്ലാ രാഷ്ട്രീയക്കാരും കൊള്ളക്കാരല്ല. രാഷ്ട്രീയം ഉപജീവനമായി ജീവിക്കുന്ന ആളുകളല്ല. സാമൂഹ്യ സേവനം രാഷ്ട്രീയത്തെ ലക്ഷ്യമാക്കുന്നവർ

LIBRARY ARCHIVES Kerala Legislative Assembly

ഇന്നുമുണ്ട്. പഴയ തലമുറയിൽമാത്രമല്ല പുതിയ തലമുറയിലും ഉണ്ട്. അവർക്കുനേരെ കരിവാരി എറിയരുത്, അവർക്കു നേരെ കരി ഓയിൽ ഒഴിക്കരുത് എന്നുകൂടി ഈ സന്ദർഭത്തിൽ പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. വി. കെ. ചന്ദ്രൻ]

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളേയും എതിർക്കുകയാണ്. 19 മന്ത്രിമാർക്കുവേണ്ടി ഇവിടെ ഉപധനാഭ്യർത്ഥനകൾ കൊണ്ടുവന്നിരിക്കുകയാണ്. ആ കാശ് മേടിച്ചെടുക്കുവാൻ വേണ്ടിയെങ്കിലും ആ മന്ത്രിമാർ വന്നിരിക്കേണ്ടേ? എത്രപേരുണ്ട്? ബഹുമാനപ്പെട്ട വക്കംജി ഉണ്ട്. ശ്രീമതി ഗൗരിയമ്മയുണ്ട്. മാണി സാറുണ്ട്. ബാക്കിയുള്ളവരെല്ലാം അവരവരുടെ വഴിക്കു പോയി. നിങ്ങൾ, എം.എൽ.എ.-മാർ വെറുതേ കൈപൊക്കി കൊടുക്കുന്നതുകൊണ്ടാണ് ഈ മന്ത്രിമാരൊന്നും ഇവിടെ ഇല്ലാത്തത്. അവർ അവരുടെ വഴിക്കു പോയി. ചെയ്തോ എനിക്ക് ഒരു വിരോധവുമില്ല. നിങ്ങൾ കൈ പൊക്കിക്കൊട്. അവസാനത്തെ പൊക്കല്ലേ? പൊക്കിക്കൊട്. പക്ഷേ ഒരു കാര്യമുണ്ട്. കഴിഞ്ഞ ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട വക്കം പുരുഷോത്തമനോടു പറഞ്ഞു ആ ബാർ ലൈസൻസ് കൊടുത്തത് ശരിയായില്ല. അതൊന്ന് വിശദീകരിക്കണമെന്ന് അദ്ദേഹം ഇന്നലെ നട്ടാൽ കുരുക്കാത്ത നുണയാണ് സഭയിൽ പറഞ്ഞത്. എന്നിട്ട് ആ കടലാസ് അദ്ദേഹം വായിച്ചു. ഉദ്യോഗസ്ഥർ, ബ്യൂറോക്രസിയുടെ ഭരണമാണല്ലോ ഇവിടെ നടക്കുന്നത്. ആ ഉദ്യോഗസ്ഥർ എഴുതിക്കൊടുത്തതെല്ലാം കൂടി ഇവിടെ വായിച്ചു. വേണമെങ്കിൽ ജോർജിന് ഇന്നാ എന്നു പറഞ്ഞു. അന്നേരം മുതൽ കൈകൂപ്പിയും കയ്യും പിടിച്ച് ഇങ്ങനെ നിൽക്കുകയാണ്. ഇതുവരെ സാധനം കിട്ടിയില്ല. അത് അദ്ദേഹത്തിന്റെ കയ്യിലിരിക്കുകയാണ്. ഞാൻ പരിശോധിച്ചു. അങ്ങ് ഒരു കാര്യം ചെയ്യണം. അന്വേഷിക്കണം. മംഗളം പത്രത്തിൽവന്ന വാർത്തയുടെ അടിസ്ഥാനത്തിലാണ് എന്നൊക്കെ അങ്ങ് ഇവിടെ പറഞ്ഞു. ഞാനിന്നലെ മംഗളം പത്രത്തിന്റെ കാര്യം ഇവിടെ പറഞ്ഞതുകൊണ്ട് എടുത്തു വായിച്ചു. സാധാരണക്കാരും പാവപ്പെട്ടവരുമൊക്കെ വായിക്കുന്ന ഒരു പത്രമാണ്. അത് ഒരു മോശമായ പത്രമാണെന്ന് അഭിപ്രായം എനിക്കില്ല. ആ പത്രത്തിൽ വന്ന കാര്യങ്ങളനുസരിച്ച് അങ്ങ് ചെയ്യേണ്ട ഒരു കാര്യമുണ്ട്. 2005 ഡിസംബർ 21-ന് ഡിവിഷൻ ബഞ്ചിന്റെ ഒരു വിധിയുണ്ട്. ആ വിധി അങ്ങ് ഒന്നു വായിക്കണം. അതിൽ എന്താണ് പറഞ്ഞിരിക്കുന്നത്? ഒന്നു നോക്കണം. ഡിസംബറിൽ വന്ന വിധിയിൽ വളരെ വ്യക്തമായി ഡിവിഷൻ ബഞ്ച് പറഞ്ഞിട്ടുണ്ട്. FL(3) license could be granted only to hotels of three stars and higher classification and to heritage..... ബാക്കി സമയക്കുറവു കൊണ്ട് വായിക്കുന്നില്ല. ഈ വിധി വായിക്കുമ്പോൾ നമ്മുടെ ഗ്രീൻപാലസിനെക്കുറിച്ച് ഹൈക്കോടതിയിൽ ഒരു കേസ് കൊടുത്തു. ആ കേസിൽ പറഞ്ഞിരിക്കുന്നത് എന്താണ്? ഒരു മാസത്തിനകം എക്സാമിൻ ചെയ്യണമെന്നാണ് പറഞ്ഞിട്ടുള്ളത്. ആ വിധിയുടെ പേരും പറഞ്ഞുകൊണ്ട് അദ്ദേഹം പറഞ്ഞു. കമ്മീഷൻ കൊടുത്തതാണെന്ന്. കമ്മീഷൻ കൊടുത്തതാണെന്ന് അങ്ങേക്ക് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ചോദിക്കട്ടെ, രാധാമണിയുടെ ഒരു കേസ്സുണ്ട്. ആ കേസ് വളരെ വ്യക്തമായി ഡിവിഷൻ ബഞ്ചും പറഞ്ഞിട്ടുണ്ട്. യാതൊരു കാരണവശാലും ത്രീസ്റ്റാർ സൗകര്യം ഇല്ലാത്ത ഹോട്ടലുകൾക്ക് അത് കൊടുക്കുവാൻ പാടില്ല. എന്നുമാത്രമല്ല, രാധാമണി കേസ്സിൽ ഹൈക്കോടതി ഡിവിഷൻ ബഞ്ച് പറഞ്ഞിരിക്കുകയാണ് ആപ്ലിക്കേഷൻ ഡേറ്റിന്റെ അടിസ്ഥാനത്തിലല്ല, ആ ദിവസത്തിന്റെ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലേ ലൈസൻസ് കൊടുക്കാവൂ എന്ന്. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഈ രണ്ട് വിധിയും വച്ചിട്ടാണ് സിംഗിൾ ബഞ്ചിന്റെ വിധി കാട്ട് ചെയ്തുകൊണ്ട് ഇന്ന് ലൈസൻസ് കൊടുത്തത്. അങ്ങ് പറഞ്ഞു കമ്മിഷൻ കൊടുത്തതാണെന്ന്. കമ്മീഷൻ കൊടുത്തതാണോ? വളരെ വ്യക്തമായിട്ട് എനിക്ക് റെക്കോർഡുണ്ട്, കമ്മീഷണർ പറഞ്ഞിമിക്കുന്നത്, റീഡ് ചെയ്തിമിക്കുന്ന ഓർഡർ എന്താണ്? ഗവൺമെന്റ് കേസിൽ റീഡ് ചെയ്തിരിക്കുകയാണ്. രാധാമണി കേസ്സിൽ ലൈസൻസ് കൊടുത്തത് ..... ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ ഞാൻ അങ്ങയെപ്പറ്റി കുറ്റം പറയുന്നില്ല. അങ്ങയെ ഉദ്യോഗസ്ഥർ കബളിപ്പിച്ചു. അങ്ങ് അത് ഇവിടെ വന്നുനിന്ന് വായിക്കുന്നു. ആ നോട്ട് എനിക്കു തരാമെന്നു പറഞ്ഞു, തന്നില്ല. ഞാൻ ഒന്നു ചോദിക്കുന്നു, ഉദ്യോഗസ്ഥർ അറുപതോളം പേർ, ഡിഗ്രി പാസ്സാകാത്തവർ, വ്യാജ ഡിഗ്രിയുമായി ഈ സെക്രട്ടേറിയറ്റിൽ ജോലി ചെയ്യുന്നു. മന്ത്രിമാരുടെ ഓഫീസിൽ ഉൾപ്പെടെയുണ്ട്. ഒരു ഡെപ്യൂട്ടി സെക്രട്ടറിയെ അന്വേഷിക്കുവാൻ വച്ചിട്ട് മറുപടി പറയണമെന്നു പറഞ്ഞിട്ട് എന്താണ് മറുപടി പറയാത്തത്? മുഖ്യമന്ത്രിയുടെ ചാർജ്ജല്ലേ അങ്ങ് വഹിക്കുന്നത്? അങ്ങ് മറുപടി പറയണ്ടേ? ഈ നിമിഷംവരെ മറുപടി പറഞ്ഞിട്ടുണ്ടോ? അങ്ങ് മിണ്ടാതെ ഇരിക്കുകയാണല്ലോ? അങ്ങ് മറുപടി പറയാൻ ബാധ്യസ്ഥനല്ലേ? ടൈപ്പിസ്റ്റുമാർ ഡിഗ്രിയില്ലാതെ സർവ്വീസിൽ കയറിയാൽ അവർക്ക് പ്രൊമോഷൻ കിട്ടി വരണമെങ്കിൽ ഡിഗ്രി വേണം. അപ്പോൾ വ്യാജ ഡിഗ്രി കൊടുത്തുകൊണ്ട് ഡെപ്യൂട്ടി സെക്രട്ടറിമാർ വരെ ആയിരിക്കുന്ന ഉദ്യോഗസ്ഥർ ഈ സെക്രട്ടേറിയറ്റിലുണ്ട്. ഇതു സംബന്ധിച്ച് ഡെപ്യൂട്ടി സെക്രട്ടറിയെ മുഖ്യമന്ത്രി അന്വേഷിക്കുവാൻ വച്ചിട്ട് ആ അന്വേഷണത്തിൽ മുഖ്യമന്ത്രിക്ക് കിട്ടിയ പ്രാഥമിക റിപ്പോർട്ടിൽ അറുപതോളം പേരുടെ ഡിഗ്രി വ്യാജമാണെന്ന് കണ്ടെത്തിയിരിക്കുകയാണ്. എന്തു നടപടി സ്വീകരിച്ചുവെന്ന് ഞാൻ ചോദിച്ചു. അതിനു മറുപടിയില്ല. അങ്ങ് മറുപടി പറയണ്ടേ? ഇങ്ങനെ ഉത്തരവാദിത്വമില്ലാതെ ഗവൺമെന്റ് പോകുന്നത് ശരിയാണോ? എന്നിട്ട് ഇവിടെ നിയമസഭയിൽവന്ന് പണം താ, പണം താ എന്നു പറഞ്ഞാൽ മതിയോ? പണം താ എന്നു പറഞ്ഞാൽ കൊടുക്കുവാനായിട്ട് യു.ഡി.എഫുകാരുണ്ടോ? ഞങ്ങൾക്ക് അതിനോട് കൂട്ടുനിൽക്കുവാൻ കഴിയുകയില്ല. അങ്ങനെ ഞങ്ങൾ കൂട്ടുനിൽക്കാം. ഈ വൃത്തികെട്ട നടപടിക്ക് പണം കൊടുക്കുവാൻ പറ്റുമോ? ഇവിടെ പ്രിയങ്കരനായ ടി. കെ. ദേവകുമാറിന്റെ ചോദ്യം. സമയം കഴിഞ്ഞു എന്നു പറഞ്ഞതു കൊണ്ട് ഞാൻ വായിക്കുന്നില്ല. ഐ.എ.എസ്സുകാരുടെ ടൂർ പ്രോഗ്രാം സംബന്ധിച്ച ചോദ്യമാണ്. അതിനകത്ത് ചോദ്യങ്ങൾ തന്നിമിക്കുന്നു. അങ്ങ് മനസ്സിലാക്കണം. നമ്മൾ എം.എൽ.എ.-മാരല്ലേ? എന്തൊരു ഗതികേടാണ്? വക്കംജി ഇവിടെ ക്യാബിനറ്റിൽ ഇരുപ്പുണ്ടല്ലോ? ദുബായ് ഷോപ്പിംഗ് ഫെസ്റ്റിവൽ, ദുബായ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ യാത്രാ ചാർജ്ജ് ആണ്. എയർ ഫെയർ എത്രയാണ്? 31,868 രൂപ. ഇരുപതിനായിരം രൂപയ്ക്ക് ടിക്കറ്റ് കിട്ടും. ഇവിടെ തന്നിരിക്കുന്ന കണക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly

കടുംകൈ. ചൈന-1,02,634 രൂപ. 40,000 രൂപയ്ക്ക് ഞാൻ പോയിട്ടു വരും. മിലാൻ, ഇറ്റലി-1,97,651 രൂപ, 40,000 രൂപയ്ക്ക് പോയിവരാം. ഇത് എടുത്തു നോക്കിയപ്പോൾ എനിക്ക് അത്ഭുതം തോന്നി. കേരള സർക്കാരിന്റെ പണം ഇങ്ങനെ കൊള്ളയടിക്കുവാൻ ബ്യൂറോക്രാറ്റ്സിന് അനുവാദം കൊടുക്കുന്നതിന്റെ മര്യാദ എന്താണ്?

ശ്രീ. ടി. എൻ. പ്രതാപൻ : സർ, നമ്മൾ ഈ ഉദ്യോഗസ്ഥരെ മുഴുവൻ അടച്ച് ആക്ഷേപിക്കരുത്. ബഹുമാന്യനായ അംഗം ശ്രീ. പി. സി. ജോർജ് കഴിഞ്ഞ ദിവസം സംസാരിക്കുമ്പോൾ പറയുന്നതു കേട്ടു, ശ്രീ. ഭരത് ഭൂഷൺ ഐ.എ.എസ്. നാല് വകുപ്പുകൾ കൈകാര്യം ചെയ്യുകയാണ്. കേരളത്തിൽ ശബരിമല വികസനത്തിനുവേണ്ടി കേന്ദ്രത്തിൽനിന്ന് വനഭൂമി വിട്ടുകിട്ടിയതും മാസ്റ്റർ പ്ലാൻ കേന്ദ്രത്തെക്കൊണ്ട് അംഗീകരിപ്പിച്ചതും ടൂറിസം വികസനത്തിൽ ഇത്രമാത്രം പ്രോജക്ടുകൾ കൂടുതൽ കൊണ്ടു വന്നതിലും ഇത്രയും നല്ല അവസരങ്ങൾ നമുക്ക്.....

ശ്രീ. പി. സി. ജോർജ് : സർ, ശ്രീ. ടി. എൻ. പ്രതാപൻ എന്താണ് പറഞ്ഞത്. ഇത് മാക്രികളുടെ കാര്യമല്ല. ഒരു പ്രിൻസിപ്പൽ സെക്രട്ടറി എഴുതിയ ഫയലിന് മുകളിൽ തലയ്ക്ക് കുഴപ്പമുണ്ടോയെന്ന് പരിശോധിക്കണമെന്നാണ് ശ്രീ. പിണറായി വിജയൻ എഴുതിയത്. ആ ഒറ്റക്കാര്യം കൊണ്ടാണ് അദ്ദേഹത്തെ ഞാൻ ബഹുമാനിക്കുന്നത്. എന്താണ് സംശയം? ഇവിടെ ബ്യൂറോക്രാറ്റ്സിന് സൗകര്യം ചെയ്തു കൊടുക്കുകയാണ് ഈ ഗവൺമെന്റ്. ഇതൊരു ജനാധിപത്യ ഗവൺമെന്റ് അല്ലേ? ജനാധിപത്യ ഗവൺമെന്റാണെങ്കിൽ ബ്യൂറോക്രാറ്റ്സാണോ കാര്യങ്ങൾ തീരുമാനിക്കേണ്ടത്? ഭരണാധികാരികളും ജനപ്രതിനിധികളും തീരുമാനിക്കണം. ശ്രീ. ഭരത് ഭൂഷൺ എന്നുപറയുന്ന ആളിന് സിന്ദാബാദ് വിളിച്ചു കൊടുക്കുകയാണ്.....

ശ്രീ. വി. കെ. ചന്ദ്രൻ : സർ, രണ്ട് ഐ.എ.എസ്.-കാരായ സെക്രട്ടറിമാരും മന്ത്രിമാരും കൂടി ഒത്തുകളിക്കുന്ന ഒരു പങ്കു കച്ചവടമാണ് ഇവിടെ നടക്കുന്നതെന്ന് റിട്ടയേർഡ് ചീഫ് സെക്രട്ടറി ശ്രീ. വിജയനുണ്ണി പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. പി. സി. ജോർജ് : നാണവും മാനവും ഉള്ളവർക്കല്ലേ അതിൽ വേദനയും ഷെയിമും തോന്നുന്നത്? അത് ഇവർക്ക് തോന്നുമോ? ഞാൻ പറയുന്നത് ന്യായീകരിക്കാൻ കാര്യമുണ്ട്. തെറ്റിദ്ധരിക്കരുത്. ദുബായ് ഷോപ്പിംഗ്, ഐ. ടി. ബെർളിനിൽ നമ്മുടെ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. ഭരത് ഭൂഷൺ പോയപ്പോൾ 1,59,670 രൂപ. ശ്രീ. സുമൻ ഐ.എ.എസ്. പോയപ്പോൾ ചാർജ്ജ് 1,65,000 രൂപ ആയി. അതെങ്ങനെയാണ് കൂടിയത്? പ്ലെയിനിൽ അല്ലേ രണ്ടുപേരും പോയത്? എക്കണോമിക് ക്ലാസ്സിലല്ലേ രണ്ടുപേരും പോയത്? അതോ ഫസ്റ്റ് ക്ലാസ്സിലാണോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദാവോസിലേക്ക് പോയത് എക്കണോമിക് ക്ലാസ്സിലാണ്. എന്നിട്ട് ഈ ഐ.എ.എസ്.-കാർ ഇങ്ങനെ ഫസ്റ്റ് ക്ലാസ്സിൽ കയറി പോവുകയാണ്. ബി.ഐ.ടി. മിലാൻ, ഇറ്റലി. ഇറ്റലിക്ക് പോയതിന് 1,97,659 രൂപയാണ് എയർ ഫെയർ. ആരുടേത്? ശ്രീ. ഭരത് ഭൂഷണിന്റേത്. അങ്ങേക്ക് സിന്ദാബാദ് വിളിക്കുന്ന ആളാണ്. ശ്രീ. സുമൻ ഐ.എ.എസ്. ഒരു മര്യാദ കാണിച്ചു. എത്രയെന്നറിയാമോ? 1,36,148 രൂപയേ എയർ ഫെയറായി വാങ്ങിയിട്ടുള്ളൂ. സർക്കാരിന്റെ പണം

LIBRARY ARCHIVES Kerala Legislative Assembly

ഇതുപോലെ കൊള്ളയടിക്കുന്നത് ശരിയാണോ? ഇവിടെ പറഞ്ഞു മൂന്നോ നാലോ വകുപ്പുകൾ കൈകാര്യം ചെയ്യുന്നുണ്ടെന്ന്. ഇവിടെ വേറെ ഐ.എ.എസ്-കാരെ കിട്ടാനില്ലേ? ശബരിമല വികസനം സംബന്ധിച്ച് എന്തുചെയ്യണമെന്ന്. ജസ്റ്റീസ് ചന്ദ്രശേഖരമേനോന്റെ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഇത് നമ്മുടെ ഗവൺമെന്റ് വച്ച കമ്മീഷനല്ലേ? ആ കമ്മീഷൻ റിപ്പോർട്ടല്ലേ ഇത്? ആ റിപ്പോർട്ട് സഭയിൽ വച്ചതല്ലേ? ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളപ്പോൾ നിങ്ങൾ എന്തിനാണ് എക്കോ സ്മാർട്ടുമായി പോകുന്നത്? ഈ കച്ചവടത്തിന് നിങ്ങൾ കൂട്ടുനിൽക്കുന്നത് ശരിയാണോ? ടൂറിസം വകുപ്പുമന്ത്രി എവിടെ? ആ മന്ത്രി ഇതിന് മറുപടി പറയണ്ടേ? ഞാൻ ആ മന്ത്രിക്കെതിരായി അഴിമതിയൊന്നും ആരോപിക്കാൻ തയ്യാറല്ല. അതിന്റെ ആവശ്യവുമില്ല. ഈ ഗവൺമെന്റിന്റെ നയമാണ് പ്രശ്നം. ഒരു കാര്യം കൂടി പറയട്ടെ. ഈ സംസ്ഥാനത്ത് ഇതുപോലെ ഭൂമി കയ്യേറ്റത്തെപ്പറ്റി രാജൻ മധേക്കർ റിപ്പോർട്ടുണ്ട്. സുപ്രീംകോടതിയിൽ നിന്ന് എംപവേർഡ് കമ്മിറ്റി വന്നിട്ട് രാജൻ മധേക്കർ റിപ്പോർട്ട് ശരിയാണെന്ന് പറഞ്ഞു. എന്നിട്ട് ഭൂമി കയ്യേറിയവരുടെ പേരിൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് കഴിഞ്ഞില്ല. നിങ്ങൾക്ക് മനസ്സാക്ഷി വേണ്ടേ? ശക്തമായ നടപടി നിങ്ങൾ സ്വീകരിക്കണം. യാതൊരു നീതിനിഷ്ഠയുമില്ലാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന, ഇത് മുഴുവൻ സമ്പാദ്യമായി കണക്കാക്കാൻ വേണ്ടി ഭരണം നടത്തുന്ന നിങ്ങൾ കൊണ്ടുവന്നിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ ശക്തമായി ഞാൻ എതിർക്കുകയാണ്.

പ്രൊഫ. എ. ഡി. മുസ്തഫ : സർ, 387.61 കോടി രൂപയുടെ സപ്ലിമെന്ററി ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായി പിന്താങ്ങുകയാണ്. ഇതിൽ 39 ഐറ്റംസ്, നിയമസഭയുടെ കാര്യങ്ങൾ മുതൽ നാചറൽ കലാമിറ്റി വരെയുള്ള ആവശ്യങ്ങൾക്കു വേണ്ടിയുള്ള ഉപധനാഭ്യർത്ഥനകളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതിൽ 1375.74 കോടി രൂപ വോട്ടഡും 2497.87 കോടി രൂപ ചാർജ്ജ്ഡും ആണ്. അതാണ് ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ്. ഇതിനെക്കുറിച്ച് ഇവിടെ സംസാരിച്ച അഞ്ച് പ്രതിപക്ഷ എം.എൽ.എ.-മാരും എതിർക്കുകയുണ്ടായി. ഇതിനെ എതിർത്തത് പ്രതിപക്ഷ പ്രസ്ഥാനം ആയതുകൊണ്ട് എതിർക്കാൻ ബാദ്ധ്യസ്ഥരാണ് എന്നുള്ളതുകൊണ്ടാണ് എങ്കിൽ അത് മനസ്സിലാക്കാമായിരുന്നു. പക്ഷേ ഇതിൽ ഉൾക്കൊള്ളുന്ന കാര്യങ്ങളെക്കുറിച്ച്, ഉദാഹരണമായി നമ്മുടെ ലെജിസ്ലേറ്റീവ് എക്സ്പെൻസിൽ Medical expenses for the MLA's, Travel expenses for the MLA's ഈ ആവശ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള, ഉപധനാഭ്യർത്ഥനകൾ അനാവശ്യമാണെന്നുള്ള സൂചനയാണെങ്കിൽ അത് മനസ്സിലാക്കാൻ സാധ്യമാണ്. പക്ഷേ ഇവിടെ പ്രതിപക്ഷ എം.എൽ.എ.-മാർ ചെയ്യുന്ന ഒരു ഏർപ്പാട് എന്നുപറഞ്ഞാൽ ഏത് തരം ആവശ്യങ്ങൾ ഇവിടെ ഉന്നയിച്ചാലും അതിനെ എതിർക്കുക, ഒരു നിഷേധാത്മകമായ രാഷ്ട്രീയത്തിന്റെ ഭാഗമായാണ് ഇവിടെ കാര്യങ്ങൾ നീങ്ങുന്നത്. ബഡ്ജറ്റിനെക്കുറിച്ചുള്ള ചർച്ച ഇന്നലെ അവസാനിച്ചു. ഇവിടെ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റ് എല്ലാ തലങ്ങളിൽ നിന്നും പ്രശംസ പിടിച്ചുപറ്റിയെന്ന് സൂചിപ്പിക്കാൻ ആഗ്രഹമുണ്ട്. തെരഞ്ഞെടുപ്പ് ബഡ്ജറ്റാണ്, വോട്ട് നേടാനുള്ള ടെക്നിക്കാണ് എന്നൊക്കെ ഇവിടെ പറഞ്ഞു. ഈ ബഡ്ജറ്റ് വിശദമായി പരിശോധിക്കുമ്പോൾ നമുക്കറിയാം എല്ലാ തലങ്ങളേയും സ്പർശിച്ചുകൊണ്ട് പ്രത്യേകിച്ച് സാധാരണക്കാർക്ക് പൂർണ്ണമായും ഗുണം ചെയ്യുന്ന ഒരു ബഡ്ജറ്റാണിതെന്ന്. ആ നിലയിൽ ഇതിനെ സ്വീകരിക്കുന്നതിനു പകരം മറ്റ് കാര്യങ്ങൾ ഉന്നയിച്ചുകൊണ്ട് അത് തെരഞ്ഞെടുപ്പ് ബഡ്ജറ്റാണ്,

LIBRARY ARCHIVES Kerala Legislative Assembly

സ്വാഭാവികമായും തെരഞ്ഞെടുപ്പ് സമയത്ത് അവതരിപ്പിക്കുന്ന ബഡ്ജറ്റിനെ തെരഞ്ഞെടുപ്പ് ബഡ്ജറ്റ് എന്ന് വിശേഷിപ്പിച്ചാൽ തെറ്റൊന്നുമില്ല. പക്ഷേ അതിൽ ഉളളടക്കം ചെയ്ത വസ്തുതകൾ തങ്ങൾക്ക് സ്വീകാര്യമല്ല എന്നുളളതാണ് അതിന്റെ അർത്ഥമെങ്കിൽ തീർച്ചയായും അത് വളരെ സഹതാപം അർഹിക്കുന്ന ഒരു വസ്തുതയാണെന്ന് ഞാൻ സൂചിപ്പിക്കട്ടെ. ഈ ഗവൺമെന്റ് നാലേ മുക്കാൽ വർഷക്കാലം നടത്തിയ പ്രവർത്തനങ്ങൾ നിഷ്പക്ഷമായി വിലയിരുത്തുമ്പോൾ ഒരു കാര്യം വ്യക്തമാണ്. ഒരു കാലത്തും ഇല്ലാത്ത രൂപത്തിൽ അത്രയധികം പ്രവർത്തനങ്ങൾ ചെയ്ത ഗവൺമെന്റാണ് ശ്രീ. എ. കെ. ആന്റണി നയിച്ച, ഇപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി നേതൃത്വം നൽകുന്ന കേരളത്തിലെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് എന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും, വിദ്യാഭ്യാസത്തിന്റെ കാര്യത്തിലായാലും വർക്ക്സിന്റെ കാര്യത്തിലായാലും വളരെയധികം പുരോഗതി നേടാൻ ഈ ഗവൺമെന്റിന് സാധിച്ചു എന്നുളള കാര്യം നമുക്ക് അറിയാവുന്നതാണ്. വിദ്യാഭ്യാസത്തിന്റെ കാര്യം പറയുമ്പോൾ സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷനെക്കുറിച്ച് പറയാറുണ്ട്. സ്വാശ്രയ സ്ഥാപനങ്ങളെ എതിർക്കുന്ന ഒരു പ്രവണത, കാണാം. വ്യക്തിപരമായി പറയുകയാണെങ്കിൽ സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷനെ ആദർശപരമായി ഇഷ്ടപ്പെടാത്ത ഒരാളാണ് ഞാൻ. പക്ഷേ കേരളത്തിന്റെ വരുമാനത്തിന്റെ 92 ശതമാനവും പെൻഷനും സാലറിക്കുമായി കൊടുക്കുന്ന സാഹചര്യത്തിൽ പുതിയ സ്ഥാപനങ്ങൾ വരണമെങ്കിൽ ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തിയേ പറ്റുകയുളളൂ എന്നതുകൊണ്ടാണ് ഈ സംവിധാനം ആരംഭിച്ചത്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലത്ത്, അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. ജെ. ജോസഫ് ആയിരുന്നു. പുതിയ പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചാൽ മാത്രമേ ഇന്നത്തെ ആവശ്യങ്ങൾ സാധിക്കൂ എന്നുളള വസ്തുത മറക്കാൻ സാധ്യമല്ല. സോഷ്യലിസം എന്നുപറയുന്നത് ദാരിദ്ര്യത്തിന്റെ വിതരണമല്ല, ദാരിദ്ര്യ നിർമ്മാർജ്ജനമാണ്. സ്വാഭാവികമായും സമ്മർദ്ദത്തിന്റെ ഭാഗമായി ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കാൻ ഗവൺമെന്റ് ആലോചിച്ചു എങ്കിൽ അതിനെ കുറ്റപ്പെടുത്തുന്നത് ശരിയല്ല എന്ന വസ്തുത സൂചിപ്പിക്കട്ടെ. വർക്ക്സിന്റെ കാര്യത്തിൽ പ്രതിപക്ഷത്തിരിക്കുന്ന ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ആയാലും ശ്രീമതി പി. കെ. ശ്രീമതി ടീച്ചറായാലും എല്ലാവർക്കും അറിയാം ഇത്രയധികം റോഡുകളുടേയും പാലങ്ങളുടേയും പ്രവൃത്തി നടന്ന ഒരു കാലഘട്ടം ഉണ്ടായിട്ടില്ല എന്നുളളത്. വൈദ്യുതിയുടെ കാര്യത്തിലായാലും ട്രാൻസ്പോർട്ടിന്റെ കാര്യത്തിലായാലും വളരെയധികം പ്രവർത്തനങ്ങൾ കാഴ്ചവച്ച ഒരു ഗവൺമെന്റാണിത് എന്ന കാര്യത്തിൽ വളരെയധികം സന്തോഷമുണ്ട്. പ്രതിപക്ഷാംഗങ്ങൾ എന്ത് കൊണ്ടുവന്നാലും അതിനെ എതിർക്കുകയാണ്. എ.ഡി.ബി.-യെ എതിർത്തു. എ.ഡി.ബി.-യെ എതിർത്ത അതേ രാഷ്ട്രീയ പാർട്ടികൾ ഭരിക്കുന്ന കോർപ്പറേഷനുകൾ എ.ഡി.ബി.-യുടെ സൗകര്യം ആസ്വദിക്കുകയാണ്. ഏറ്റവും ദുഃഖകരമായി എനിക്ക് തോന്നുന്നത്, കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഒരു ആരോഗ്യശ്രീ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുകയാണ്. സാധാരണക്കാരന്, ബി.പി.എൽ. ഫാമിലീസിന് ഇത്രയധികം ഗുണം ചെയ്യുന്ന ഒരു പരിപാടി വേറെയുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. സാമൂഹ്യ പ്രവർത്തകരായ നമ്മൾ ഇന്ന് അനുഭവിക്കുന്ന ദുഃഖവും വേദനയും എന്നുപറയുന്നത് പാവപ്പെട്ടവന്റെ ആരോഗ്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. മുപ്പത്തിമൂന്ന് രൂപ കൊടുത്തു

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞാൽ മുപ്പതിനായിരം രൂപയ്ക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് ലഭിക്കുന്ന പദ്ധതി തുരങ്കം വയ്ക്കാൻ ശ്രമിച്ചു. ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കണ്ണൂർ ജില്ലയിൽ ആരംഭം കുറിച്ചുകൊണ്ട് നടത്തിയ പരിപാടിയിൽ അന്ന് നമ്മുടെ ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പേരിൽ നോട്ടീസ് വിതരണം ചെയ്തിരുന്നു. ആ നോട്ടീസിൽ പറയുന്നത് ഈ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുകയാണെങ്കിൽ ആ കമ്പനി പൂട്ടി പോകേണ്ടിവരും. ഇൻഷ്വറൻസ് കമ്പനികൾ ഏതായാലും അതിൽ അംഗമാകുന്ന ആളുകളെല്ലാം മരിച്ചു പോയാൽ കമ്പനി പൂട്ടേണ്ടിവരും. ഏത് ഇൻഷ്വറൻസും കമ്പനിക്ക് റിസ്ക്കുണ്ട്. ഇവിടെ ഐ.സി.ഐ.സി.ഐ.-യും കുടുംബശ്രീയും കൂടി സംയുക്തമായി ആരംഭിച്ച ആരോഗ്യശ്രീ പദ്ധതിയും ആ സ്ഥിതിയിലാണ്. ഇവിടെ എന്റെ നിയോജക മണ്ഡലത്തിൽ ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ലെന്ന് മാത്രമല്ല നിരുൽസാഹപ്പെടുത്തുന്ന കാര്യങ്ങൾകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരു കാര്യം കൂടി ഇവിടെ സൂചിപ്പിക്കട്ടെ ലാവ്‌ലിന്റെ കാര്യം. ഇവിടെ ധാരാളം ചർച്ചകൾ നടന്നു. ഇനിയും ചർച്ചകൾ നടക്കാൻ ഇരിക്കുകയാണ്. അതിൽ കൂടുതൽ ചർച്ച ചെയ്യേണ്ട വിഷയം ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. കാരണം കേരളത്തിൽ പ്രബുദ്ധത നേടിയ ജനങ്ങളാണ് ഉള്ളത്. ആളുകൾക്കൊക്കെ കാര്യങ്ങൾ അറിയാം. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണിയും വൈദ്യുതി മന്ത്രിയായിരുന്ന ശ്രീ. ജി. കാർത്തികേയനും മുഖ്യമന്ത്രിയായിരുന്ന നായനാരെയും ശ്രീ. പിണറായി വിജയനേയും ബന്ധപ്പെടുത്തിക്കൊണ്ടാണ് കാര്യങ്ങൾ. ശ്രീ. ജി. കാർത്തികേയൻ ഉണ്ടായിരുന്ന കാലഘട്ടത്തിൽ അവിടെ ചെയ്തത് Memorandum of Understanding (M.O.U.)വുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. കൺസൾട്ടൻസി ഏജൻസിയായി ലാവ്‌ലിനെ ഉൾപ്പെടുത്തി, അന്തിമ കരാർ ഒപ്പിട്ടത് ശ്രീ. പിണറായി വിജയന്റെ കാലഘട്ടത്തിലാണ്. കനേഡിയൻ കമ്പനിയിൽ നിന്ന് മലബാർ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന് കുറേ കാശ് കിട്ടും എന്നൊക്കെ പറഞ്ഞു, ഏതായാലും അന്തിമ കരാർ ഒപ്പിട്ട സ്ഥിതിക്ക് കാനഡയിൽ പോയ വ്യക്തി എന്ന നിലയിൽ മലബാർ ഇൻസ്റ്റിറ്റ്യൂട്ടിന് കാശ് കിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചില്ലെന്ന് വന്നപ്പോൾ തന്നെ അതിൽ ദുരൂഹത ഉണ്ടെന്ന് മാത്രം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു കാര്യം കൂടി പറയുകയാണ്. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ വളരെ വർഷങ്ങളായി നയിക്കുന്നത് കമ്മ്യൂണിസ്റ്റ് നേതാക്കൻമാരാണ്. എ.കെ.ജി. മുതൽ ശ്രീ. പിണറായി വിജയൻ വരെ. എ. കെ. ജി.-യെക്കുറിച്ച് ഞങ്ങളൊക്കെ കേട്ടത്, മനസ്സിലാക്കിയത്, പാവപ്പെട്ടവന്റെ പടത്തലവൻ എന്നാണ്. പക്ഷെ എ.കെ.ജി.-യിൽ നിന്ന് ശ്രീ. പിണറായി വിജയനിലേക്ക് വരുമ്പോൾ അതൊരു ദുരന്തമായി സംഭവിച്ചു എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കണ്ണൂർ ജില്ലയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം സ്ഥാപിച്ച സ്ഥാപനമാണ് ദിനേശ് ആഡിറ്റോറിയം. ദിനേശ് ബീഡിയിലെ മുപ്പതിനായിരം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടപ്പോൾ അവരെ സഹായിക്കാൻ വേണ്ടി നേതാക്കൻമാർ പ്രത്യേകിച്ച് അന്തരിച്ച കുട്ടിയെപ്പോലെയുള്ള ആളുകൾ മുൻകൈ എടുത്ത് സ്ഥാപിച്ചതാണ് ദിനേശ് ബീഡി. അത് തകർച്ചയിലാണ്. ബീഡി വ്യവസായം മുന്നോട്ടുപോകുമെന്ന വിശ്വാസം

LIBRARY ARCHIVES Kerala Legislative Assembly

ആർക്കും ഇല്ല. പക്ഷെ ദിനേശ് ബീഡിയുടെ കാശെടുത്ത്, പാവപ്പെട്ട ബീഡി തെറുപ്പുകാരന്റെ കാശെടുത്ത്, എട്ട് കോടി രൂപ ചെലവ് ചെയ്തുകൊണ്ടാണ് കണ്ണൂരിൽ ദിനേശ് ആഡിറ്റോറിയം പണിതത്. ആർക്കുവേണ്ടി? ആരാണ് ഇത് ഉപയോഗപ്പെടുത്തിയത്? അതുമായി ബന്ധപ്പെട്ട ഭൂമി ഇടപാടിനെതിരെ വിജിലൻസ് കേസുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തലശ്ശേരിയിൽ ഹൈപ്പർ സിറ്റി സ്ഥാപിച്ചിരിക്കുകയാണ്. മരിച്ചുപോയ മുൻ മുഖ്യമന്ത്രി നായനാരുടെ പേര് ഇടാൻ വേണ്ടി ശ്രമിച്ചു. നായനാരുടെ പ്രിയപത്നി അതിനെ എതിർത്തതുകൊണ്ട് നടന്നില്ല. ഇപ്പോൾ ഇവിടെ ശ്രീ. ഗോവിന്ദൻ മാസ്റ്ററുടെ നേതൃത്വത്തിൽ ഒരു വാട്ടർ തീം പാർക്കും വരാൻ പോകുന്നു എന്നാണ് കേൾക്കുന്നത്. എ. കെ. ഗോപാലൻ നടത്തിയത് പട്ടിണി പാവങ്ങളുടെ ജാഥയാണെങ്കിൽ ശ്രീ. പിണറായി വിജയൻ നടത്തിയതും അതുമായി തുലനം ചെയ്തുനോക്കണം എന്നു പറയുകയാണ്. വളരെ അധികം കാര്യങ്ങൾ മോശമാക്കിക്കൊണ്ടിരുള്ള ഒരു സംവിധാനമാണ് ഇന്നുള്ളത് എന്നു പറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്.

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: ഉപധനാഭ്യർത്ഥനകളേയും അധികധനാഭ്യർത്ഥനകളേയും എതിർക്കുന്നു. ഈ നിയമസഭയിലെ ബഡ്ജറ്റ് അവതരണവും അനുബന്ധ നടപടിക്രമങ്ങളും ഒരു ഭരണഘടനാ ബാധ്യതയാണ്. ഒരു സർക്കാരിന്റെ ഭരണകാലത്ത് വോട്ട് ചെയ്തു അധികാരത്തിൽ ഏറിയതുൾപ്പെടെ ജനസമൂഹത്തിന് പകരമായി എന്ത് ചെയ്തു, എന്ത് നൽകി എന്ന ചോദ്യത്തിനുള്ള മറുപടിയാണ് പ്രധാനം. അവിടെയാണ് യു.ഡി.എഫ്. ഗവൺമെന്റ് ദയനീയമായി പരാജയപ്പെട്ടിരിക്കുന്നത്. യു.ഡി.എഫ്.-ന്റെ അഞ്ച് വർഷത്തെ ഭരണം അവസാനിക്കാറായപ്പോൾ ഒരു മേഖലയേയും ഈ സംസ്ഥാനത്തെ മുന്നോട്ടു നയിക്കാൻ കഴിയാത്ത ഭരണ പരാജയത്തിന്റെ ദയനീയമായ ചിത്രമാണ് ബഡ്ജറ്റു വഴിയും അനുബന്ധ രേഖകളിലൂടെയും നമ്മുടെ മുൻപിൽ സമർപ്പിച്ചിരിക്കുന്നത്. യു.ഡി.എഫ്. സർക്കാർ അവതരിപ്പിച്ച 6 ബഡ്ജറ്റുകളുണ്ട്. അതിൽ പ്രഖ്യാപനങ്ങൾക്ക് ക്ഷാമമുണ്ടായിരുന്നില്ല. ആറ് ബഡ്ജറ്റുകൾ പരിശോധിച്ചപ്പോൾ നാനൂറോളം പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. ആ നാനൂറോളം പ്രഖ്യാപനങ്ങളിൽ 90 ശതമാനം പ്രഖ്യാപനങ്ങളും പ്രഖ്യാപനത്തിൽ ഒതുങ്ങി. ഈ നാലേമുക്കാൽ വർഷത്തിനുശേഷം അവതരിപ്പിച്ച ബഡ്ജറ്റിലും പ്രഖ്യാപനങ്ങളാണ്. പ്രഖ്യാപനങ്ങളൊന്നും നടപ്പാക്കാനുള്ള ആത്മാർത്ഥമായ ശ്രമം നടക്കുന്നില്ല. മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി പ്രതിപക്ഷത്തിനുനേരെ വിരൽ ചൂണ്ടിക്കൊണ്ട് രണ്ട് സ്വാശ്രയ കോളേജ് സമരം ഒരു സർക്കാർ കോളേജ് എന്ന് എത്ര തവണ ഇവിടെ പറഞ്ഞിട്ടുണ്ട്. എന്തായി അതിന്റെ ഗതി? അവസാനം വൻകിടക്കാരുടെ ലാഭക്കൊതി വിജയം കണ്ടു. രണ്ട് സ്വാശ്രയ കോളേജ് സമം ഒരു സർക്കാർ കോളേജ് എന്ന പ്രഖ്യാപനം പരാജയപ്പെട്ടു. അതിന് സംഭവിച്ച ദുരന്തം കേരളത്തെ സ്നേഹിക്കുന്ന ഏത് മനുഷ്യന്റേയും ദുഃഖമായി ഇപ്പോൾ അവശേഷിക്കുകയാണ്. ദുർബല ജനവിഭാഗങ്ങളുടെ പെൻഷനെപ്പറ്റി പറഞ്ഞു. 1991-ൽ കർഷക യുവാക്കൾക്ക് പെൻഷൻ പ്രഖ്യാപിച്ചു. ഇപ്പോൾ സർക്കാർ കണക്കെടുക്കുകയാണ്. ഇപ്പോൾ ആയിരം രൂപ വർഷത്തിൽ നൽകുന്ന പെൻഷൻ പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞല്ലോ. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വിശേഷിപ്പിച്ചത് ഇത് നക്കാപിച്ച പെൻഷൻ എന്നാണ്. നേരത്തെ കർഷക യുവാക്കൾക്ക് പെൻഷൻ പ്രഖ്യാപിച്ച് നടപ്പിലാക്കാത്തവർ നാലേമുക്കാൽ കൊല്ലം കഴിഞ്ഞപ്പോൾ കർഷകരെ വഞ്ചിക്കാൻ വേണ്ടി ഒരു കപട പ്രഖ്യാപനം നടത്തിയിരിക്കുകയാണ്. നാല് ബഡ്ജറ്റ് അവതരിപ്പിച്ച ബഹുമാന്യനായ ശങ്കരനാരായണൻ ശുദ്ധ മനസ്ഥിതിക്കാരനാണ്. അദ്ദേഹം പാലക്കാടൻ ശൈലിയിൽ പറഞ്ഞു യു.ഡി.എഫ്. സർക്കാരിന് ചതിയിൽ കളവില്ലെന്ന്, ഈ സർക്കാരിന് ചതിയിൽ കളവില്ലെന്ന് പറഞ്ഞത് വാസ്തവമാണ്. ഇപ്പോൾ ശതമാനക്കണക്കാണ്. കടത്തെക്കുറിച്ച് പഴയ പ്രസംഗം ഉണ്ട്. ഇവിടെ മുൻ സഭയിൽ അംഗങ്ങളായിരുന്നവർക്കറിയാം. എന്തൊരു പ്രസംഗമായിരുന്നു. ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രിക്ക് പ്രസംഗിക്കാൻ പറ്റിയില്ല. അന്ന് അദ്ദേഹം സ്പീക്കറായിരുന്നു. ഇപ്പോൾ പറയുകയാണ്. കടം പ്രശ്നമല്ല ശതമാന കണക്കുംകൊണ്ട് വന്നിരിക്കുകയാണ്. 23919 കോടി രൂപയായിരുന്ന കടം 20439 കോടി രൂപയായി വർദ്ധിച്ചത് സർവ്വ സാധാരണമാണെന്ന്. അതിൽ ഒരു പ്രശ്നവും ഇല്ല എന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. 2005-ലെ ഇക്കണോമിക് റിവ്യൂ നൽകുന്ന കണക്ക് പ്രകാരം കേരളീയന്റെ ഇപ്പോഴത്തെ പ്രതിശീർഷ കടം 9248 രൂപയാണ്. ദേശീയ ശരാശരി 6531 രൂപയാണ്. അയൽ സംസ്ഥാനമായ തമിഴ്നാട്, കർണാടക, ആന്ധ്ര എന്നിവയേക്കാളെല്ലാം ബഹുദൂരം മുമ്പിലാണ് പ്രതിശീർഷ കടം. ബാധ്യത പറയുമ്പോൾ ശതമാന കണക്ക് പറഞ്ഞ് രക്ഷപ്പെടാൻ നോക്കുകയാണ്. ഇത് ജനങ്ങളുടെ മുമ്പിൽ ചെലവാകാൻ പോകുന്നില്ല. ബഹുമാനപ്പെട്ട ശങ്കരനാരായണൻ ധനകാര്യ വകുപ്പ് കൈകാര്യം ചെയ്തപ്പോൾ ധവളപത്രം ഇറക്കി. അദ്ദേഹം പ്രതിപക്ഷത്തെ പരിഹസിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പാലക്കാടൻ ശൈലിയിൽ എൽ.ഡി.എഫ്. സർക്കാരിനെ വിമർശിച്ച് ഇറക്കിയ ധവളപത്രത്തിലെ ഒറ്റ വാചകം ഞാൻ വായിക്കാം. "ബാധ്യതകൾ കുന്നുകൂടിക്കൊണ്ടിരിക്കുകയാണ്. കടം വീണ്ടും വാങ്ങിക്കൊണ്ടിരിക്കുവാൻ സാധ്യമല്ല. ഇനിയും കൂടുതൽ കടം വാങ്ങിയാൽ ഈ ദുർഘട പ്രതിസന്ധിയിൽനിന്നും രക്ഷപ്പെടാൻ ആവില്ല. സ്വന്തം സർക്കാരിന് എന്തുപറ്റിയെന്ന് അറിയാനുള്ള അവകാശം തീർച്ചയായും ജനങ്ങൾക്കുണ്ട്. പ്രതിസന്ധിയുടെ ഗൗരവം അവരെ ബോധ്യപ്പെടുത്തുകയെന്നത് പരമപ്രധാനമാണ്." ഇപ്പോഴത്തെ കടത്തിന്റെ പേര് ധനം എന്നാണോ? ഈ സർക്കാരിന് അന്തസ്സുണ്ടെങ്കിൽ, അഭിമാനം ഉണ്ടെങ്കിൽ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ഒരു ധവള പത്രം പുറപ്പെടുവിക്കാൻ ഈ സർക്കാർ തയ്യാറാകുമോ? ഈ പറഞ്ഞതിനോട് എന്തെങ്കിലും ആത്മാർത്ഥതയുണ്ടോ? എനിക്ക് ഒരു കാര്യം പറയാനുള്ളത് ബഹുമാനപ്പെട്ട ശങ്കരനാരായണൻ പറഞ്ഞ മറുപടിയാണ്. അദ്ദേഹം നാടൻ ശൈലിയിൽ പറഞ്ഞു നാണവും മാനവും ഉളുപ്പും ഇല്ലെങ്കിൽ അത് ഉള്ളവർ കുളിച്ച കുളത്തിൽ കുളിക്കാനെങ്കിലും ശ്രമിക്കുക എന്ന്. എന്താണ് അർത്ഥമാക്കിയത്? അത് യു.ഡി.എഫ്.-ന്റെ നേതാക്കൻമാർക്കാണ് ഉദ്ദേശിച്ചത്. അതാണ് ഇവിടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കേരളത്തിന്റെ വികസന പാതയ്ക്ക് തടസ്സമായി നിൽക്കുന്ന ജനവിരുദ്ധ രാഷ്ട്രീയത്തിന്റെ ഹസ്തിനപുരിയാണ് യു.ഡി.എഫ്. നാലേമുക്കാൽവർഷത്തെ ഭരണത്തിലൂടെ സസൂർണ്ണമായി പരാജയപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ഭരണത്തിന്റെ കെടുതികൾ കാരണം സംസ്ഥാനത്തിനുണ്ടായ റെക്കോർഡ് കട ബാധ്യതയുടെ ഉത്തരവാദിത്വത്തിൽനിന്ന് രക്ഷപ്പെടാൻ ശതമാനക്കണക്ക് പറഞ്ഞ് ജനങ്ങളെ വഞ്ചിക്കാൻ ശ്രമിക്കുകയാണ്. രണ്ട് മാസം കഴിഞ്ഞ് ജനങ്ങളുടെ മുമ്പിൽ പോയി ശതമാനക്കണക്ക് പറയാമോ? കേരളത്തിലെ ജനകീയ കോടതി കടുത്ത തിരിച്ചടി നൽകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പൊതു മുതൽ കവർന്ന് നാടിന് അപമാനം വരുത്തിവച്ച യു.ഡിഎഫ് സർക്കാർ മരണാവസ്ഥയിലാണ്, മരിച്ചു എന്ന് ഞാൻ പറയുന്നില്ല. നേരിയ ശ്വാസം ഉണ്ട്. ദൂരെയുള്ള ബന്ധുക്കൾ കാണാൻ വരുന്നുണ്ട്. ഈയിടെ എ.ഐ.സി.സി. പ്രസിഡന്റ് ബഹുമാനപ്പെട്ട സോണിയാഗാന്ധി വന്നുപോയി. ശ്രീ. വീരപ്പമൊയ്‌ലി കഴിഞ്ഞയാഴ്ച വന്നു. ഇനിയും പലരും വരും. മരണശയ്യയിൽ കിടക്കുന്ന ഈ സർക്കാരിനെ രക്ഷിക്കാൻ മൃതസഞ്ജീവനിയാകും എന്ന് തെറ്റിദ്ധരിച്ചാണ് ലാവ്‌ലിൻ, ലാവ്‌ലിൻ എന്ന് വിളിച്ച് കൂവുന്നത്. പക്ഷേ അത് മൃതസഞ്ജീവനിയല്ല യു.ഡി.എഫ്-ന് എതിരായി അത് തിരിയാൻ പോകുകയാണെന്ന് ചർച്ചയ്ക്ക് തയ്യാറായാൽ മനസ്സിലാകും. യു.ഡി.എഫ്. രക്ഷപ്പെടാൻ പോകുന്നില്ല. വ്യവസായ നിക്ഷേപം വരാത്തതിന് പ്രതിപക്ഷമാണ് കുറ്റക്കാർ എന്ന് മന്ത്രിമാരും അംഗങ്ങളും പറഞ്ഞു. പ്രത്യേകിച്ച് ശ്രീ. കുഞ്ഞാലിക്കുട്ടി കേൾക്കാൻ പറയുകയാണ് കഴിഞ്ഞ നാലേമുക്കാൽ വർഷത്തിനിടയിൽ കേരളത്തിന് അപമാനം വരുത്തിവച്ച, ലോക മാധ്യമങ്ങളിൽ സ്ഥാനംപിടിച്ച അക്രമ പേക്കൂത്തുകൾ നടത്തിയത് യു.ഡി.എഫ്. ഗവൺമെന്റും ഘടക കക്ഷികളും ചേർന്നല്ലേ? പത്ര മാധ്യമങ്ങളെ ആക്രമിച്ച ഇത്രയും ഭീകരമായ സംഭവം കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? കേരള സംസ്ഥാന ചരിത്രത്തിൽ ആദ്യമായി മാധ്യമ പ്രവർത്തകരെ പെപ്പട്ടിയെ തല്ലുന്നതുപോലെ തല്ലിയില്ലേ? അത് ലോകമാധ്യമങ്ങളിൽവരെ കാണിച്ചു. ആരാണ് നടത്തിയത്? ക്ളിഫ് ഹൗസിന് മുമ്പിൽ വച്ച് അടിച്ചില്ലേ? കരിപ്പൂർ വിമാനത്താവളത്തിൽ ലീഗിന്റെ പ്രവർത്തകർ അക്രമ പേക്കൂത്ത് നടത്തിയില്ലേ? ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടിക്ക് മന്ത്രിസ്ഥാനം പോകാനിടയായ അഭിമുഖം ഇൻഡ്യാവിഷനിൽ കൊണ്ടുപോയി പ്രദർശിപ്പിച്ചത് എൽ.ഡി.എഫ്. അല്ല. അത് ആരാണെന്ന് കാസർഗോട്ടുകാർക്ക് കൃത്യമായി അറിയാം. ഞാനിവിടെ പറയുന്നില്ല. ആരാണ് ശ്രീ. കുഞ്ഞാലിക്കുട്ടിയുമായി ബന്ധപ്പെട്ട കാര്യം ഇൻഡ്യാവിഷനിൽ കൊണ്ടുപോയി പ്രദർശിപ്പിച്ചത് എന്ന് കാസർഗോഡ് ജില്ലയിൽ പരസ്യമാണ്. അതിനെച്ചൊല്ലി മന്ത്രിയുടെ രാജിയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ വിമാനത്താവളത്തിൽ കലാപം നടത്തി. ഇൻഡ്യയിലും ഇൻഡ്യക്ക് പുറത്തും ഇലക്ട്രോണിക് മാധ്യമങ്ങളിൽ വാർത്ത വന്നു. അതുകണ്ട് ആവേശം വന്ന് അതുകണ്ട് രോമാഞ്ചംകൊണ്ട് എത്ര വിദേശ വ്യവസായികളാണ് കേരളത്തിൽ വന്നതെന്നുള്ള കണക്ക് യു.ഡി.എഫ്. നേതൃത്വം പറഞ്ഞാൽ നന്ന്, നൂറ് എം. എൽ. എ.-മാരുടെ പിന്തുണയോടെ അധികാരത്തിൽ വന്ന യു.ഡി.എഫ്.-ന്റെ അന്നത്തെ അഹങ്കാരത്തിന് ഈ സഭ സാക്ഷിയായിരുന്നു. ഇപ്പോൾ എവിടെയെത്തി? ബി.ജെ.പി.-യെക്കുറിച്ച് ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചു. പക്ഷേ പേര് പറഞ്ഞില്ല. ചില ഭാര്യമാർ ഭർത്താക്കൻമാരെ 'ഏയ്' എന്ന് വിളിക്കും. പേര് വിളിക്കില്ല. അതു പോലെ യു.ഡി.എഫ്.-ന് ബി.ജെ.പി. എന്ന് പറയാൻ പേടിയാണ്. കാരണം ഇനിയും ബി.ജെ.പി.-യെ കൂട്ടുപിടിക്കണം. ഇവിടെ പറഞ്ഞല്ലോ കൂട്ടുകൂടിയില്ല എന്ന്. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ചോദിക്കട്ടെ, ഞങ്ങളുടെ കാസർഗോഡ് ജില്ലയിൽ ശ്രീ. സി. ടി. യും ശ്രീ. ചെർക്കളവും ഇവിടെയില്ല. ബി.ജെ.പി. അക്കൗണ്ട് തുറക്കുന്ന ഒരു മണ്ഡലം കാസർഗോഡിന്റെ വടക്കേ അറ്റത്തുള്ള.....വർഗ്ഗീയ ശക്തികൾക്ക് കടുത്ത സ്വാധീനമുള്ള, മനുഷ്യൻ മരിച്ചു വീണാൽ ഹിന്ദുവാണോ മുസ്ലീമാണോ എന്ന് അന്വേഷിക്കുന്ന മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ കഴിഞ്ഞ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നിങ്ങളുടെ ഒരു മുൻ മന്ത്രിയുടെ നേതൃത്വത്തിൽ ബി.ജെ.പി.-യും കോൺഗ്രസും ലീഗും ഒന്നിച്ചാണ് രണ്ട് പ്രധാനപ്പെട്ട പഞ്ചായത്തുകളിൽ മൽസരിച്ചത്. എന്നിട്ട് ഞങ്ങളോട് ഇവിടെ വന്ന് ബി.ജെ.പി. വിരോധം പറയുന്നു. ഇതാണോ രാഷ്ട്രീയം? കൂത്തുപറമ്പിൽ നിന്ന് വീണ്ടും ജയിച്ചുവന്ന ശ്രീ. പി. ജയരാജൻ ഇവിടെ ഉണ്ട്. സാധാരണ തെരഞ്ഞെടുപ്പിൽ ജയിക്കും, തോൽക്കും. ഒന്നാം സ്ഥാനം ജയിക്കുന്ന പാർട്ടിക്ക്. രണ്ടാം സ്ഥാനം തോൽക്കുന്ന പാർട്ടിക്ക് കൂത്തുപറമ്പ് ഇല ക്ഷൻ കഴിഞ്ഞപ്പോൾ ഒന്നാം സ്ഥാനത്ത് എൽ.ഡി.എഫ്. സ്ഥാനാർത്ഥി നിൽക്കുന്നു. രണ്ടാം സ്ഥാനത്ത് എൽ.ഡി.എഫ്. സ്ഥാനാർത്ഥിയുടെ ഭൂരിപക്ഷം. മൂന്നാം സ്ഥാനത്ത് യു.ഡി.എഫ്. അതല്ലേ ഉണ്ടായത്? എൽ.ഡി.എഫ്. സ്ഥാനാർത്ഥിക്ക് കിട്ടിയ ഭൂരിപക്ഷം പോലും യു.ഡി.എഫ്. സ്ഥാനാർത്ഥിക്ക് കിട്ടിയില്ല. ജനങ്ങളിൽ നിന്ന് സമ്പൂർണ്ണമായി ഒറ്റപ്പെട്ടുകഴിഞ്ഞു ഈ സർക്കാർ. മലയാള മനോരമ പത്രം ആർക്കുവേണ്ടിയുള്ള പത്രമാണെന്ന് എല്ലാവർക്കും അറിയാം. ആ മനോരമ പത്രം സഹികെട്ട് ചരിത്രത്തിലാദ്യമായി നിങ്ങളുടെ ഒരു മന്ത്രി രാജിവയ്ക്കണമെന്ന് മുഖപ്രസംഗം എഴുതി. 12-1-2006-ന് സഹികെട്ട്, നിവൃത്തിയില്ലാതെ മലയാള മനോരമ മുഖപ്രസംഗം എഴുതി "മന്ത്രി രാമചന്ദ്രൻ രാജിവയ്ക്കണം. ഒരു രാജി നാടകം ഇതിനകം അഭിനയിച്ച മന്ത്രി ശ്രീ. കെ. കെ. രാമചന്ദ്രന്റെ രാജി ഇനിയൊട്ടും വൈകിക്കൂടാ രാഷ്ട്രീയ സദാചാരം ആവശ്യപ്പെടുന്നത്." അങ്ങനെയൊരു രാജിയാണെന്ന് മനോരമ മുഖപ്രസംഗമെഴുതി. എത്ര മന്ത്രിമാരെ നിങ്ങൾ മാറ്റി? 40-ഓളം മന്ത്രിമാർ മാറി മാറി വന്നു. രണ്ട് മുഖ്യമന്ത്രിമാർ മനോരമ അതിലും ഒരു കാർട്ടൂൺ.....

ശ്രീ. പി. ജയരാജൻ : ബഹുമാനപ്പെട്ട സതീശ്ചന്ദ്രൻ പ്രസംഗം തുടങ്ങിയത് പ്രഖ്യാപനങ്ങൾ മാത്രം നടത്തുന്ന ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ് എന്നാണ്. അതിനെ അടിസ്ഥാനപ്പെടുത്തി യുണൈറ്റഡ് ഡെമോക്രാറ്റിക് ഫ്രണ്ട് എന്നു പറയുന്ന യു.ഡി.എഫ്.-ന്റെ പേരുമാറ്റി യുണൈറ്റഡ് ഡിക്ലറേഷൻ ഓൺലി ഫ്രണ്ട് എന്നാക്കി മാറ്റിയ കാര്യം അങ്ങേക്ക് അറിയാമോ?

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : അത് പരിശോധിക്കേണ്ട കാര്യമാണ്. മനോരമയിൽ വന്ന കാർട്ടൂൺ ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. നാല് മാസത്തേക്ക് ..... ശ്രീ. സുജനപാൽ മന്ത്രിയായതിൽ സന്തോഷം. നാല് മാസത്തേക്ക് മന്ത്രിയായപ്പോൾ മനോരമ കുമ്പുക്കുറുപ്പിനെക്കൊണ്ട് പറയിപ്പിച്ചില്ലേ? അതിവേഗം, ബഹുദൂരം. വിശപ്പില്ലാത്ത കേരളം. എന്നപോലെ ഒരു പുതിയ പരിപാടിയാവാം. മനോരമ നിർദ്ദേശിച്ച പുതിയ പരിപാടി എന്താണെന്ന് അറിയാമോ? 'ഒരു ദിവസം ഒരു മന്ത്രി' മനോരമ പോലും നിങ്ങളുടെ ആർത്തിയെ വിമർശിക്കേണ്ടിവന്നു. അതാണ് ചിത്രം. ഈ തകർച്ചയിൽ നിന്ന് രക്ഷപ്പെടാൻവേണ്ടി കഴിയുമെന്ന

LIBRARY ARCHIVES Kerala Legislative Assembly

അവസാന പ്രതീക്ഷയിലാണ് ലാവ്‌ലിൻ പ്രശ്നം ഇവിടെ ഉന്നയിച്ചത്. ചർച്ച നടന്നാൽ എന്ത് സംഭവിക്കുമെന്ന് നിങ്ങൾക്ക് അറിയാം. ഇപ്പോൾ മുഴുവൻ പത്രങ്ങളിലും ലാവ്‌ലിന്റെ യഥാർത്ഥ വസ്തുത ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുകയാണ്. നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെയില്ല. ഇത്രയേറെ രാഷ്ട്രീയ പക്ഷപാതിത്വം കാണിക്കുന്ന ഒരു ധനകാര്യ വകുപ്പുമന്ത്രി എന്നുപറയേണ്ടി വന്നതിൽ എനിക്ക് അങ്ങേയറ്റത്തെ ഖേദമുണ്ട്. പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിൽ രാഷ്ട്രീയ വിവേചനം വച്ചുകൊണ്ട് നിഷേധാത്മകമായ നിലപാട് സ്വീകരിക്കുകയാണ്. എന്റെ മണ്ഡലത്തിലെ കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ. അപ്‌ഗ്രേഡ് ചെയ്യാൻ കഴിഞ്ഞ രണ്ട് വർഷങ്ങളിലും 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. നിരവധി തവണ തൊഴിൽ വകുപ്പുമന്ത്രി ആ ഫയൽ അയച്ചു. ബഹുമാനപ്പെട്ട മന്ത്രി ഇവിടെയുണ്ട്. ഇന്നേവരെ അതിന് അംഗീകാരം കൊടുക്കാൻവേണ്ടി തയ്യാറായില്ല. ഞാൻ ബഹുമാനപ്പെട്ട കൃഷി വകുപ്പു മന്ത്രിയോട് ഒരു കാര്യം പറയുന്നു. ഇവിടെ എൻഡോസൾഫാൻ ദുരിതബാധിതരെ വിളിച്ച് ചർച്ച ചെയ്തപ്പോൾ മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജെങ്കിലും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നടപ്പിലാക്കാൻ ത്രാണി കാണിക്കണം. കാംപ്കോയ്ക്ക് കൊടുക്കാനുള്ള സബ്സിഡി പത്ത് മാസമായി കിട്ടിയിട്ടില്ല. അവിടെ അടയ്ക്കാ കൃഷിക്കാർ കുത്തുപാളയെടുക്കുകയാണ്. അവർക്ക് ഈ സർക്കാർ കാംപ്കോയിലൂടെ കൊടുക്കാമെന്നു പറഞ്ഞ സബ്സിഡി കഴിഞ്ഞ പത്ത് മാസക്കാലമായി നൽകിയിട്ടില്ല. ഇനിയും പ്രഖ്യാപനങ്ങളുണ്ടാകും. പ്രഖ്യാപനങ്ങൾ മാത്രമുള്ള, പ്രഖ്യാപനങ്ങളിൽ മാത്രം ഒതുങ്ങിയ ഈ സർക്കാരിന്റെ ബഹിഷ്കരണ പ്രഖ്യാപനം കേരളത്തിലെ ജനങ്ങൾ രണ്ട് മാസത്തിനകം നടത്തുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അതിശക്തിയായി എതിർക്കുന്നു.

ശ്രീ. കെ. കെ. നായർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ചില കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ മൂന്നര പതിറ്റാണ്ടുകാലമായി ഈ സഭയിൽ മെമ്പറായി ഞാൻ പ്രവർത്തിക്കുകയാണ്. ഓരോ നിയമസഭാ സമ്മേളനം കഴിയുമ്പോഴും "ഇന്ന് ഇന്നലത്തേതിലും എത്രഭേദം" എന്ന് പറയാനുള്ള ഒരു അവസരം കിട്ടുന്നില്ല. "ഇന്ന് ഇന്നലത്തേതിലും എത്ര മോശം" എന്നാണ് അനുഭവം എന്നെ പഠിപ്പിക്കുന്നത്. ജനാധിപത്യത്തിന്റെ അടിത്തറ എന്നു പറയുന്നത് സഹിഷ്ണുതയാണ്. ആ സഹിഷ്ണുത ഇല്ലെങ്കിൽ ജനാധിപത്യം പുലരാൻ ബുദ്ധിമുട്ടാണ്. താങ്കളുമായി എനിക്ക് അഭിപ്രായവ്യത്യാസമുണ്ടെങ്കിലും താങ്കളുടെ അഭിപ്രായ പ്രകടനത്തിനുള്ള സ്വാതന്ത്ര്യത്തിന് താങ്കളോടൊപ്പം നിൽക്കാൻ ഞാൻ സന്നദ്ധനാണ് എന്നുള്ള ഒരു നയമാണ് ജനാധിപത്യ സംരക്ഷണത്തിന് ആവശ്യമായിട്ടുള്ളത്. ഒരാൾക്ക് തന്റെ അഭിപ്രായം പറയാൻ അവസരം നൽകാതെ അത് നിഷേധിക്കുന്ന ഒരവസരത്തിൽ ജനാധിപത്യം നിലനിൽക്കാൻ ബുദ്ധിമുട്ടാണ്. ഇന്നത്തേത് ഉൾപ്പെടെ ഇത് പതിനൊന്നാം കേരള നിയമസഭയാണ്. നിരവധി സമ്മേളനങ്ങൾ കഴിഞ്ഞിട്ടുണ്ട്. എല്ലാ സമ്മേളനങ്ങളിലും വിമർശനങ്ങൾ മാത്രമാണ് നമ്മൾ കേൾക്കാറുള്ളത്. വിമർശനങ്ങൾ എന്നു പറഞ്ഞാൽ നർമ്മത്തിൽ പൊതിഞ്ഞ വിമർശനങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ പരിഹാസത്തിന്റെ നിറം പകർത്തിയ വിമർശനങ്ങൾ. ക്രൂരതയുടെ വിഷം കലർത്തിയ കുത്തുകൾ. ഇതൊക്കെയാണ് നാം സാധാരണ കേൾക്കാറുള്ളത്. കഴിഞ്ഞ 58 വർഷമായി മാറി മാറി ഭരണം നടത്തിയതുകൊണ്ട് ഇരുപക്ഷത്തുമുള്ള ആളുകൾക്ക് ആവശ്യത്തിലധികം തെറ്റുകുറ്റങ്ങളും ആരോപണങ്ങളും പോരായ്മകളും ഉണ്ട്. അതെല്ലാം സമയോചിതമായി എടുത്ത് പ്രയോഗിക്കുന്നതിന് അപ്പുറം നമ്മൾ എന്തെങ്കിലും ചെയ്യാറുണ്ടോ എന്ന് ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നാം കടത്തെപ്പറ്റി പരാതി പറയും. സംസ്ഥാനത്തിന്റെ കടം വളരെ കൂടിയിരിക്കുന്നു; ശരിയാണ്. അതുപോലെ ദുർച്ചെലവുകളെപ്പറ്റി നമുക്ക് പരാതിയുണ്ട്. ഇതൊക്കെ ശരിയാണ്. പക്ഷേ നമ്മൾ ഒരു കാര്യമോർക്കണം. ഞാനൊരു അഡ്മിനിസ്ട്രേറ്ററോ അല്ലെങ്കിൽ സാമ്പത്തിക വിദഗ്ധനോ അല്ല എങ്കിലും ചില നിർദ്ദേശങ്ങൾ സഭയുടെ മുമ്പിൽ വയ്ക്കാൻ ആഗ്രഹിക്കുന്നു. കാരണം മുപ്പത്തഞ്ച് കൊല്ലക്കാലമായി ഒരു പരിഹാരത്തിനോ പോരായ്മകൾക്കോ പരിഹാരം നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു പ്രസ്താവന ആരുടെ പക്കൽനിന്നും ഈ സഭയിൽ കേട്ടിട്ടില്ല. അതുകൊണ്ടാണ് ചില നിർദ്ദേശങ്ങൾ ഞാൻ മുന്നോട്ടുവയ്ക്കുന്നത്. നമ്മുടെ വരുമാനം ഏതെല്ലാം കാര്യങ്ങൾക്കുവേണ്ടിയാണ് നാം ചെലവഴിക്കുന്നത് എന്ന് ആലോചിക്കണം. സംസ്ഥാനത്തിന്റെ വരുമാനത്തിൽ 90 ശതമാനവും മൂന്ന് കാര്യങ്ങൾക്കാണ് ചെലവഴിക്കുന്നത്. ശമ്പളം, പെൻഷൻ, കടത്തിന് പലിശ കൊടുക്കൽ. ബാക്കി വരുന്ന 9 ശതമാനത്തിലധികം വരുന്ന തുകയാണ് ഈ രാജ്യത്തിലെ 95 ശതമാനം വരുന്ന ജനവിഭാഗങ്ങളെ തീറ്റിപ്പോറ്റാനായി വിനിയോഗിക്കുന്നത്. ഏതെങ്കിലും ഒരു ഗവൺമെന്റിന് അത് കഴിയുമോ എന്നുള്ളത് ആലോചിക്കേണ്ടതാണ്. അതുകൊണ്ട് പുതിയ പദ്ധതി നടത്തിപ്പിനായി കൂടുതൽ തുക കടം വാങ്ങേണ്ട സ്ഥിതിയുണ്ടായി. ഇതിന് പരിഹാരം കാണേണ്ടതാണ്. കേരളത്തിൽ ഇത്ര ബൃഹത്തായ ഒരു ഭരണയന്ത്രത്തിന്റെ ആവശ്യമുണ്ടോയെന്ന് ചിന്തിക്കേണ്ടതാണ്. ഗവണ്മെന്റിന്റെ ചുമതലയുള്ള പല പ്രസ്ഥാനങ്ങളും മാറ്റി സ്വതന്ത്രമാക്കിയാൽ ഗവൺമെന്റിന്റെ ഭരണച്ചെലവ് കുറയ്ക്കാൻ കഴിയും. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡു പോലെ. പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിനും ഒരു ബോർഡുണ്ടാക്കി ഭരണത്തിന്റെ ചുമതല അവരെ ഏൽപ്പിക്കണം. ഈ ബോർഡ് ഉണ്ടാക്കുമ്പോൾ രാഷ്ട്രീയവുമായി ബന്ധമുള്ള ആളുകൾക്ക് ഒരു അഭയകേന്ദ്രമായി ഇത് മാറാൻ ഇടവരരുത്. ആവശ്യമില്ലാതെ ഉദ്യോഗസ്ഥരെ സൃഷ്ടിക്കുന്ന ഒരു ഏർപ്പാടുമാകരുത്. ആവശ്യാനുസരണം മാത്രം ഉദ്യോഗസ്ഥരെ വച്ച് ഒരു ബോർഡാക്കി മാറ്റണം. നമ്മുടെ രാജ്യത്ത് നാഷണലൈസ്ഡ് ബാങ്കുകളിലും ഷെഡ്യൂൾഡ് ബാങ്കുകളിലുമായി 95,000 കോടിരൂപയിലധികമുള്ള ഡെപ്പോസിറ്റ് ഉണ്ട്. ഈ രൂപ ഈ രാജ്യത്ത് വിനിയോഗിക്കുന്നില്ല. വളരെ തുച്ഛമായ തുക മാത്രമേ ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നുള്ളൂ. ഗവണ്മെന്റ് ഗ്യാരന്റി കൊടുത്ത് ഈ ബോർഡിന് ബാങ്കിൽ നിന്ന് പണമെടുത്ത് വർക്ക് ചെയ്യാനുള്ള അവസരമുണ്ടാക്കിക്കൊടുക്കണം. ഗവൺമെന്റ് ജോലിയായാലും ശമ്പളം, തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജോലിയായാലും യൂണിവേഴ്സിറ്റികളിലെ ജോലിയായാലും ശരി എല്ലാം ഇവരെത്തന്നെ എൽപ്പിക്കണം. അവർ ജോലി ചെയ്ത് ആദായമുണ്ടാക്കി ജീവനക്കാർക്ക് ശമ്പളം കൊടുത്ത് കാര്യങ്ങൾ നടത്തട്ടെ. സർക്കാർ എന്തിനാണ് ചുമതല വഹിക്കുന്നത്? ഈ രീതിയിൽ നമുക്ക് മുന്നോട്ട് പോകാൻ സാധ്യമല്ലേ? അത് നമ്മൾ ചിന്തിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അത്തരമൊരു സംവിധാനമുണ്ടാക്കിയാൽ എൻജിനീയർമാർ ഗസ്റ്റ് ഹൗസിൽ പോയിരുന്ന് ബിൽ എഴുതുന്നതും അതുപോലുള്ള അവസ്ഥാവിശേഷമുണ്ടാകാതിരിക്കും. ഇപ്പോൾത്തന്നെ ഒരു ബിൽ മാറുമ്പോൾ 2.5% മേശപ്പുറത്ത് വയ്ക്കാതെ ബിൽ മാറാത്ത സ്ഥിതിവിശേഷമാണിന്നുള്ളത്. ആ സ്ഥിതി വിശേഷം മാറി അഴിമതിയില്ലാതെ, സത്യസന്ധമായി ജോലി ചെയ്യുന്ന സ്ഥിതി ഇങ്ങനെയൊരു ബോർഡുണ്ടാക്കുന്നതുകൊണ്ട് നമ്മുടെ രാജ്യത്ത് ഉണ്ടാകും. മറ്റൊരു കാര്യം മെഡിക്കൽ ഡിപ്പാർട്ടുമെന്റിനെ ഒരു ഇൻഷ്വറൻസ് മേഖലയ്ക്ക് കൈമാറിയാൽ ഗവണ്മെന്റിന് എത്ര ശതമാനം ചെലവ് കുറയ്ക്കാൻ സാധിക്കുമെന്ന് നമ്മൾ ആലോചിക്കണം. ഇന്ന് അതിന് നമ്മളൊരു സംവിധാനം ആസൂത്രണം ചെയ്തിട്ടുണ്ട്. പക്ഷേ അതിന് അതിന്റേതായ പല പോരായ്മകളുമുണ്ടെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സഹകാര്യ ആശുപത്രികൾക്കും .അതിൽ പങ്കാളികളാകാൻ അവസരം കൊടുത്താൽ ഈ 30000 രൂപ അതിന്റെ ആളുകൾക്ക് ചികിത്സയ്ക്ക് വച്ചു കൊടുക്കുന്ന ആ സമ്പത്ത് ഒന്നു രണ്ട് പനി വന്നുകഴിയുമ്പോൾ അവരുടെ ബിൽ പൂർത്തിയായി തീരുമെന്നുള്ള അവസ്ഥാവിശേഷം ഉണ്ടാകും. അത് നമ്മൾ അനുഭവത്തിൽ കാണാൻ പോകുകയാണ്. അപ്പോൾ ആ രീതിയിലുള്ള ഇൻഷ്വറൻസ് സംവിധാനമല്ല ഞാനുദ്ദേശിക്കുന്നത്. ഈ രാജ്യത്ത് ഇൻഷ്വറൻസിൽ ചേരുന്ന മുഴുവൻ ആളുകൾക്കും ഏറ്റവും നല്ല ചികിത്സ കൊടുക്കത്തക്കവിധത്തിലുള്ള സംവിധാനം നമ്മൾ ആസൂത്രണം ചെയ്യണം. എല്ലാ വിധത്തിലുള്ള ആശുപത്രികളും അതിന് അനുസരിച്ച് മാറ്റിയെടുക്കാൻ ശ്രമിക്കണം. ഈ ബാങ്കിലെ പണം ഗവൺമെന്റ് ഗ്യാരന്റി കൊടുത്താൽ അതെല്ലാം ചെയ്യാൻ കഴിയും. ആളുകളുടെ സാമ്പത്തിക സ്ഥിതിയനുസരിച്ച് ഇൻഷ്വറൻസ് ഫീസ് ചുമത്തണം. കൂടുതൽ പണമുള്ളവരെക്കൊണ്ട് പണം കൂടുതൽ അടപ്പിക്കണം. അവർക്ക് കൂടുതൽ മെച്ചപ്പെട്ട സൗകര്യമുണ്ടാക്കിക്കൊടുക്കുന്നതിൽ തെറ്റില്ല. അങ്ങനെ ഇൻഷ്വറൻസ് ഫീസ് അടയ്ക്കുന്ന മുഴുവൻ ആളുകൾക്കും ഒരേ രീതിയിൽ ചികിൽസ കിട്ടുന്ന രീതിയിലുള്ള സംവിധാനം ഈ രാജ്യത്ത് ആസൂത്രണം ചെയ്യണം. എങ്കിൽ മാത്രമേ പാവപ്പെട്ട രോഗികൾക്ക് കൺസൾട്ടിംഗ് ഫീസ് കൊടുക്കാതെ, മരുന്ന് വാങ്ങാനും ടെസ്റ്റ് നടത്താനും അലയേണ്ട ആവശ്യമുണ്ടാകില്ല. അത്തരത്തിലുള്ള സംവിധാനമുണ്ടാക്കിക്കഴിയുമ്പോൾ ഭരണച്ചെലവ് കുറയുകയും ജനങ്ങൾക്ക് പ്രയോജനകരമായ അവസ്ഥാവിശേഷമുണ്ടാകുകയും ചെയ്യും. മറ്റൊന്ന് വിദ്യാഭ്യാസരംഗമാണ്. നമ്മുടെ വിദ്യാഭ്യാസം മുഴുവനും പൊളിച്ചെഴുതണം. ഇന്നത്തെ രീതിയിലുള്ള വിദ്യാഭ്യാസം ഭാരതത്തിന് പറ്റിയതല്ല. കാരണം നമ്മുടെ ഭരണഘടനയിൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധമായും സൗജന്യ വിദ്യാഭ്യാസം കൊടുക്കണമെന്നാണ്. ഭരണഘടനയെ പിടിച്ചാണയിടുന്നവരാണ് നമ്മൾ. പക്ഷേ ഇന്ന് രാജ്യത്ത് അൺ എയ്ഡഡ് സ്കൂളുകൾ, ഒരു കുട്ടിയിൽ നിന്ന് എത്ര ഫീസാണ് വാങ്ങുന്നതെന്ന് ആലോചിക്കണം. ഇതനുവദിച്ചുകൊടുക്കുന്നത് ശരിയാണോ? അതുകൊണ്ട് എനിക്ക് പറയാനുള്ളത് അംഗൻവാടികളെ പുഷ്ടിപ്പെടുത്തി, കുട്ടികൾ സ്കൂളുകളിൽ ചേരുന്നതിനുമുമ്പ് അവർക്ക് അവിടെ വിദ്യാഭ്യാസം കൊടുക്കണം. അതുപോലെ എൽ.പി. സ്കൂളിന്റെയും മിഡിൽ സ്കൂളിന്റെയും ചുമതല തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ഗവണ്മെന്റുതന്നെ പൂർണ്ണമായി ഏറ്റെടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അതിനുശേഷം ഗവണ്മെന്റ് സ്കൂളുകൾക്കൊപ്പം സ്വകാര്യ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി വിദ്യാഭ്യാസത്തിന് അനുവാദം നൽകുന്നതിൽ തെറ്റില്ല. ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ഏഴാം സ്റ്റാൻഡേർഡിനുമേൽ എല്ലാ കുട്ടികൾക്കും ഫീസ് ചുമത്തണം. കുട്ടികളുടെ രക്ഷിതാക്കളുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് ഫീസ് സ്ട്രക്ചർ നിശ്ചയിച്ച് ഫീസ് ഈടാക്കണം. അങ്ങനെ വാങ്ങുന്ന ഫീസിൽ പകുതി സർക്കാരിലടയ്ക്കുകയും പകുതി മാനേജ്മെന്റ് എടുക്കുകയും വേണം. പകുതി ഫീസ് മാനേജ്മെന്റ് കൊടുക്കുന്ന അവസരത്തിൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന ശമ്പളത്തിന്റെ പകുതി സർക്കാർ കൊടുക്കണം ബാക്കി മാനേജ്മെന്റ് കൊടുക്കാൻ നിർബന്ധിതരാകണം. ആ രീതിയിൽ വരുമ്പോൾ നിയമനത്തിന് കാശ് വാങ്ങിയിട്ട് ശമ്പളം സർക്കാർ കൊടുക്കുന്ന ഈ രീതി മാറി ഗവണ്മെന്റിന്റെ പാഴ്ച്ചെലവ് കുറയും. എസ്.സി/എസ്.ടി. കുട്ടികൾക്ക് സ്കോളർഷിപ്പ്, സ്പെഷ്യൽ ട്യൂഷൻ എന്നിവ അനുവദിച്ച് അവരെ നമ്മൾ സംരക്ഷിക്കേണ്ടി വരും. പക്ഷേ ഈ കാര്യങ്ങൾ ഒക്കെ ചെയ്യുമ്പോൾ നമ്മൾ മറ്റ് ചില നടപടികൾ കൈക്കൊള്ളണം. 50 ലക്ഷം ജനങ്ങളുള്ള ഒരു കമ്മ്യൂണിറ്റിക്ക് 5 ശതമാനം റിസർവേഷൻ കൊടുത്താൽ എല്ലാം ശുഭമായി എന്നാണ് നമ്മുടെ വിശ്വാസം. അത് ശരിയാണെന്നെനിക്കു തോന്നുന്നില്ല. 18 വയസ്സായ യുവതീ-യുവാക്കൾക്ക് തൊഴിൽ ചെയ്യാനും വരുമാനമുണ്ടാക്കാനും ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധിച്ച് അതിന് നടപടി എടുക്കണം. അത് വളരെ ബുദ്ധിമുട്ടുള്ളതാണെന്നെനിക്കു തോന്നുന്നില്ല. ചില രംഗങ്ങൾ എടുത്ത് പരിശോധിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ കാർഷികരംഗം എടുത്തു പരിശോധിച്ചാൽ ഇന്നത്തെ സ്ഥിതിയെന്താണ്? നമ്മുടെ നിയമസഭയിൽത്തന്നെ ഈ രംഗത്തിന് പണം മാറ്റിവച്ചത് കുറഞ്ഞുപോയി എന്ന് പരാതിപ്പെടാറുണ്ട്. പക്ഷേ ഒരു കൃഷിക്കാരന്റെ യഥാർത്ഥ പ്രശ്നത്തെപ്പറ്റി ചിന്തിച്ചിട്ടുണ്ടോയെന്ന് സംശയമാണ്. ഒരു കൃഷിക്കാരന്റെ പ്രശ്നം എന്നുപറയുന്നത് അവന് സമയാസമയങ്ങളിൽ ജോലിക്ക് ആളുകളെ കിട്ടണമെന്നതാണ്. അതുപോലെ അവന് താങ്ങാവുന്ന വിധത്തിലുള്ള കൂലി വ്യവസ്ഥയുമുണ്ടാകണം. തൊഴിലാളിക്കാണെങ്കിൽ ഇന്നത്തെ രീതിയിൽ ജീവിക്കാനാവശ്യമായ വരുമാനം കിട്ടണം. അതാണ് അവന്റെ പ്രശ്നം. ഈ രണ്ടു പ്രശ്നങ്ങളും എങ്ങനെ പൊരുത്തപ്പെടുത്തണമെന്ന് നമ്മളാലോചിക്കണം. ഈ രംഗത്ത് ഗവൺമെന്റ് കർശനമായി ഇടപെടണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതിനെപ്പറ്റി ഞാൻ ഒരു പ്രാവശ്യം ഇവിടെ പറഞ്ഞിട്ടുള്ളതാണ്. കർഷകരെ സഹായിക്കാനായി സ്ഥിരമായി ഓരോ പഞ്ചായത്തിലും 5 സ്ഥലങ്ങളിലായിട്ട് 20 ആളുകൾ വീതമുള്ള ഓരോ യൂണിറ്റുണ്ടാക്കണം. 30 വയസ്സിനു താഴെയുള്ള, poverty line-നു താഴെയുള്ള, കായികാദ്ധ്വാനം ചെയ്യാൻ മനസ്സുള്ള, യുവജനങ്ങളെ സംഘടിപ്പിച്ച് യൂണിറ്റുണ്ടാക്കി, ഓരോ യൂണിറ്റിന്റെയും ചുമതല സാമൂഹിക പ്രതിബദ്ധതയുള്ള കൃഷി ഉദ്യോഗസ്ഥനെ എൽപ്പിക്കണം. ആ ഉദ്യോഗസ്ഥന്റെ ചുമതല ഓരോ കർഷകത്തൊഴിലാളിക്കും പ്രതിമാസം 20 ദിവസത്തെ ജോലിയെങ്കിലും സംഘടിപ്പിച്ച് കൊടുക്കുക എന്നുള്ളതാണ്. ജോലിക്ക് ആളെ ആവശ്യമായി വരുമ്പോൾ യൂണിറ്റ് നേതാവിനെ കാണുകയും അയാൾക്ക് ആളുകളെ വിട്ടുകൊടുത്താൽ ജോലിക്കുള്ള കൂലിയായി 75 രൂപ കൃഷിക്കാരൻ തൊഴിലാളിക്ക് കൊടുക്കണം. ഈ 75 രൂപ കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കർഷകത്തൊഴിലാളിക്ക് ജീവിക്കാൻ പറ്റുകയില്ല. ബാക്കി 75 രൂപ സർക്കാരും ചേർന്ന് കൊടുക്കണം. 75 രൂപ സ്വന്തമായുണ്ടാക്കുന്നവന് മാത്രം 75 രൂപ സർക്കാർ കൊടുത്താൽ മതി. അങ്ങനെ 150 രൂപ വച്ച് 20 ദിവസം കിട്ടുമ്പോൾ ഒരു കുടുംബത്തിന് 3,000 രൂപ സ്ഥിര വരുമാനമായി കൊടുക്കാൻ കഴിയും. ഒരു ലക്ഷം ആളുകളെ സംഘടിപ്പിച്ചുകൊണ്ട് ഒരു പരീക്ഷണം എന്ന നിലയിൽ ഈ രംഗത്ത് ഇറങ്ങിക്കഴിഞ്ഞാൽ ഒരു ലക്ഷം ആളുകൾക്ക് 3,000 രൂപ വീതം ശമ്പളം കൊടുത്താൽ ഒരു മാസത്തേയ്ക്ക് 30 കോടി രൂപ വേണ്ടിവരും. ഒരു വർഷത്തേക്ക് 360 കോടി രൂപ വേണ്ടിവരും. ഈ 360 കോടി രൂപയിൽ 180 കോടി രൂപ കൃഷിക്കാർ ജോലി ചെയ്യിക്കുന്ന ആളുകൾക്ക് കൊടുക്കുന്നതാണ്. ബാക്കി 180 കോടി രൂപ സർക്കാർ അന്വേഷിച്ചാൽ മതി. 180 കോടിയിൽ കേന്ദ്രഗവണ്മെന്റിന്റെ തൊഴിലുറപ്പു പദ്ധതിയിൽ നിന്ന് 60 രൂപ വച്ച് 100 ദിവസത്തേക്കുള്ള തുക സർക്കാരിന് കിട്ടും. ഇത് ലിങ്ക് ചെയ്തുപോകുമ്പോൾ 60 കോടി രൂപ അങ്ങനെയുണ്ടാക്കാം. പിന്നെ സർക്കാരിനു പോകുന്നത് 120 കോടി രൂപയാണ്. ഇതൊരു പ്രോജക്ടായി കേന്ദ്രഗവൺമെന്റിനുമുമ്പിൽ അവതരിപ്പിച്ചാൽ നിശ്ചയമായും ഇതിന് 40-45% ഗ്രാന്റ് കിട്ടാനുള്ള സാധ്യതയുമുണ്ട്.

2.00 P.M.] ഇതെല്ലാം കൂടി വാങ്ങി സംവിധാനം നമുക്ക് നടപ്പിലാക്കാൻ കഴിയുമെങ്കിൽ ഒരുലക്ഷം തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥിരമായ വരുമാനവും ഭദ്രതയും ഉണ്ടാക്കാൻ കഴിയും. ഇങ്ങനെയുള്ള തൊഴിൽ ഭദ്രതയും സാമ്പത്തിക ഭദ്രതയുമുണ്ടായിക്കഴിയുമ്പോൾ അതിന്റെ പ്രയോജനം കൃഷിക്കാർക്കാണ് ഉണ്ടാകുന്നത്. കൃഷിക്കാരന് കൊടുക്കുന്ന സബ്സിഡിയായി മാത്രം ഇതിനെ കണക്കാക്കിയാൽ മതി. ആ രീതിയിൽ ഇത് പരിഷ്ക്കരിക്കാൻ, നടപടികൾ സ്വീകരിക്കാൻ നമ്മൾ തയ്യാറാകണം. അതുപോലെ എല്ലാവർക്കും തൊഴിലുണ്ടാകുന്ന പല കാര്യങ്ങളും നമുക്ക് ചെയ്യാൻ കഴിയും. മദ്യവിതരണ രംഗത്തും ഒരല്പം നിയന്ത്രണം ഏർപ്പെടുത്തിയാൽ നമുക്ക് ആ രംഗത്തും രണ്ടോമൂന്നോ ലക്ഷം തൊഴിലുണ്ടാക്കാൻ ബുദ്ധിമുട്ടില്ല. അങ്ങനെ എല്ലാവർക്കും തൊഴിലുണ്ടാക്കുന്ന ഒരു സംവിധാനം ഈ രാജ്യത്തുണ്ടാക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് മാത്രം വിചാരിച്ചാൽ നടക്കില്ല. എല്ലാ പാർട്ടികളുംകൂടി ആലോചിച്ച് ഒരു സമവായമുണ്ടാക്കി മുന്നോട്ടുപോയാൽ മാത്രമേ ഇത്തരം കാര്യങ്ങൾ രാജ്യത്ത് നടപ്പിലാക്കാൻ പറ്റുകയുള്ളൂ. പതിനായിരക്കണക്കിന് ഏക്കർ ഭൂമി ജന്മിമാരിൽ നിന്നും മാറ്റി പാട്ടക്കാർക്കും അതുപോലെതന്നെ കുടികിടപ്പുകാർക്കും മറ്റുമുണ്ടാക്കി കൊടുക്കാൻ നമുക്ക് കഴിഞ്ഞുവെങ്കിൽ നിശ്ചയമായും ഇത്തരം പരിപാടികൾ ഈ രാജ്യത്ത് നടപ്പിലാക്കാൻ കഴിയും. അതുകൊണ്ട് എല്ലാ പാർട്ടികളുംകൂടി സംയോജിച്ച് ഒരു സമവായമുണ്ടാക്കി ഈ കാര്യം നിർവ്വഹിക്കണം. അത് ഇന്നത്തെ സാഹചര്യത്തിൽ, പരസ്പരം കടിച്ചുകീറാൻ നിൽക്കുന്ന ഈ സാഹചര്യത്തിൽ നടക്കുമോയെന്ന് സംശയമാണ്. അതിനുവേണ്ടി എന്തുചെയ്യണം? നമ്മൾ ഗാന്ധിമാർഗ്ഗം കൈയിലെടുത്താലോ എന്ന് ആലോചിക്കണം. 72 മണിക്കൂർ ഈ രാജ്യത്ത് എല്ലാ രാഷ്ട്രീയ പ്രവർത്തകരും പത്ര പ്രവർത്തകരും ഉപവാസം നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത് മൗനവ്രതത്തോടുകൂടി ഉപവാസം നടത്തിയാൽ 72 മണിക്കൂർ കഴിയുമ്പോൾ മനസ്സൊക്കെ സ്വസ്ഥമായി ജനങ്ങളുടെ കാര്യങ്ങൾ ചിന്തിക്കാനുള്ള പ്രാപ്തി വരും. ആ രീതിയിൽ ഒന്ന് ആലോചിച്ചതിനുശേഷം പൊതുവായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

മാർഗ്ഗത്തിനുവേണ്ടി നമ്മൾ പരിശ്രമിച്ചാൽ നിശ്ചയമായും ആ മാർഗ്ഗം കണ്ടെത്താൻ കഴിയും. അങ്ങനെ ഈ രാജ്യത്ത് ഒരു നല്ല രീതിയിലുള്ള ഭരണസംവിധാന മുണ്ടാക്കാൻ കഴിയും. അത്തരം ഒരു കാര്യത്തെക്കുറിച്ച് ചിന്തിക്കാൻ നിങ്ങളെയെല്ലാം ഞാൻ ക്ഷണിക്കുകയാണ്. അതേസമയം അത്തരം ഒരു കാലഘട്ടം വരുന്നതുവരെ ഭരണവും നടക്കണമല്ലോ. അതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സാജു പോൾ: സർ, ഞാൻ ഈ അധിക ധനാഭ്യർത്ഥനകളെയും ഉപധനാഭ്യർത്ഥനകളെയും എതിർക്കുകയാണ്. ജനവിരുദ്ധ നയങ്ങൾ ആവിഷ്കരിക്കുകയും ഭരണത്തിലൂടനീളം അഴിമതി നടത്തുകയും ചെയ്യുന്ന സർക്കാരിന്റെ ധനാഭ്യർത്ഥനകളെ അനുകൂലിക്കുവാൻ നിർവ്വാഹമില്ലാത്തതുകൊണ്ടാണ് ഞാൻ എതിർക്കുന്നത്. ധനാഭ്യർത്ഥനകളെക്കുറിച്ച് വളരെയേറെ പറയാനുണ്ടെങ്കിലും എല്ലാവരും സ്വീകരിച്ച രീതി ഞാനും തുടരുകയാണ്. ഇവിടെ ശ്രീ. കെ. ശങ്കരനാരായണൻ ചതിവിൽ കളവു നടത്തുന്നതിനെക്കുറിച്ച് ശ്രീ. കെ. പി. സതീശ് ചന്ദ്രൻ സൂചിപ്പിച്ചു. കുറച്ചുമുമ്പ് വേറൊരു പ്രസംഗം ഇവിടെ കേട്ടു. രാഷ്ട്രീയക്കാരിലെ മൂല്യച്യുതിയെപ്പറ്റി എന്തൊരു വിലാപമാണ് ശ്രീ. ടി. എൻ. പ്രതാപൻ നടത്തിയത്? അല്പസമയം കഴിഞ്ഞപ്പോൾ അദ്ദേഹം ഇവിടെയുള്ള ഉദ്യോഗസ്ഥരെ മുഴുവൻ വെള്ള പൂശുകയും ചെയ്തു. ഉദ്യോഗസ്ഥർ മുഴുവൻ കുഴപ്പക്കാരല്ല, രാഷ്ട്രീയക്കാരിലും എല്ലാവരും നല്ല വരല്ല. പക്ഷേ 45 കൊല്ലം ഇന്ത്യ ഭരിച്ച കോൺഗ്രസ്സിന്റെ അവസ്ഥ കണ്ടിട്ട് കുഞ്ഞുണ്ണിമാഷ് രാഷ്ട്രീയത്തിന് ഒരു നിർവ്വചനം കൊടുത്തു. രാക്ഷസനിൽ നിന്നും 'ര', ദുഷ്ടനിൽ നിന്നും 'ഷ്ട്', ഹീറയിൽ നിന്നും 'റ', ഈച്ചയിൽ നിന്നും 'ഈ', മായത്തിൽ നിന്നും 'യം'. ഇങ്ങനെ രാക്ഷസനും, ദുഷ്ടനും, ഹീറയും, ഈച്ചയും മായവും ചേർന്നതാണ് രാഷ്ട്രീയം എന്ന് ശ്രീ. കുഞ്ഞുണ്ണിമാഷെക്കൊണ്ട് പറയിപ്പിച്ചതാരാണ്? ഇവിടുത്തെ ക്യാന്റീനിൽ പോയി കണ്ണാടി നോക്കിയാൽ ശ്രീ. ടി. എൻ. പ്രതാപൻ പറഞ്ഞ രൂപത്തിലുള്ള രാഷ്ട്രീയക്കാരനെ ഉറപ്പായിട്ടും അദ്ദേഹത്തിന് കാണാൻ കഴിയും. ഇവിടെ തെരഞ്ഞെടുപ്പ് അടുത്തപ്പോൾ എന്തു സ്നേഹമാണ് ജനങ്ങളോട്?

ശ്രീ. പി. ജെ. ജോയി: സർ, ഈ സഭയിൽ അംഗമായിരുന്ന പി. ഐ. പൗലോസ് കോൺഗ്രസ്സിന്റെ നേതാവായിരുന്നു എന്ന കാര്യം അങ്ങേക്ക് അറിയാമോ ?

ശ്രീ. സാജു പോൾ: 1982-ൽ മരണമടഞ്ഞ അദ്ദേഹത്തെപ്പോലുള്ള ആളുകളിലാണ് യഥാർത്ഥ കോൺഗ്രസ് സംസ്കാരം ഉണ്ടായിരുന്നത്. ഇന്ന് ജീവിച്ചിരിക്കുന്ന വളരെ അപൂർവ്വം ചിലരിലും നല്ല കോൺഗ്രസ്സിന്റെ അംശങ്ങൾ ഉണ്ടെങ്കിലും അതില്ലാത്തവർ വിലപിക്കേണ്ട കാര്യമില്ല. അത്തി തളിർക്കുമ്പോൾ വേനൽ അടുത്തുവെന്ന് അറിഞ്ഞുകൊൾക എന്ന് ബൈബിളിലുണ്ട്. തെരഞ്ഞെടുപ്പ് അടുക്കുമ്പോൾ .....

ശ്രീ. വി. ജെ. പൗലോസ്: സർ, പി. ഐ. പൗലോസ് കോൺഗ്രസ്സിൽ ചേരുന്നതിനുമുമ്പ് ഒരു കമ്മ്യൂണിസ്റ്റുകാരനായിരുന്നു എന്നുള്ളതുകൊണ്ടാണോ ഇപ്പോൾ താങ്കൾ കമ്മ്യൂണിസ്റ്റ് പാർട്ടിയിലൂടെ തുടക്കം കുറിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ : പി. ഐ. പൗലോസിന്റെ മകനാണ് ഞാൻ. അദ്ദേഹത്തെക്കുറിച്ചാണ് ഇവിടെ പറയുന്നത്. കോൺഗ്രസ്സുകാരോട് അദ്ദേഹം പറഞ്ഞ പല കാര്യങ്ങളുമുണ്ട്. പക്ഷേ അതൊന്നും ഇവിടെ പറഞ്ഞ് ഞാൻ നിങ്ങളെ വേദനിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. അത്തി തളിർക്കുമ്പോൾ വേനൽ അടുത്തുവെന്ന് അറിഞ്ഞുകൊൾക എന്ന ബൈബിൾ വചനംപോലെ തെരഞ്ഞെടുപ്പ് അടുത്തപ്പോൾ എന്തൊക്കെ മോഹനസുന്ദര വാഗ്ദാനങ്ങളാണ് ഇവിടെ ഒഴുകിക്കൊണ്ടിരിക്കുന്നത്? കൃഷിക്കാരോട് സ്നേഹം, തൊഴിലാളികളോട് പ്രേമം, സർക്കാർ ജീവനക്കാരോടും അദ്ധ്യാപകരോടും മമത. ശ്രീ. കെ. ശങ്കരനാരായണൻ അപ്പുറത്ത് ഇരിപ്പുണ്ട്. സെക്രട്ടേറിയറ്റിലെ യു.ഡി.എഫ്. അനുകൂല സംഘടനകളുടെ സമ്മേളനത്തിൽ പോയി നിങ്ങൾക്ക് നാലഞ്ചു മാസക്കാലം ശമ്പളം തന്നില്ലെങ്കിൽ എന്തുചെയ്യുമെന്ന് ചോദിച്ചയാളാണ് ശ്രീ. കെ. ശങ്കരനാരായണൻ. ഇപ്പോൾ അദ്ദേഹത്തിന് സർക്കാർ ജീവനക്കാരോടും അദ്ധ്യാപകരോടും എന്ത് സ്നേഹമാണ്. ഉപ്പും പുളിയും തിന്നുന്ന നാവിന് തപ്പും പിഴയും സ്വാഭാവികമാണെന്ന് അദ്ദേഹംതന്നെ ഇവിടെ പറഞ്ഞിട്ടുണ്ട്. പക്ഷേ ജനങ്ങൾ ഇതൊന്നും മറക്കാൻ പോകുന്നില്ല. അതാണ് യഥാർത്ഥത്തിൽ സംഭവിക്കാൻ പോകുന്നത്. എന്തൊക്കെ തരത്തിലുള്ള ദ്രോഹങ്ങളാണ് ചെയ്തിട്ടുള്ളത്. നിങ്ങൾ എങ്ങനെയെല്ലാം നിഷേധിച്ചാലും നാലേമുക്കാൽ വർഷക്കാലത്തിനിടയ്ക്ക് അടിയേറ്റ വിദ്യാർത്ഥികളും യുവാക്കളും അച്ഛൻമാരും തൊഴിലാളികളും ആദിവാസികളും സർക്കാർ ജീവനക്കാരുമെല്ലാം അവർക്ക് കിട്ടിയതെല്ലാം അടുത്ത തെരഞ്ഞെടുപ്പു വരുമ്പോൾ ഉറപ്പായിട്ടും നിങ്ങൾക്ക് തിരിച്ചുതരും. ....(ബഹളം).... ഞങ്ങൾക്ക് നയം ചർച്ച ചെയ്യാൻ കൃത്യമായ സംഘടനാ സമ്മേളനങ്ങളും പാർട്ടി കോൺഗ്രസ്സുമൊക്കെയുണ്ട്. കോൺഗ്രസ് പാർട്ടിക്ക് ഇതെന്തെങ്കിലുമുണ്ടോ? വെറുതെ എന്തിനാണ് എന്നെക്കൊണ്ട് അതൊക്കെ പറയിപ്പിക്കുന്നത്? പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിന്റെ പ്രശ്നമെടുക്കൂ. ഈ നിയമസഭയിലുള്ള ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ? 600 കോടി രൂപ നിക്ഷേപിക്കാൻ പ്രൊമോട്ടേഴ്സിന് എന്തൊക്കെ ആനുകൂല്യങ്ങളാണ്! പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഉൾപ്പെടെ അംഗീകരിച്ചുകൊണ്ട് കൊടുക്കാൻ തയ്യാറായത്? എല്ലാ ട്രേഡ് യൂണിയനുകളും സഹകരിച്ചുകൊണ്ട് അതിനുവേണ്ടി ശ്രമിച്ചതല്ലേ? 'അതിവേഗം ബഹുദൂരം' എന്നൊക്കെ പറഞ്ഞുനിൽക്കുന്ന നിങ്ങളുടെ എന്തൊക്കെ പൊള്ളത്തരങ്ങൾ, എന്തെല്ലാം ദ്രോഹങ്ങളാണ്? പെരുമ്പാവൂരുകാരനായ എനിക്ക് ഇത് പറയാതിരിക്കാൻ പറ്റില്ല. പെരുമ്പാവൂർ പാലക്കാട്ടുതാഴംപാലം ഒരു പാലം പണിതു, എന്റെ മാത്രം ശ്രമംകൊണ്ടല്ല, ബഹുമാന്യനായ ഡോ. എം. കെ. മുനീർ വന്ന് ശിലാസ്ഥാപനം നടത്തി. ശ്രീ. ടി. എച്ച്. മുസ്തഫ ഉൾപ്പെടെയുള്ളവർ മുൻകൈ എടുത്തു. ബഹുമാന്യനായ കെ. എം. മാണിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ചേർന്ന് ഉദ്ഘാടനം നടത്തി. ഇപ്പോൾ ടോൾ ഏർപ്പെടുത്തിയിരിക്കുകയാണ്. ഒരു പാലം അപകടത്തിലായാൽ അതിന് സമാന്തരമായി പണിയുന്ന പാലത്തിന് ടോൾ ഏർപ്പെടുത്തണമോ? ടോൾ പ്രശ്നത്തിൽ ശ്രീ. ടി. എച്ച്. മുസ്തഫയും ശ്രീ. സാജുപോളും അലംഭാവം കാട്ടിയെന്ന് ആരാണ് പ്രഖ്യാപിച്ചത്? യു. ഡി. എഫ്.-ന്റെ കൺവീനർ ശ്രീ. പി. പി. തങ്കച്ചൻ. യു.ഡി.എഫ്.-ലെ ഒരു എം.എൽ.എ.-ക്കെതിരെ

യു.ഡി.എഫ്.-ന്റെ കൺവീനർ തന്നെ പ്രസ്താവന ഇറക്കുകയാണ്. ഈ കപട മുന്നണിയെ തീർച്ചയായും ജനങ്ങൾ പാഠം പഠിപ്പിക്കുമെന്നുള്ള കാര്യത്തിൽ ഒരു തർക്കവും വേണ്ട. സി. ആന്റ് എ. ജി.- യോടൊക്കെ എപ്പോഴാണ് നിങ്ങൾക്ക് ഇത്രയും വലിയ സ്നേഹം ആരംഭിച്ചത് ?

ശ്രീ. ടി. യു. രാധാകൃഷ്ണൻ : സർ, അങ്ങ് പ്രസംഗിക്കുമ്പോഴും സംസാരിക്കുമ്പോഴുമൊക്കെ ശ്രീ. പി. പി. തങ്കച്ചന്റെ പേര് പരാമർശിക്കുന്നുണ്ട്. ശ്രീ. പി. പി. തങ്കച്ചൻ എന്ന മനുഷ്യനെ അങ്ങേക്ക് ഇത്രയും വലിയ പേടിയാണോ ? അദ്ദേഹം ഇപ്പോൾ എം. എൽ. എ. ക്കുമല്ലല്ലോ.

ശ്രീ. സാജു പോൾ : സർ, ഞാൻ അദ്ദേഹത്തോട് വളരെ സ്നേഹവും ബഹുമാനവുമുള്ള ഒരാളാണ്. ഒന്നുമില്ലെങ്കിൽ ഒരു പെരുമ്പാവൂരുകാരന്റെ കീഴിലല്ലേ നിങ്ങൾ യു. ഡി. എഫ്.-കാർ അപ്പുറത്തിരിക്കുന്നത്? ഒരു കൺവീനറെ നിങ്ങൾക്ക് വേറെ എവിടെനിന്നെങ്കിലും കണ്ടെത്താൻ കഴിഞ്ഞോ ? തിരുവനന്തപുരത്തെ പ്രതിനിധീകരിക്കാൻ ഒരു എം.പി.-യെ സ: പി. കെ. വി.-യെ സംഭാവന ചെയ്തത് പെരുമ്പാവൂരുകാരല്ലേ ? അപ്പോൾ പെരുമ്പാവൂരുകാരെ നിങ്ങൾ ചെറുതായി കാണരുത്. ശ്രീ. ടി. യു. 'രാധാകൃഷ്ണന്റെ ഉദ്ദേശം എനിക്ക് മനസ്സിലായി. സി. ആന്റ് എ. ജി.-യോടും കമ്മിഷനുകളോടും എന്നാണ് നിങ്ങൾക്ക് ബഹുമാനം തുടങ്ങിയത്? നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് ഇവിടെയുണ്ടല്ലോ. അതല്ലെങ്കിൽ മുമ്പ് അടിയന്തിരാവസ്ഥയിലെ കൊള്ളരുതായ്മകളെക്കുറിച്ച് അന്വേഷിച്ച ഷാ കമ്മിഷനുണ്ടായിരുന്നല്ലോ. സിഖ് വിരുദ്ധ കലാപത്തെക്കുറിച്ച് അന്വേഷിച്ച കമ്മീഷനുണ്ടായിരുന്നു. 'ഏഷണി ഭീഷണി രാഷ്ട്രീയത്തിൽ ഷാ കമ്മിഷൻ വെറുമൊരു ഷോ' എന്ന് മുദ്രാവാക്യം വിളിച്ച ആളുകളാണ് ഈ കോൺഗ്രസ്സുകാർ. അടിയന്തിരാവസ്ഥയ്ക്കുശേഷം കോൺഗ്രസ്സുകാർ, ശ്രീ. എ. കെ. ആന്റണി, ശ്രീ. വയലാർ രവി, ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. വക്കം പുരുഷോത്തമൻ, ശ്രീ. വി. എം. സുധീരൻ തുടങ്ങിയവർ വിളിച്ച മുദ്രാവാക്യമെന്താണ്? ജഗ്ജീവൻ പോയ് ജീവൻ പോയ്, നന്ദിനി പോയി നാണം പോയി. ബഹുഗുണപോയ് ഗുണവും പോയ് എന്ന് വിളിച്ചവരല്ലെ സർ. ഇവരാണോ സാർ കോൺഗ്രസ്സ് ? അന്നത്തെക്കാൾ എന്തു ഗുണമാണ് ഇപ്പോൾ കോൺഗ്രസ്സുകാർക്കുള്ളത് ? വാലന്റൈൻ നാളുകളിൽ ലാവ്‌ലിൻ പ്രണയക്കാരോട് എനിക്ക് പറയാനുള്ളത് ഒരൊറ്റ കാര്യം മാത്രമേയുള്ളൂ. ആളുമാറി വീടുമാറി അബദ്ധങ്ങൾ പറ്റരുത്. ഏത് അസ്ത്രവും ആർക്കെതിരെയാണ് പ്രയോഗിക്കേണ്ടതെന്ന് നല്ലപോലെ നിങ്ങൾ ആലോചിക്കണം. ബഹുമാന്യനായ എം. എം. ഹസ്സൻ ഉൾപ്പെടെയുള്ളവർ ഇവിടെ വളരെയധികം ആരോപണങ്ങൾ ഉന്നയിച്ചല്ലോ. അടൂർ ഭാസി ഒരു സിനിമയിൽ അദ്ദേഹത്തിന് ബസ്സ് കിട്ടാതെ വന്നപ്പോൾ ഒരു ഗ്രാമത്തിലെ വീട്ടിൽ ചെന്ന് എനിക്ക് ഒരു ദിവസം തങ്ങാൻ സ്ഥലം തരണമെന്ന് പറഞ്ഞു. അപ്പോൾ ആ വീട്ടുകാർ പറ്റില്ല ഇവിടെ സ്ത്രീകളുണ്ടെന്ന് പറഞ്ഞു. പല വീടുകളിലും ഇത് ആവർത്തിച്ചപ്പോൾ അവസാനം ഒരു വീട്ടിൽ ചെന്ന് ഇവിടെ സ്ത്രീകളുണ്ടോയെന്ന് ചോദിച്ചു. എന്താണെന്ന് ചോദിച്ചപ്പോൾ എനിക്ക് ഒന്ന് കിടക്കാനാണെന്ന് പറഞ്ഞു. പിന്നെ കിട്ടിയ അടിക്ക്

LIBRARY ARCHIVES Kerala Legislative Assembly

വല്ല കണക്കുമുണ്ടോ? സ്വന്തം കൂടാരത്തിലെ അഴിമതിക്കാർക്കു മറയിടാൻ ശ്രീ. പിണറായി ഉണ്ടോ കുറേ അഴിമതി ഏറ്റെടുക്കാൻ എന്ന് ചോദിച്ച് ശ്രീ. എം. എം. ഹസ്സനും കൂട്ടരും ഇറങ്ങിയിരിക്കുകയാണ്. എനിക്ക് ശ്രീ. ഹസ്സനോടും മറ്റും പറയുവാനുള്ളത് "കുറുനരി ലക്ഷം കൂടുകിലും ഒരു ചെറുപുലിയോട് ഫലിക്കില്ലെതും" എന്ന കുഞ്ചൻ നമ്പ്യാരുടെ വാക്കുകളാണ്. മാവിലായിമാടാ ഗോപാലാ കാലം വന്ന് വിളിച്ചിട്ടും പോകാത്തതെന്തേ..... ഗോപാലായെന്ന് മഹാനായ സ: എ. കെ. ജി.-യെ പരിഹസിച്ചില്ലേ? ആ എ. കെ. ജി.-യുടെ മരണശേഷം പാവങ്ങളുടെ പടത്തലവൻ വിടവാങ്ങിയെന്ന് നിങ്ങൾ പറഞ്ഞില്ലേ? അഴിക്കോടനെ അഴിമതിക്കോടൻ എന്ന് ചിത്രീകരിച്ചില്ലേ? മരണശേഷം എല്ലാവരും നിങ്ങൾക്കു മഹാൻമാരാണ്. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപംകൊണ്ട കണ്ണൂരിലെ മണ്ണിൽ നിന്നാണ് സഖാവ് പിണറായി വിജയൻ വരുന്നത്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ചെറുതായി കാണിക്കാൻ നിങ്ങൾക്ക് കഴിയില്ലെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ശ്രീ. കെ. നാരായണക്കുറുപ്പും ശ്രീ. എൻ. സുന്ദരൻ നാടാരും ഞങ്ങൾ ഈ സഭയിൽ നിന്ന് വിടവാങ്ങാൻ ഉദ്ദേശിക്കുന്നില്ലെന്ന് പ്രഖ്യാപിച്ചു. നിങ്ങൾ ആ പ്രഖ്യാപനം കേട്ടതാണ്. അതുപോലെ ബഹുമാന്യനായ വക്കം പുരുഷോത്തമൻ ഒരു പ്രഖ്യാപനം നടത്തി; അദ്ദേഹം പറഞ്ഞതെന്താണ് ? ഇനി ഞാൻ ഗോദയിലേക്ക് ഇല്ലെന്നാണ്. ഈ മൂന്ന് പ്രഖ്യാപനങ്ങളും ഈ സഭ കാതോർത്ത് കേട്ടതാണ്. എന്റെ പിതാവ് ശ്രീ. വക്കം പുരുഷോത്തമന്റെ സഹപ്രവർത്തകനായിരുന്നു. സുഹൃത്തായിരുന്നു. അതുകൊണ്ടുതന്നെ എനിക്ക് അദ്ദേഹം പിതൃതുല്യനാണ്. ഈ കന്നിക്കാരനായ എനിക്കുപോലും കാലം തികയുന്നതിന്റെ ദുഃഖമുണ്ട്. പക്ഷെ അഞ്ച് കൊല്ലത്തെ ദുഃഖമാണോ, 35 കൊല്ലത്തെ ദുഃഖം ? എനിക്ക് നാല് വയസ്സുള്ളപ്പോൾ 1970-ൽ ഈ സഭയിൽ വന്ന ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ ഇന്ദ്രജാലങ്ങൾ നടത്തി കേരളത്തിൽ അൽഭുതങ്ങൾ സൃഷ്ടിച്ചുവെന്നൊക്കെയാണ് പറയുന്നത്. മുൻപ് മൂന്ന് വർഷക്കാലം ധനവകുപ്പു ഭരിച്ച ശ്രീ. കെ. ശങ്കരനാരായണനെക്കുറിച്ച് ഒരു കോൺഗ്രസ്സുകാരനും മിണ്ടുന്നില്ല. കാരണം അദ്ദേഹത്തിന് ഇപ്പോൾ അധികാരമില്ലല്ലോ. അധികാരം ഉള്ളിടത്തല്ലേ പലരും ചെല്ലുകയുള്ളൂ. ശ്രീ. വക്കം പുരുഷോത്തമൻ വിടവാങ്ങുന്നതിനെക്കുറിച്ച് പറഞ്ഞപ്പോൾ ഞാൻ ഓർത്തത് മഹാകവി ഒ. എൻ. വി. കുറുപ്പിന്റെ വരികളാണ്. ദീർഘകാലത്തെ അദ്ധ്യാപക ജീവിതത്തിൽ നിന്നും വിടവാങ്ങുമ്പോൾ ഒ. എൻ. വി. പാടി.

"ആരോടു യാത്ര പറയേണ്ടു ഞാൻ? മാസങ്ങൾ,
ആണ്ടുകൾ അളന്നെത്തുരൊരു ബിന്ദുവിൽ,
ആൾത്തിരക്കേറുമീ, വാഹനമെന്നെയൊരു
പാഴ്ച്ചുമടായിങ്ങിറക്കി വയ്ക്കേ,
എന്നമൃതപാഥേയവും പഴയ ഭാണ്ഡവും
മനഞ്ഞോടണച്ചു ഞാനിങ്ങു നിൽക്കേ,
പാതയിതപാരതതൻ മധുരമാം ക്ഷണം
മാതിരി പാണികൾ നീട്ടി നിൽക്കേ,

LIBRARY ARCHIVES Kerala Legislative Assembly

ആരുടെ കരങ്ങളെന്നറിവീല, പുഴയെ നീ-
രാഴിപോലെന്നെപ്പുണർന്നു നില്ക്കേ,
ആരോടു യാത്ര പറയേണ്ടു ഞാനെന്തിനാ
രോടു യാത്ര പറയേണ്ടു ?"

വേർപിരിയലിന്റെ വികാര തീവ്രത ഏറ്റവും മനോഹരമായി മഹാകവി ചിത്രീകരിച്ചിരിക്കുന്നു. എന്നാൽ ആൾത്തിരക്കൊഴിഞ്ഞ കോൺഗ്രസ് വാഹനത്തിലെ പാഴ്ച്ചുമടായി ശ്രീ. വക്കം പുരുഷോത്തമൻ താഴെ ഇറങ്ങാൻ വേണ്ടി നിൽക്കുമ്പോൾ അദ്ദേഹത്തെ വലിയ ഭരണകർത്താവെന്നൊക്കെ പാടി പുകഴ്ത്തിയ ഒരാളെങ്കിലും, ശ്രീ. ടി. എൻ. പ്രതാപനെങ്കിലും അരുതേ അങ്ങ് വിടവാങ്ങരുതേ എന്നൊരു വാക്ക് പറഞ്ഞോ ? അതുണ്ടാകുമെന്ന് ഞാൻ ആത്മാർത്ഥമായി കരുതി. ഇവിടെ ഓരോരുത്തരും പ്രസംഗിക്കുമ്പോൾ 'ബ്രൂട്ടസേ നീയും' എന്നായിരിക്കും ശ്രീ. വക്കം പുരുഷോത്തമന്റെ മനസ്സ് പറഞ്ഞിട്ടുണ്ടാകുക. അദ്ദേഹത്തിനുവേണ്ടി ജീവൻ കളയാൻവരെ തയ്യാറാണെന്ന് അവർ ശ്രീ. വക്കം പുരുഷോത്തമനോട് പറയുന്നു ആ നിലയ്ക്ക് അങ്ങയോട് സ്നേഹം പ്രകടിപ്പിക്കുന്നു. അവർ കേരളിയരോട് നിങ്ങൾക്കു വേണ്ടി നിങ്ങളുടെ ജീവൻ കളയാൻവരെ ഞങ്ങൾ തയ്യാറാണെന്ന് പ്രഖ്യാപിക്കുമ്പോൾ കേരളത്തിലെ ജീവനുള്ള മലയാളികൾ ഇതെല്ലാം തിരിച്ചറിഞ്ഞ് മേയ് മാസത്തിൽ പ്രതികരിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. തോമസ് ചാഴികാടൻ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരള സംസ്ഥാനത്തിന്റെ വികസനത്തിനും ജനങ്ങളുടെ ക്ഷേമത്തിനും വേണ്ടി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്ക് അധികമായി ചെലവഴിക്കേണ്ടി വരുന്ന തുക അനുവദിച്ച് കിട്ടുന്നതിനുവേണ്ടിയാണ് ധനകാര്യ വകുപ്പുമന്ത്രി ഉപധനാഭ്യർത്ഥനകൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ധാരാളം വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ, ജനക്ഷേമ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുള്ളതിനേക്കാൾ കൂടുതൽ തുക ആവശ്യമായി വരുമെന്നുള്ളത് സ്വാഭാവികമാണ്. അതുകൊണ്ട് കേരളത്തിന്റെ പുരോഗതി കാംക്ഷിക്കുന്ന ആർക്കും ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കാൻ കഴിയില്ല. നമ്മുടെ സംസ്ഥാനത്ത് ധനകാര്യ വികസനത്തിനുവേണ്ടി ചെയ്ത പ്രവർത്തനങ്ങൾ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ നടന്നതും 45 വർഷങ്ങൾക്ക് മുൻപ് നടന്നതും തമ്മിൽ താരതമ്യപ്പെടുത്തിയാൽ ഇത്രമാത്രം വികസന പ്രവർത്തനം നടന്നിട്ടുള്ള ഒരു കാലഘട്ടമുണ്ടാകില്ല. ഇവിടെ ബഹുമാന്യനായ സാജുപോൾ പ്രസംഗിച്ചപ്പോൾ പെരുമ്പാവൂരിൽ ഒരു പാലം പണിതിട്ട് അതിന് ടോൾ വാങ്ങിയ കാര്യം സൂചിപ്പിച്ചു. ഞാൻ ഒരു കാര്യം സൂചിപ്പിക്കട്ടെ, ബംഗാളിൽ നിങ്ങൾ ഭരിക്കാൻ തുടങ്ങിയിട്ട് പത്ത് ഇരുപത് വർഷമായി. ബംഗാളിലെ ഏറ്റവും വലിയ പാലമാണ് ഹൗറാ പാലം. ആ പാലം പുതുക്കിപ്പണിതപ്പോൾ 25 രൂപ കൊടുത്താൽ മാത്രമേ ആ പാലത്തിലൂടെ യാത്ര ചെയ്യാൻ സാധിക്കുമായിരുന്നുള്ളൂ. ശ്രീ. സാജുപോളും ശ്രീ. കെ. രാധാകൃഷ്ണനും ഞാനും ഉൾപ്പെടെയുള്ള കമ്മിറ്റി അവിടെ പോയപ്പോൾ കണ്ടതാണ്. കൽക്കത്തയിലും ബംഗാളിലും ടോൾ വാങ്ങുന്നതിന് യാതൊരു കുഴപ്പവുമില്ല. നിലവിൽ നിൽക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പുതിയ ഒരു പാലത്തിനു പകരമായി സമീപത്ത് മറ്റൊരു പാലം പണിതപ്പോൾ അവിടെ ടോൾ വാങ്ങിച്ച കാര്യമാണ് ശ്രീ. സാജുപോൾ സൂചിപ്പിച്ചത്. കേരളത്തിൽ ഏത് നൂതനമായ പദ്ധതി കൊണ്ടുവന്നാലും അതിനെ എല്ലാക്കാലത്തും എതിർത്തിട്ടുള്ളവർ അവരാണ്. ജനങ്ങൾക്ക് നൻമ വരുന്നതിനെയെല്ലാം എതിർക്കാൻ വേണ്ടി മാത്രം നിയമസഭയിലും പ്രസംഗിക്കുന്നുവെന്നു മാത്രമേ അതിനെ കാണാൻ കഴിയുന്നുള്ളു. എ.ഡി.ബി. വായ്പ വാങ്ങിയപ്പോൾ ആ വായ്പയെക്കുറിച്ച് എതിർത്ത് സംസാരിച്ചവരൊക്കെ ഇന്ന് എം.ജി.പി.-യുടെ എ.ഡി.ബി. വായ്പ ഉപയോഗിച്ചുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നടത്തുന്നതിന് മൽസരിക്കുകയാണ്. നമ്മുടെ ഓരോ അംഗങ്ങളുടേയും പഞ്ചായത്തിൽ പാവപ്പെട്ട ആളുകൾക്ക് മൂന്ന് ലക്ഷത്തിലധികം രൂപ മുടക്കി വീട് നിർമ്മിക്കുകയും അതുപോലെ പാവപ്പെട്ട കുഞ്ഞുങ്ങൾക്കുവേണ്ടി സ്കൂളുകളുടെ വികസനം നടത്താൻ പണം ചെലവഴിക്കുമ്പോൾ ആ തുക എ.ഡി.ബി.-യിൽ നിന്നെടുത്ത വായ്പയാണെന്ന് മനസ്സിലാക്കിക്കൊണ്ടുതന്നെ അവിടത്തെ പഞ്ചായത്ത് പ്രസിഡന്റുമാരും മെമ്പർമാരും ഇടതുപക്ഷ എം.എൽ.എ.-മാരുമൊക്കെ അതിന്റെ ഉദ്ഘാടനത്തിനുവേണ്ടി മൽസരിക്കുന്ന കാഴ്ച കാണാൻ കഴിയും. ഏറ്റുമാനൂരിൽ നിന്ന് പൂഞ്ഞാറിലേക്ക് പോകുന്ന റോഡ് ലോക ബാങ്കിന്റെ സഹായത്തോടെ കെ.എസ്.ടി.പി പണിതതാണ്. എന്തിനും ഏതിനും ശ്രീ. കെ. എം. മാണിയെ ശത്രുവായിക്കാണുന്ന ശ്രീ. പി. സി. ജോർജിന് 15 മിനിറ്റ് നേരത്തേ വീട്ടിലെത്താൻ ഇന്ന് ഏറ്റുമാനൂർ റോഡ് ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അത് വേൾഡ്ബാങ്കിന്റെ സഹായത്തോടുകൂടി നടത്തിയതാണ്. ശ്രീ. ജോണി നെല്ലൂർ പ്രസംഗിച്ചപ്പോൾ ഇവിടത്തെ കോൺട്രാക്ടർമാർക്ക് കുടിശ്ശിക കൊടുത്തുതീർക്കാൻ ബഡ്ജറ്റിൽ ഒരു പൈസയും നീക്കിവച്ചിട്ടില്ലെന്ന് പറയുകയുണ്ടായി. സപ്ളിമെന്ററി ഡിമാന്റ്സിന്റെ 32 മുതൽ 35 വരെയുള്ള പേജുകളിൽ പത്ത് നാൽപ്പത് ഐറ്റം, എത്രയോ കോടി രൂപ അത് മുഴുവൻ കോൺട്രാക്ടർമാർക്ക് ബിൽ പേമെന്റ് നടത്തുന്നതിനു വേണ്ടിയുള്ള തുകയാണ്. ഇവർ അധികാരത്തിൽ നിന്ന് പോകുമ്പോൾ ആയിരത്തിയഞ്ഞൂറോളം കോടി രൂപ കോൺട്രാക്ടർമാർക്കും അതുപോലെ 108 കോടിയോളം രൂപ ടാർ വാങ്ങിയ ഇനത്തിലും കടമുണ്ടായിരുന്നത് കൊടുത്തുതീർത്തതിനുശേഷം കോടിക്കണക്കിന് രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ ഒരു സർക്കാരിന് ഇന്ന് കുറച്ച് കുടിശ്ശികയുണ്ട്. തീർച്ചയായും കോൺട്രാക്ടർമാർക്ക് ഇനിയും പണം കൊടുക്കണം. അതിൽ യാതൊരു സംശയവുമില്ല. നാടിന്റെ വികസനത്തിനുവേണ്ടി അവരുടെ പണം ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനം നടത്തിയതിനുശേഷം അത് വീണ്ടും കുടിശ്ശികയാക്കുന്നത് ശരിയല്ല. അവർക്ക് കുടിശ്ശിക കൊടുക്കാനുള്ള പ്രൊവിഷൻ ഉണ്ടാകേണ്ടത് ആവശ്യമാണ്. അതുപോലെ ലാന്റ് അക്വിസിഷനുവേണ്ടി നടപടി സ്വീകരിച്ചപ്പോൾ, നമ്മുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി നടപടി സ്വീകരിച്ചപ്പോൾ ഫാസ്റ്റ് ട്രാക്ക് സംവിധാനം കൊണ്ടുവന്ന് ഭൂമി അക്വയർ ചെയ്ത് എത്രയും വേഗം പദ്ധതികൾ നടപ്പിലാക്കാനുള്ള പുതിയ സംവിധാനമേർപ്പെടുത്തിയത് ഈ സർക്കാരാണ്. നെടുമ്പാശ്ശേരി വിമാനത്താവളം കൊണ്ടുവന്നപ്പോൾ കേരളത്തിന്റെ ചങ്കിലൂടെ നടന്നു വേണം ആ വിമാനത്താവളത്തിലേക്ക് കടക്കാനെന്ന് പറഞ്ഞിരുന്ന ആളുകൾ പിന്നീട് അധികാരത്തിൽ വന്നപ്പോൾ ഡയറക്ടർ ബോർഡിൽ

LIBRARY ARCHIVES Kerala Legislative Assembly

കയറിയിരുന്നവരാണ്. അത് നമ്മുടെ നാട് കണ്ടതാണ്. ആ എയർപോർട്ടുകൊണ്ട് എത്രയോ നേട്ടം ഈ നാടിനുണ്ടായി, കേരളത്തിനുണ്ടായി. അതിനേയും എതിർത്തവരാണ് ഇവർ. അതുപോലെ തിരുവനന്തപുരം വിമാനത്താവള വികസനത്തിനുവേണ്ടി സ്ഥലം ഏറ്റെടുക്കാൻ ഫാസ്റ്റ് ട്രാക്ക് സംവിധാനം കൊണ്ടുവന്നു. റെയിൽവേ ലൈൻ ഡബ്ളിംഗിന് ഫാസ്റ്റ് ട്രാക്ക് സംവിധാനം കൊണ്ടുവന്ന് ലാന്റ് അക്വിസിഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഈ സപ്ളിമെന്ററി ഡിമാന്റിൽ തുക ആവശ്യപ്പെട്ടിട്ടുണ്ട്. നബാർഡിലൂടെ ആർ. ഐ. ഡി. എഫ്. പദ്ധതികളിലൂടെ കേരളത്തിൽ എത്രയോ പാലങ്ങളാണ് വരാൻ പോകുന്നത്. ഇന്ന് പാലങ്ങൾ മുഴുവൻ പണിയുന്നത് സംസ്ഥാന ബഡ്ജറ്റ് ഫണ്ടിലൂടെയാണോ ? അല്ല. നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് പാലങ്ങളും റോഡുകളും നിർമ്മിക്കുന്നതിന് ആവശ്യമായ തുക സംസ്ഥാന ഗവൺമെന്റിന്റെ ഷെയർ ഈ സപ്ളിമെന്ററി ഡിമാന്റിൽ മാറ്റിവച്ചിട്ടുണ്ട്. ആർ.ഐ.ഡി.എഫ്. പദ്ധതികളിലൂടെ ഇനിയും കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഗവൺമെന്റ് 240 കോടി രൂപയുടെ പദ്ധതികൾ നബാർഡിൽ സമർപ്പിച്ച് ബോംബെയിലെ ഹെഡ് ആഫീസിൽ കെട്ടിക്കിടക്കുകയാണ്. എനിക്ക് ബഹുമാന്യനായ മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, എത്രയും വേഗം ഈ പദ്ധതികൾ സാംഗ്ഷനാക്കി വാങ്ങി നബാർഡിന്റെ സഹായത്തോടുകൂടി കേരളത്തിന്റെ വികസനത്തിന് ആക്കം കൂട്ടാനുള്ള നടപടികൾ സ്വീകരിക്കണം എന്നാണ്. കോട്ടയം മെഡിക്കൽ കോളേജിൽ 35 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ നടക്കുന്നുണ്ട്. അതിന്റെ നടപടികൾ വളരെ വേഗത്തിൽ മുന്നോട്ടുപോകണം. അതോടൊപ്പം നബാർഡിന്റെ സഹായത്തോടെ 35 കോടി രൂപയുടെ പുതിയ പദ്ധതി സമർപ്പിച്ചിരിക്കുകയാണ്. ഈ പദ്ധതികൾ എത്രയും പെട്ടന്ന് പാസ്സാക്കിയെടുത്ത് മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം. കോട്ടയം മെഡിക്കൽ കോളേജിൽ കഴിഞ്ഞ രണ്ട് ആഴ്ചകൾക്കുമുമ്പ് ഉണ്ടായ ദാരുണമായ സംഭവത്തെക്കുറിച്ച് സൂചിപ്പിക്കാതിരിക്കാൻ കഴിയുകയില്ല. റിയാസ് എന്ന കുട്ടി ദുഃഖകരമായ അന്തരീക്ഷത്തിൽ മരിക്കാനിടയായ സാഹചര്യമുണ്ടായി. അവിടെ മനുഷ്യത്വരഹിതമായ പ്രവർത്തനം ഉണ്ടായതിന്റെ പേരിൽ ഡോക്ടർമാരുടെ പേരിൽ നടപടി സ്വീകരിച്ചു. അക്കാര്യത്തിൽ വളരെ കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ഗവൺമെന്റും തയ്യാറായി. ബഹുമാന്യനായ ആരോഗ്യ വകുപ്പുമന്ത്രിയോട് എനിക്ക് ഒരു അഭ്യർത്ഥനകൂടിയുണ്ട്, ഇന്ന് ഗവൺമെന്റിന്റെ പക്കൽ ഒരു പ്രൊപ്പോസൽ നിലനിൽക്കുന്നുണ്ട്. അവിടെ ആവശ്യത്തിന്, നഴ്സുമാരും പാരാ മെഡിക്കൽ സ്റ്റാഫും മറ്റ് ഡോക്ടർമാരും ഇല്ലാത്തതുകൊണ്ട് വളരെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. അവിടെയുള്ള ഒഴിവുകൾ നികത്തുകയും പുതിയ പോസ്റ്റുകൾ അംഗീകരിച്ചു കൊടുക്കുകയും വേണം. അവിടെ ട്രോമാ കെയർ യൂണിറ്റിനുള്ള ഒരു പ്രൊപ്പോസലുണ്ട്. അടുത്ത ക്യാബിനറ്റിൽ പരിഗണിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തിരമായി അനുവാദം കൊടുക്കണം. ആക്സിഡന്റ് പറ്റി ന്യൂറോ വിഭാഗത്തിൽ വരുന്ന ആയിരക്കണക്കിന് പാവപ്പെട്ട രോഗികൾക്ക് ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് ഡോക്ടർമാരില്ല. ഉണ്ടായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു പ്രൊഫസർ ഇപ്പോൾ സസ്പെൻഷനിലാണ്. അവിടെ ഒരു പ്രൊഫസർ, രണ്ട് അസോസ്സിയേറ്റ് പ്രൊഫസർമാർ, രണ്ട് അസിസ്റ്റന്റ് പ്രൊഫസർമാർ തുടങ്ങിയവരുടെ വേക്കൻസികളുള്ളപ്പോൾ അടിയന്തിരമായി ഒരാളെ അവിടെ ട്രാൻസ്ഫർ ചെയ്തിട്ടുള്ളതൊഴിച്ചാൽ മറ്റ് ഡോക്ടർമാർ ഇല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇക്കാര്യം ഗവൺമെന്റ് പ്രത്യേകമായി പരിഗണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ശബരിമല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഈ സപ്ലിമെന്ററി ഡിമാന്റിൽ തുക ചോദിച്ചിട്ടുണ്ട്. ശബരിമലയിൽ 50 വർഷക്കാലമായി തീർത്ഥാടകർ ആഗ്രഹിച്ച സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ ബഹുമാന്യനായ ദേവസ്വം വകുപ്പുമന്ത്രി മുൻകയ്യെടുത്ത് വനഭൂമി ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ, അവിടെ ആവശ്യത്തിന് സൗകര്യം ലഭ്യമാക്കാൻ, അതിനുവേണ്ട മാസ്റ്റർ പ്ലാൻ തയ്യാറാക്കാനുള്ള നടപടി സ്വീകരിക്കാൻ തയ്യാറായി. അതുപോലെ നിലയ്ക്കലിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താനുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കുകയുണ്ടായി. ഇത്തരത്തിൽ ശബരിമല മാസ്റ്റർ പ്ലാനും നിലയ്ക്കലിലെ വൈദ്യുതി സ്റ്റേഷനും പമ്പാ ആക്ഷൻ പ്ലാനുമൊക്കെ നടപ്പിലാക്കാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചുവെങ്കിൽ അതിനുള്ള സപ്ലിമെന്ററി ഡിമാന്റാണ് ചോദിക്കുന്നത്. അതുപോലെ ഈ ഗവൺമെന്റ് കഴിഞ്ഞ മാസം റവന്യൂ വകുപ്പിലൂടെ റവന്യൂ അദാലത്ത് നടത്തുകയുണ്ടായി. 2,45,000 അപേക്ഷകളിൻമേൽ തീരുമാനമെടുത്തത് നാം കാണുകയുണ്ടായി. 1985-86, 1986-87 വർഷങ്ങളിൽ പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ട ആയിരക്കണക്കിന് ആളുകൾക്ക് പുനരധിവാസ ഭവന നിർമ്മാണ വായ്പ നൽകിയിരുന്നു. 20 വർഷങ്ങൾക്കുശേഷവും അതിൽ ഒരു ഒപൈസപോലും തിരിച്ചടയ്ക്കാൻ കഴിയാത്ത അയ്യായിരവും ഏഴായിരവും പതിനായിരവും ഇരുപതിനായിരവുമൊക്കെ എടുത്തവർ പലിശയുൾപ്പെടെ അടയ്ക്കേണ്ടിയിരുന്ന പാവങ്ങളുടെ മുഴുവൻ തുകയും എഴുതിത്തള്ളിക്കൊണ്ട് അവരുടെ ആധാരങ്ങൾ തിരികെ നൽകുകയുണ്ടായി. എന്റെ മണ്ഡലത്തിലെ വില്ലേജുകളിൽ 100-125 പേരുണ്ടായിരുന്നു. ഇതുകൊണ്ട് 1500-ൽപ്പരം വരുന്ന വില്ലേജോഫീസുകളിൽനിന്ന് ആറേഴ് 50 പേരെ കൂട്ടിയാൽ ഏകദേശം 75,000-ത്തോളം കുടുംബങ്ങൾക്ക് ആധാരം തിരികെ കിട്ടി സന്തോഷത്തോടുകൂടി പോകുന്ന കാഴ്ച കാണുമ്പോൾ ഈ ഗവൺമെന്റ് പാവപ്പെട്ടവർക്കുവേണ്ടി ചെയ്ത നൻമകൾ തിരിച്ചറിയാതിരിക്കാൻ കഴിയുമോ? കർഷകർക്ക് കൊടുത്തത് ആയിരം രൂപയാണെന്ന് സൂചിപ്പിക്കുകയുണ്ടായി. ആയിരമാണെങ്കിൽ ആയിരം. സർക്കാർ ജീവനക്കാർ തുടങ്ങി മറ്റ് മേഖലകളിലുള്ള ആളുകൾക്ക് ലഭിക്കുന്ന പെൻഷൻപോലെ മറ്റ് വരുമാനമില്ലാത്ത സാധാരണക്കാരായ പാവപ്പെട്ട കൃഷിക്കാർക്ക് കാർഷിക വൃത്തിക്ക് ആരോഗ്യമില്ലാത്ത സാഹചര്യം വരുമ്പോൾ അവരെ സംരക്ഷിക്കാനുള്ള ചുമതല സർക്കാരിനും സമൂഹത്തിനുമുണ്ട്. അതിന് ഇവിടുത്തെ കർഷകർ ഇതുവരെ വിചാരിച്ചിട്ട് സാധിച്ചിട്ടില്ലായെങ്കിൽ ഇന്ന് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടേയും കൃഷി വകുപ്പുമന്ത്രിയുടേയും നേതൃത്വത്തിൽ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടക്കമെന്നുള്ള നിലയിൽ ആയിരം രൂപ കേരളത്തിലെ കർഷകർക്ക് ലഭിച്ചുവെങ്കിൽ, ഇൻഡ്യയിൽ ആദ്യമായി ഇത്തരം ഒരു നടപടി ഉണ്ടാക്കിയത് ഈ ഗവൺമെന്റാണ്. ഇന്നു രാവിലെ ചോദ്യോത്തരവേളയിൽ കുടുംബ

LIBRARY ARCHIVES Kerala Legislative Assembly

സുരക്ഷാ പദ്ധതിയെക്കുറിച്ച് സൂചിപ്പിച്ചു. 33 രൂപ കൊടുത്താൽ പാവപ്പെട്ട ഒരാൾക്ക് രോഗാവസ്ഥയിലേക്ക് പോകുമ്പോൾ ചികിത്സിക്കാൻ ഒരു സൗകര്യമുണ്ടാകുകയെന്നു പറഞ്ഞാൽ നിസ്സാരമാണോ? ആയിരക്കണക്കിന് രൂപ ചെലവഴിച്ച് ആശുപത്രിയിൽ പോകാൻ കഴിയാത്ത പാവപ്പെട്ടവർക്ക് രോഗം വരുമ്പോൾ വികസിത രാഷ്ട്രങ്ങളായ അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലുമുള്ളതു പോലെ ഇൻഷ്വറൻസ് ഏർപ്പെടുത്തിക്കൊണ്ട് കയ്യിൽനിന്ന് കാശ് മുടക്കാതെ ചികിത്സിക്കാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടെങ്കിൽ അതിന് നടപടി സ്വീകരിച്ചത് ഈ ഗവൺമെന്റാണ്. ഈ സപ്ലിമെന്ററി ഡിമാന്റിൽ ഒരു കാര്യം കൂടി ചോദിച്ചിട്ടുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 5 കോടി രൂപ ചോദിച്ചിട്ടുണ്ട്. പാവപ്പെട്ട ആളുകൾക്ക് ദുരിതാശ്വാസ നിധിയിൽനിന്ന് രണ്ടായിരവും മൂവായിരവും അയ്യായിരവും അതിൽ കൂടുതലും കൊടുക്കുന്ന മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും കേരളത്തിലുണ്ടെങ്കിൽ, ആയിരക്കണക്കിന് ആളുകൾക്ക് റവന്യൂ അദാലത്ത് വഴി 500 രൂപയുടേയും 1000 രൂപയുടേയും ചെക്ക് വാങ്ങിക്കൊണ്ടുപോകാൻ കഴിഞ്ഞുവെങ്കിൽ അതിനുള്ള സാഹചര്യമൊരുക്കിയത് ഈ ഗവൺമെന്റാണ്. ഇ. കെ. നായനാർ മുഖ്യമന്ത്രി ആയിരിക്കുമ്പോൾ ഞാൻ കൊടുത്ത 100-125 അപേക്ഷകളിൻമേൽ തീരുമാനമാകാത്തതിനാൽ അന്ന് സെക്ഷൻ കൈകാര്യം ചെയ്തുകൊണ്ടിരുന്ന ഉദ്യോഗസ്ഥന്റെ അടുക്കൽ ചെന്ന് നോക്കിയപ്പോൾ ആയിരക്കണക്കിന് അപേക്ഷകൾ കെട്ടിവച്ചിരിക്കുന്നു. എന്തു ചെയ്യാനാ; കൊടുക്കാൻ നിവൃത്തിയില്ല, കൊടുക്കാൻ കഴിയുകയില്ല എന്നാണ് ആ ഉദ്യോഗസ്ഥൻ പറഞ്ഞത്. ഇന്നത്തെ സ്ഥിതി അതല്ല. പാവപ്പെട്ടവർ അപേക്ഷ കൊടുത്താൽ ഒന്നുരണ്ടു മാസം കഴിഞ്ഞാൽ രണ്ടായിരവും അയ്യായിരവും ഏഴായിരവും രൂപയുടെ ചികിത്സാ സഹായം കിട്ടുന്നതിനെയാണ് നിങ്ങൾ എതിർക്കുന്നത്. ഈ നാട്ടിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പാവപ്പെട്ടവരുടെ ദുരിതം അകറ്റുന്നതിനുംവേണ്ടി ശ്രമിക്കുന്ന ഒരു ഗവൺമെന്റാണ് ഇത്. 33,000 പേർക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ഒരു പദ്ധതിയാണ് സ്മാർട്ട്സിറ്റി. പുതിയ പുതിയ നിക്ഷേപങ്ങൾ ഈ സംസ്ഥാനത്ത് കൊണ്ടുവരികയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ വിജയം കൈവരിക്കുകയും ചെയ്ത ഈ ഗവൺമെന്റിനുവേണ്ടി സമർപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

<u>ശ്രീ. കടവൂർ ശിവദാസൻ</u> : സർ, ഈ ഡിമാന്റുകളെ വളരെ സന്തോഷത്തോടുകൂടി സപ്പോർട്ട് ചെയ്യുകയാണ്. സാർവ്വജനീനമായ അംഗീകാരം കിട്ടിയിട്ടുള്ള, ഭരണ സാമർത്ഥ്യം തെളിയിച്ചിട്ടുള്ള ഒരു ഗവൺമെന്റിന്റെ സപ്ലിമെന്ററി ഡിമാന്റുകളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച 9.2 ശതമാനത്തിലേക്ക് ഉയർത്തിയ, അഭൂതപൂർവ്വമായ, ചരിത്രത്തിലൊന്നുമില്ലാത്ത ഈ വളർച്ചയെ പ്രതിപക്ഷം കണ്ടില്ലെങ്കിലും ഈ രാജ്യം എല്ലാകാലത്തും വളരെ നന്ദിയോടെ സ്മരിക്കും. ദാരിദ്ര്യ നിർമ്മാർജ്ജനം ദേശീയ ശരാശരിയേക്കാൾ വളരെ മുന്നിലെത്തിയ ഈ സംസ്ഥാനത്ത് ദാരിദ്ര്യ രേഖയിൽ കഴിയുന്നവരുടെ എണ്ണം 12.72 ശതമാനത്തിൽ എത്തിയപ്പോൾ ദേശീയ ശരാശരി 26.3 ശതമാനമാണ്. ഒരു ഗവൺമെന്റിന് ഇതിൽ കൂടുതൽ എന്താണ് ചെയ്യാൻ കഴിയുക. റവന്യൂചെലവ്

LIBRARY ARCHIVES Kerala Legislative Assembly

നിയന്ത്രിച്ചു. ഒരു കൊല്ലത്തിനുമുമ്പുള്ള കണക്ക് പ്രകാരം ശരാശരി വളർച്ചാനിരക്ക് 20.77 ശതമാനമായിരുന്നത് 11.12 ശതമാനമായി കുറച്ചു. ഇതൊക്കെ ആണല്ലോ ഒരു ഗവൺമെന്റിന്റെ ധനവിനിയോഗത്തിനും ധനനടത്തിപ്പിനും ഉപകരിക്കുന്നത്. ഇതു സംബന്ധിച്ച് പ്രതിപക്ഷം എന്തൊക്കെ പറഞ്ഞാലും മികവിന്റെ മുദ്രകൾ ഈ രാജ്യത്ത് നൽകിയിട്ടുണ്ട്. 'ഇൻഡ്യാ ടുഡേ' എന്ന പത്രം ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും എല്ലാ ഭാഷകളിലും പ്രസിദ്ധീകരിക്കുന്ന പത്രമാണ്. അതിന് കോൺഗ്രസ്സുമായി ഒരു ബന്ധവുമില്ല. ഇൻഡ്യാ ടുഡേ റിപ്പോർട്ട് പ്രകാരം രാജ്യത്തിലെ മികച്ച ഭരണമുള്ള ഒരു രാജ്യത്തിൽ ഏറ്റവും മികച്ച ഭരണം നടക്കുന്നത് കേരളത്തിലാണ്. ട്രാൻസ്പേരൻസി ഇന്റർനാഷണൽ ഇൻഡ്യാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രാജ്യത്തിലെ ഏറ്റവും അഴിമതി കുറഞ്ഞതും നല്ലതുമായ ഭരണം നടക്കുന്നത് കേരളത്തിൽത്തന്നെയാണ്. സാമ്പത്തിക സ്വാതന്ത്ര്യം ഏറ്റവുമധികമുള്ള രാജ്യത്തെ മൂന്നാമത്തെ സംസ്ഥാനമാണ് കേരളമെന്ന് രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കണ്ടെമ്പററി സ്റ്റഡീസ് വ്യക്തമാക്കുന്നു. ഇതിനെല്ലാം ഉപരിയായി ഇന്ത്യാഗവൺമെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ള ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റ് വകുപ്പിന്റെ ഇൻഡെക്സ് ഉണ്ട്. ശ്രീ. പിണറായി വിജയൻ നടത്തിയ ഒരു മാർച്ചിൽ പ്രധാനമായും പറഞ്ഞിരിക്കുന്നത് സാമൂഹ്യ നീതി എന്നാണ്, ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റ് വകുപ്പിന്റെ ഇൻഡെക്സ് കാണിക്കുന്നത് എന്താണ്? ഹ്യൂമൻ റിസോഴ്സസ് ഇൻഡെക്സ് പരിശോധിച്ചപ്പോൾ, അതിൽ it stands first, കേരളമാണ്. .....(ബഹളം).....കമ്മ്യൂണിസ്റ്റുകാർ ഭരിച്ചതുകൊണ്ടുണ്ടായ ക്ഷീണങ്ങളെല്ലാം ഇടയ്ക്കിടെ വരുന്ന യു.ഡി.എഫ്. ഗവൺമെന്റ് നികത്തിയതുകൊണ്ടാണ് ഇങ്ങനെയൊക്കെ പോകുന്നത്. ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റ് ഇൻഡെക്സിൽ, നിങ്ങളുടെ പാർട്ടി 27/28 കൊല്ലമായി ഭരിക്കുന്ന പശ്ചിമ ബംഗാളാണ് ഏറ്റവും താഴെ. ഞാൻ ബംഗാളിലെ കഥ വായിച്ചു കേൾപ്പിക്കാം. നിങ്ങളാണ് ഈ രാജ്യത്തിന്റെ ശാപം. ഇവിടത്തെ മാത്രമല്ല ബംഗാളിന്റേയും ശാപമാണ്. 27/28 കൊല്ലമായി അവിടെ ആ സിംഹാസനത്തിൽ ഇരുന്നിട്ട് എന്താണ് ജനങ്ങളുടെ സ്ഥിതി ?.....(ബഹളം).....നിങ്ങൾ ഒച്ച വച്ചിട്ട് എന്തു കാര്യം. 28 വർഷമായി ഭരിക്കുന്ന ബംഗാളിൽ, 2005-ലെ ഗവൺമെന്റിന്റെ മാനവിക വികസന റിപ്പോർട്ട്, 2004-ലെ സ്റ്റേറ്റ് ഹ്യൂമൻ റിസോഴ്സസ് ഡെലവപ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ റിപ്പോർട്ട്, ദേശീയ കുടുംബാരോഗ്യ സർവേ റിപ്പോർട്ട്, നാഷണൽ ഫാമിലി സർവേ റിപ്പോർട്ട്, ദേശീയ മാനവ വികസന റിപ്പോർട്ട്, ഈ റിപ്പോർട്ടിന്റെയൊക്കെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഇൻഡെക്സാണ്. ശ്രീ. പിണറായി വിജയൻ പറഞ്ഞാലോ പോളിറ്റ് ബ്യൂറോ പറഞ്ഞാലോ ഇൻഡെക്സ് മാറുമോ ? ഈ ഇൻഡെക്സ് അനുസരിച്ച് ഏറ്റവും മോശം ബംഗാളാണ്. ഇനി അതിന്റെ വിശദാംശങ്ങൾ വേണമെങ്കിൽ പറയാം. സംസ്ഥാനത്തെ എട്ട് കോടിയോളം വരുന്ന ജനങ്ങളിൽ 31.36 ശതമാനം പേർ നിരക്ഷരരാണ്. കേരളത്തിലെ കാര്യം അറിയാമല്ലോ? 98.99 ശതമാനമാണ്. സാക്ഷരതയുടെ കാര്യത്തിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ സംസ്ഥാനത്തിനു 19-ാം സ്ഥാനമാണ്. നിങ്ങൾ ഭരിച്ചതുകൊണ്ടാണ് ഗുണമുണ്ടാകുന്നതെങ്കിൽ പിന്നെ അവിടെ ഗുണം ഉണ്ടാകണ്ടേ? നിങ്ങൾ ഇടയ്ക്കിടയ്ക്കല്ലേ ഇവിടം ഭരിക്കുന്നത്? അവിടെ തുടർച്ചയായിട്ടു

LIBRARY ARCHIVES Kerala Legislative Assembly

ഭരിക്കുകയല്ലേ? എന്നിട്ടെന്താ ഗുണം ഉണ്ടാകാത്തത്? റഷ്യ, ഫ്രഞ്ച്, പൂർവ്വ ജർമ്മനി എന്നി രാജ്യങ്ങൾക്ക് നിങ്ങളുടെ ഭരണം കൊണ്ട് ഗുണം ഉണ്ടായോ? അതായത് ലൈഫ്ബോയി സോപ്പിന്റെ പരസ്യത്തിൽ പറയുമല്ലോ? "എവിടെ ലൈഫ് ബോയി ഉണ്ടോ അവിടെ ആരോഗ്യവുമുണ്ട്" എന്ന്. "എവിടെ കമ്മ്യൂണിസം ഉണ്ടോ അവിടെ സർവ്വ നാശം" ഇവിടെ ഒരു ശകലം കമ്മ്യൂണിസം ഉണ്ട്. അതിനു നാശവും ഉണ്ട്. അടുത്ത തെരഞ്ഞെടുപ്പിൽ ജനങ്ങൾ അതുംകൂടി ഉച്ചാടനം ചെയ്താൽ ഇവിടെ സർവ്വോത്കർഷം. ഈ രാജ്യം സോഷ്യലിസ്റ്റാകും. അതിന്റെ കീർത്തിമുദ്രയാണ് ഞാൻ വായിച്ചത്. പൊട്ടന്റെ മുമ്പിൽ ശംഖ് ഊതിയിട്ടെന്തു കാര്യം എന്നു പറയുന്നതുപോലെയാണ്. നിങ്ങളോടു പറഞ്ഞിട്ടെന്തു കാര്യം? ഇതു ജനങ്ങൾ കേട്ടുകൊള്ളട്ടെ എന്നു വിചാരിച്ചു പറഞ്ഞതാണ്. നിങ്ങളോടു പറഞ്ഞിട്ടു കാര്യമില്ലെന്നറിയാം. നാണമില്ലേ ഇതും കേട്ടുകൊണ്ടിരിക്കാൻ? പോളിറ്റ് ബ്യൂറോ എന്നു പറയുമ്പോൾത്തന്നെ അറിയാം. അവിടെ ഭരിക്കുന്നത് ഈ വിദ്വാന്മാരാണ്. ഇവർ ഭരിച്ച് ഭരിച്ച് രാജ്യത്തെ പാപ്പരാക്കി. നിങ്ങൾ വായിക്കുകയോ ഇല്ല, അപ്പോൾ കേൾക്കുകയെങ്കിലും ചെയ്യൂ. കേട്ടാലും കുഴപ്പമാണ്. കേട്ടാൽ കോൺഗ്രസ്സാകും. 120 വർഷം പ്രായമുള്ള. 92 വർഷം സ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്ത. 46 വർഷം ഭരിച്ച് ഇന്ത്യയെ ഈ നിലയിലാക്കിയ മഹാപ്രസ്ഥാനത്തിൽ വരുന്നതു ഭാഗ്യമാണ്. അതൊക്കെ മനസ്സിലാക്കിയാൽ ഇങ്ങോട്ടുവരും. "പൊട്ടക്കുളത്തിൽ പുളവൻ പുളയുന്നതുപോലെ" നിങ്ങൾ അതിൽത്തന്നെ കിടന്ന് കറങ്ങിയിട്ട് വല്ല കാര്യവുമുണ്ടോ? ഇതു കണക്കാണ്. നമ്മൾ എല്ലാവരും പഠിച്ചു രണ്ടും മുന്നും അഞ്ച് എന്ന കണക്കിന്റെ കണ്ടിന്യൂവേഷൻ. ഇത്രയേയുള്ളൂ. "സംസ്ഥാനത്തെ 40.974 റവന്യൂ ജില്ലയിൽ 39 ശതമാനത്തിലും പ്രാഥമിക വിദ്യാഭ്യാസ സൗകര്യം ലഭ്യമല്ല" ഇന്ത്യയിൽ ഇങ്ങനെയൊരു സംസ്ഥാനമുണ്ടോ? നിങ്ങളുടെ ജാഡകളുണ്ടല്ലോ. .....(ബഹളം)..... ബാക്കി കൂടി വായിക്കാം. ശ്രീ കെ. കരുണാകരനെ എടുത്ത നിങ്ങൾ ആരെ വേണമെങ്കിലും എടുക്കും. എപ്പോൾ എടുത്തില്ല എന്നു ചോദിച്ചാൽ മതി. ഇനി ഇന്ത്യയിൽ ആരെയാണ് എടുക്കാൻ പോകുന്നത്? ശ്രീ. വാജ്പേയ് ഇങ്ങോട്ട് വരുന്നില്ല. വന്നിരുന്നെങ്കിൽ അദ്ദേഹത്തെയും എടുക്കുമായിരുന്നു. "ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം". ഇറാൻ പറഞ്ഞതായാലും കൊള്ളാം. ചേരിചേരാനയം പറഞ്ഞതായാലും കൊള്ളാം. നമുക്ക് വോട്ട് കിട്ടണം. രാജ്യം എവിടെയെങ്കിലും പോകട്ടെ. 39 ശതമാനം ആളുകൾക്കും പ്രാഥമിക വിദ്യാഭ്യാസ സൗകര്യം ലഭ്യമല്ല. അവിടെ 15.38 ശതമാനം ഗ്രാമങ്ങളിൽ മാത്രമാണ് യു.പി. സ്കൂളുള്ളത്. എന്റെ മണ്ഡലത്തിൽ ഒരു യു.പി സ്കൂൾ ഉണ്ടായിരുന്നു. അതുപോലും ഇപ്പോൾ ഹൈസ്കൂൾ ആക്കിയിട്ടുണ്ട്. കേരളത്തിൽ എല്ലായിടത്തും യു. പി. സ്കൂളും ഹൈസ്കൂളും ഉണ്ട്. ഹൈസ്കൂൾ ആകട്ടെ ഗ്രാമങ്ങളിൽ 8.36%-വും എന്നിട്ട് സ്വർഗ്ഗരാജ്യത്തുനിന്നുകൊണ്ട് സാമൂഹ്യനീതി സിന്ദാബാദ് എന്ന് വിളിക്കുകയാണ്. എന്ത് സാമൂഹ്യനീതി. അദ്ദേഹത്തിന്റെ മനസിലൊക്കെ ഒന്നു നോക്കിയേ? സാമൂഹ്യനീതി? ഇവിടെ പഠിപ്പിക്കാൻ വരുന്നു എന്ത് വ്യർത്ഥമായ ഒരു അഭ്യാസമായിരുന്നു നടത്തിയത് എന്ന് ആലോചിച്ചു നോക്കൂ. നിങ്ങൾക്ക് ലജ്ജ തോന്നുന്നില്ലേ കേരളത്തിൽ വന്നു നിന്നുകൊണ്ട് സാമൂഹ്യനീതിയെപ്പറ്റി പറയാൻ? ഞാൻ എസ്. എൻ. സി. ലാവ്‌ലിനെ സംബന്ധിച്ചു പറഞ്ഞുപോകുമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ തർക്കിച്ചതുകൊണ്ടാണ് ഇതു പറഞ്ഞത്. ഇതൊന്നും പറയാൻ ഞാൻ ഉദ്ദേശിച്ചതല്ല. അതു പറയാൻ സമ്മതിക്കില്ല. എന്നാൽ പിന്നെ ഇതു പറഞ്ഞേക്കാമെന്നു വച്ചു. 94 ഗ്രാമങ്ങളിൽ 32,231 ഗ്രാമങ്ങളിലെ കുട്ടികൾക്ക് അഞ്ച് കിലോമീറ്റർ യാത്രചെയ്തുവേണം സ്കൂളിലെത്തുന്നതിനു പോകാൻ. ഇനി കൂടുതൽ വായിച്ചിട്ടെന്തു കാര്യം? ബംഗാളിലെ വീടുകളിൽ 40.42 ശതമാനം മാത്രമാണ് അടച്ചുപൂട്ടുള്ള വീടുകളുള്ളത്. ബാക്കിയെല്ലാം ആദിവാസികൾ താമസിക്കുന്ന കുടിലുപോലുള്ളതാണ്. 51 ശതമാനം വീടുകൾക്കും ഒറ്റ മുറിമാത്രമേയുള്ളൂ. നമ്മളെല്ലാം കേരളീയരാണ്. "കേരളമെന്നു കേട്ടാൽ അഭിമാനപൂരിതമാകണമന്തരംഗം". അല്ലാതെ ബംഗാൾ എന്നു പറഞ്ഞാലല്ല അഭിമാനം കൊള്ളേണ്ടത്. ബംഗാൾ ബംഗാളിന്റെ വഴിക്കു പോകട്ടെ. ഇപ്പോൾ അതിനെപ്പറ്റി കൂടുതലൊന്നും പറയുന്നില്ല. അതുകൊണ്ട് ഈ രീതിയിൽ, സാമൂഹ്യ വികസനത്തിൽ ഏറ്റവും കൂടുതൽ നേട്ടമുണ്ടാക്കിയ ഗവൺമെന്റ്, സാമ്പത്തിക വികസനത്തിൽ, വ്യവസായത്തിൽ, 20,000 കോടി രൂപ ഇവിടെ കേന്ദ്ര ഗവൺമെന്റ് ഡെപ്പോസിറ്റ് ചെയ്ത് വ്യവസായങ്ങൾ കൊണ്ടുവന്നു. കൊച്ചിയുടെ കാര്യങ്ങളൊക്കെ നിങ്ങൾക്ക് അറിയാമല്ലോ? 20,000 കോടി രൂപയുടെ കേന്ദ്ര നിക്ഷേപം. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ. അതിലൊക്കെ നമ്മൾ അഭിമാനം കൊള്ളുകയാണ്. 10,000 കോടി രൂപയുടെ സ്വകാര്യ മേഖലയിലുള്ള നിക്ഷേപം. അതുപോലെ കുടുംബശ്രീയെക്കുറിച്ച് അഭിമാനിക്കുക. ഇന്ത്യയിൽ എതെങ്കിലുമൊരു സംസ്ഥാനത്ത് കുടുംബശ്രീ പദ്ധതി ഉണ്ടോ? എന്നിട്ടാണ് സാമൂഹ്യനീതിയെപ്പറ്റി സംസാരിക്കുന്നത്. .....(ബഹളം)..... ഇവിടെയുള്ള കാര്യം മാത്രം പറയുക. അന്ധകാരത്തിന്റെ ആഴിയിൽ ഇരുന്നുകൊണ്ട് നോക്കിയാൽ ഈ പ്രകാശം കാണാൻ സാധിക്കില്ല. അതുകൊണ്ട് ഈ നിയമസഭയിൽ വന്നിരിക്കുക. അത്ര ഗുണമെങ്കിലുമുണ്ടാകട്ടെ. സാമൂഹ്യനീതി എന്നു പറഞ്ഞാൽ എന്താണ്? ഇവിടത്തെ വനിതകളെ മനുസ്മൃതി വധിച്ചിട്ടിരുന്നു. "നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്നു പറഞ്ഞു. രാജീവ്ഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ്സ് ഗവൺമെന്റ് മുന്നോട്ടുവന്ന്. അദ്ദേഹത്തിന്റെ ഡെഡ്ഗം കൊണ്ട് ഒറ്റ വെട്ട്. ഭരണഘടന ഭേദഗതി ചെയ്തു. സാമൂഹ്യ നീതി എന്നു പറഞ്ഞാൽ എന്താണ്? സമൂഹത്തിലെ പകുതി സ്ത്രീകളും വീടുകളിലായിരുന്നു. മനുസ്മൃതി അവരെ ബന്ധിച്ചിട്ടിരുന്നു. "നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്നു പറഞ്ഞു. ഇവിടെ രാജീവ്ഗാന്ധി മുന്നോട്ടുവന്ന് ഭരണഘടന ഭേദഗതി ചെയ്ത് വനിതകൾക്ക് മുന്നിലൊന്ന് സംവരണം എന്നു കൊണ്ടുവന്നപ്പോൾ അതിനെ എതിർത്തു തോൽപ്പിച്ചത് കമ്മ്യൂണിസ്റ്റുകാരായ നിങ്ങളാണ്. ലോക്സഭയിൽ ഞങ്ങൾ പാസ്സാക്കി. രാജ്യസഭയിൽ രണ്ട് വോട്ട് വേണമായിരുന്നു. നിങ്ങൾ വോട്ട് ചെയ്തില്ല. നിങ്ങൾ പിൻതിരിപ്പൻമാരാണ്. കുടുംബശ്രീ 1,16,000 ആയി. 33 ലക്ഷം കുടുംബങ്ങൾ വ്യാപിച്ചു കിടക്കുന്ന കുടുംബങ്ങൾക്ക് ആയിരക്കണക്കിന് കോടി രൂപ കൊടുത്ത് അവരെ ശക്തരാക്കി സ്ത്രീശക്തി വളർത്തുകയാണ് ചെയ്തത്. അതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ സാമൂഹ്യനീതി. കേരളത്തെപ്പറ്റി അഭിമാനം കൊള്ളണം. ഈ രാജ്യം വികസനോന്മുഖമായിരിക്കുന്നതിന് നിങ്ങളുടെ സഹായം വേണം. എന്ന് പറഞ്ഞാൽ റിലയൻസ് 100 കോടി രൂപയ്ക്ക് ബംഗാളിൽ ടെക്നോപാർക്ക് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടാക്കാൻ കരാർ വച്ചു. അവർ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

വരാൻ തയ്യാറായിരുന്നു. ശ്രീ. പിണറായി വിജയൻ ഒക്കില്ല എന്ന് പറഞ്ഞ് കൈപൊക്കിയില്ലേ? നിങ്ങൾ നീതിയുടെ നയത്തിന് എതിരാണ്. ഇവിടത്തെ സർവേ അനുസരിച്ച് 365 ദിവസത്തിൽ 130 ദിവസവും നിങ്ങൾ ഉപരോധത്തിലും സമരത്തിലും പണിമുടക്കിലുമാണ്. ഈ രാജ്യദ്രോഹം അവസാനിപ്പിക്കാൻ ഞാൻ ഈ സന്ദർഭത്തിൽ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. ഈ രാജ്യത്തെയോർത്ത്, നിങ്ങളെ ഓർത്ത്, നിങ്ങളുടെ കുഞ്ഞുങ്ങളെയോർത്ത് ഈ രാജ്യം വളരട്ടെ. വികസിക്കട്ടെ. ശ്രീ. ഉമ്മൻ ചാണ്ടിയുടേയും ശ്രീ. ആന്റണിയുടേയും ധീരമോദാത്തമായ ഉറച്ച നിലപാടിന്റേയും പാർട്ടിയുടേയും ഫലമായി വികസനോന്മുഖമായ ഒരു സംസ്കാരം ഇവിടെ വന്നിരിക്കുന്നു. എ. കെ. ജി. സെന്ററിൽ കൂടിയ വികസന കോൺഗ്രസ്സ് നിങ്ങൾ അംഗീകരിക്കുന്നു. അവിടെ എന്താണ് നിങ്ങൾ പറഞ്ഞത്? കോളേജ് വേണം, പുറത്തുനിന്നും പണം വരണം, രാജ്യത്ത് കൃഷി ഇരട്ടിക്കണം, രാജ്യത്ത് വ്യവസായം വരണം. ഇതൊക്കെ നല്ല കാര്യമാണ്. പിറ്റേന്നു തന്നെ നിങ്ങൾ ഉപരോധം തുടങ്ങിയാലോ? 18,000 കോടി രൂപയാണ് പുറത്തുനിന്നും ശമ്പളമായി വരുന്നത്. അതിൽ പകുതിയും ഇവിടെയാണ് വരുന്നത്. കമ്മ്യൂണിസ്റ്റുകാരനെ പേടിച്ച് വ്യവസായികളാരും ഇവിടെ വരില്ല. കാലത്തിനൊത്ത് അത് മാറുകയാണ്. തെരഞ്ഞെടുപ്പിനെ ഉദ്ദേശിച്ച് പറയുകയല്ല. കുടുംബശ്രീയിൽ 33 ലക്ഷം കുടുംബങ്ങളുണ്ട്. അവർ വോട്ട് ചെയ്താൽ മതി ഞങ്ങൾ ജയിക്കും. യാതൊരു സംശയവുമില്ല. രാജ്യത്ത് എത്രയോ കോടി ആളുകളാണ് ഗുണഭോക്താക്കൾ. നൂണപറഞ്ഞ് കുറേക്കാലം കഴിക്കാമെന്ന് വിചാരിച്ചാൽ ഒരാൾക്ക് ഒരാളെ ഒരിക്കൽ പറ്റിക്കാം. എല്ലാവരേയും എല്ലാവർക്കും എല്ലാക്കാലത്തും പറ്റിക്കാമെന്ന് പറയുന്നത് മലർപ്പൊടിക്കാരന്റെ സ്വപ്നമാണ്. അത് നടക്കുകയില്ല. ഇപ്പോൾ ആളുകൾക്ക് മനസ്സിലായി. പണം എങ്ങനെ ചെലവാക്കുന്നു എന്നുള്ളതിനെപ്പറ്റി നിങ്ങളുടെ പാർട്ടിയുടെ കാഴ്ചപ്പാട് എന്താണ്? ആ പാർട്ടി ഒരിക്കലും നന്നാകില്ല. 'എന്നെ അടിക്കണ്ട അമ്മാവാ ഞാൻ നന്നാകില്ല' എന്നതാണ്. പ്രമേയത്തിൽ പറഞ്ഞിരിക്കുന്നത് ഇതാണ്, ഭൂരിപക്ഷമുള്ള സെക്രട്ടേറിയറ്റ് അദ്ദേഹത്തിന്റെ പിന്നിലാണ്, സി. ആന്റ് എ. ജി. റിപ്പോർട്ടിലെ എല്ലാ പ്രധാനപ്പെട്ട വിമർശനങ്ങൾക്കും മറുപടി പറയേണ്ടത് യു.ഡി.എഫ്. ആണ്. വൈദ്യുതിക്ഷാമം രൂക്ഷമായി, കേരളം നേരിട്ട അതിരൂക്ഷമായ വൈദ്യുതിക്ഷാമം കണക്കിലെടുത്ത് എത്രയും വേഗം നവീകരണ പദ്ധതി നടപ്പിലാക്കാനാണ് ഇത് ചെയ്തത് എന്നാണ് പറയുന്നത്. ഇവിടെ എസ്.എൻ.സി. ലാവ്‌ലിനെപ്പറ്റി പറഞ്ഞപ്പോൾ നിങ്ങൾ നേര്യമംഗലത്തെപ്പറ്റി പറഞ്ഞു. നേര്യമംഗലം നിങ്ങളുടെ കാലത്താണ് കരാർ ഒപ്പുവച്ചത്. ഞങ്ങൾ കൊണ്ടുവന്ന സ്കീമാണ്. ഞങ്ങൾ പ്രിലിമിനറി എഗ്രിമെന്റ് വച്ചു. ഫൈനൽ എഗ്രിമെന്റ് വയ്ക്കാൻ നിങ്ങൾക്കാണ് യോഗം ഉണ്ടായത്. ഫൈനൽ എഗ്രിമെന്റ് വച്ചിട്ട് ഉടൻ തന്നെ നിങ്ങൾ അത് ക്യാൻസൽ ചെയ്തു. അത് ക്യാൻസൽ ചെയ്തതിന്റെ കാര്യം ഞാൻ പറയുന്നില്ല. 70 ലക്ഷം രൂപയ്ക്ക് ഒരു മെഗാവാട്ട് യൂണിറ്റ് ഉൽപ്പാദിപ്പിക്കാം. പക്ഷേ നിങ്ങൾ സമ്മതിച്ചില്ല. നിങ്ങൾ ക്യാൻസൽ ചെയ്ത് ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി ഗവൺമെന്റിന്റെ ഉത്തരവ് അസ്ഥിരപ്പെടുത്തി. സുപ്രീംകോടതിയിൽ പോയി, സുപ്രീം കോടതി അസ്ഥിരപ്പെടുത്തി. അതിനുശേഷം ഒന്നര വർഷം നിങ്ങൾ നടപ്പാക്കാതെ വച്ചിരുന്നു. എന്നാൽ ഒരു മെഗാവാട്ടിന്

LIBRARY ARCHIVES Kerala Legislative Assembly

3,24,000 രൂപ ചെലവുള്ള കോൺട്രാക്ട് ഉണ്ടാക്കാൻ ഇവിടെനിന്നും കാനഡയിലേക്ക് പോയി. അതിന്റെ പിന്നിലുള്ള പ്രേരകശക്തിയും മാനദണ്ഡവുമെന്താണ് ? കോൺട്രാക്ടർമാരാണോ നിങ്ങളുടെ മാനദണ്ഡം തീരുമാനിക്കുന്നത് ? അവിടെയുള്ള കോൺട്രാക്ടർമാർ നിങ്ങളുടെ മാനദണ്ഡം സ്വീകരിച്ചില്ല. എസ്.എൻ.സി. ലാവ്‌ലിൻ മാനദണ്ഡം സ്വീകരിച്ചു. ഞങ്ങളുടെ കാലത്ത് 75 ലക്ഷം രൂപയ്ക്ക് നേര്യമംഗലം ഉണ്ടാക്കി. 60 ലക്ഷം രൂപയ്ക്ക് കരാർ ഉണ്ടാക്കി. എല്ലാം ന്യായമായി ഉണ്ടാക്കി. ഈ ബില്ലിൽ പറയുന്നതെന്താണെന്നുവച്ചാൽ ഞങ്ങൾ ധനവിനിയോഗവും കാര്യങ്ങളും നടത്തിയത് രാജ്യതാൽപ്പര്യം കണ്ടിട്ടാണെന്നാണ്. ഇറാന്റെ കാര്യത്തിൽ റഷ്യ, ചൈന, മറ്റ് ഇസ്ലാം രാജ്യങ്ങളെല്ലാം ഒപ്പിട്ടു. അവരെല്ലാം വോട്ടു ചെയ്തു. പിന്നെ ഇന്ത്യ മാത്രം വോട്ട് ചെയ്തത് തെറ്റാണ് എന്ന് പറയുന്നത് വൃത്തികെട്ട വർഗ്ഗീയരാഷ്ട്രീയം കളിക്കാനാണെങ്കിൽ പിന്നെ എന്തിന്? നിങ്ങൾ അന്താരാഷ്ട്ര ബന്ധമുള്ള പാർട്ടിയല്ലേ? ശ്രീമതി വൃന്ദാ കാരാട്ടിന്റെ അഭിപ്രായംകൂടി അറിഞ്ഞുകൊണ്ടല്ലേ ചൈനയിലെ ഭരണാധിപൻമാർ അവിടെ പോയി വോട്ട് ചെയ്തത് ? നിങ്ങൾ ചേരിചേരാ നയത്തിലുണ്ടോ? നിങ്ങൾ ഒരു ചേരിയിലാണ് നിന്നത്. ഇൻഡ്യൻ സ്വാതന്ത്ര്യസമരം നടന്നപ്പോൾ ഇൻഡ്യയ്ക്കെതിരായി റഷ്യൻ ചേരിയിലും ഇംഗ്ലണ്ടിന്റെ ചേരിയിലും നിന്ന ആളുകളാണ് നിങ്ങൾ. ചേരിചേരാ നയത്തിന്റെ വക്താക്കൾ ഇവരാണ്. ക്വിറ്റ് ഇൻഡ്യാ സമരം നടന്നുകൊണ്ടിരുന്നപ്പോൾ ഒരു ദിവസം രാത്രി സോവിയറ്റ് റഷ്യയിലേക്ക് ഹിറ്റ്‌ലർ സൈന്യം അയച്ചപ്പോൾ ഇംഗ്ലണ്ടുമായി അവർ കരാർ ഉണ്ടാക്കി. പിറ്റേന്ന് രാവിലെ കമ്മ്യൂണിസ്റ്റ് പാർട്ടി പറയുന്നത് ഇത് ജനകീയ യുദ്ധമാണ്, അതിൽ പങ്കെടുക്കണമെങ്കിൽ സ്വാതന്ത്ര്യസമരത്തെ എതിർക്കണമെന്നാണ്. സ്വാതന്ത്ര്യസമര ചരിത്രത്തിലെ നാലാം വോളിയം നിയമസഭാ ലൈബ്രറിയിൽ ഉണ്ട്. ഞാൻ വായിച്ചു കേൾപ്പിക്കാം. ഞാൻ പണ്ട് ശ്രീ. അച്ചുതാനന്ദന് വായിച്ച് കേൾപ്പിച്ചിട്ടുണ്ട്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ക്വിറ്റ് ഇൻഡ്യാ സമരകാലത്ത് ഇൻഡ്യയ്ക്കെതിരായിട്ടുള്ള നിലപാട് എടുക്കാമെന്ന് പറഞ്ഞ് അതിന്റെ അടിസ്ഥാനത്തിൽ എഴുതിക്കൊടുത്തതിനുശേഷം ജയിലിൽ നിന്ന് പരോളിൽ ഇറങ്ങിവന്ന കമ്മ്യൂണിസ്റ്റുകാർ ഉണ്ടെന്നാണ് ചരിത്രം പറയുന്നത്.

ശ്രീ. കടവൂർ ശിവദാസൻ: എത്രയോ ഉണ്ട്. സാന്ത്വിപ്പ് പോയി എങ്കിലും വൈസ്രോയിയുടെ ഓഫീസിൽ നിങ്ങൾ രാജ്യത്തിന് എതിരായി നടത്തിയ പ്രവർത്തനത്തെപ്പറ്റിയെല്ലാം രേഖ ഉണ്ട്.

ശ്രീ. ബിനോയ് വിശ്വം: സർ, മഹാത്മാഗാന്ധിയും നെഹ്റുവും സോവിയറ്റ് യൂണിയനെതിരായിട്ടുള്ള ഹിറ്റ്‌ലറുടെ ആക്രമണ സമയത്ത് ഹിറ്റലർക്കെതിരായി സോവിയറ്റ് ചേരിയെ പിൻതാങ്ങിയ കാര്യം അങ്ങേക്കറിയാമോ ?

ശ്രീ. കടവൂർ ശിവദാസൻ: അപ്പോൾ ഗാന്ധിയും നെഹ്റുവും സ്വാതന്ത്ര്യ സമരത്തെ വഞ്ചിച്ചു എന്നാണോ ? ഞാൻ പറഞ്ഞത് അവർ എന്തഭിപ്രായം പറഞ്ഞു എന്നല്ല, നിങ്ങൾ സ്വാതന്ത്ര്യസമരത്തെ എതിർത്തു, വഞ്ചിച്ചു. അതാണ് ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യ ചൈനയെ എതിർത്തപ്പോൾ ഏത് ചേരിയിൽ ആയിരുന്നു? ചൈനീസ് ചേരിയിൽ. അടുത്ത ചോദ്യം അഫ്ഗാനിസ്ഥാനിൽ മുസ്ലീം സഹോദരങ്ങളെ റഷ്യ ആക്രമിച്ച് കീഴടക്കിയപ്പോൾ നിങ്ങൾ ഏത് ചേരിയിൽ ആയിരുന്നു? റഷ്യൻ ചേരിയിൽ. അഫ്ഗാനിസ്ഥാനിൽ 8 കൊല്ലം ടാങ്കർ ഉപയോഗിച്ച് മുസ്ലീം സഹോദരങ്ങളെ കൊന്നൊടുക്കിയപ്പോൾ നിങ്ങൾ ഏതു ചേരിയിൽ ആയിരുന്നു? സോവിയറ്റ് ചേരിയിൽ. ഹംഗറിയിൽ ആക്രമിച്ചപ്പോൾ നിങ്ങൾ എത് ചേരിയിൽ ആയിരുന്നു? സോവിയറ്റ് യൂണിയൻ ചേരിയിൽ. എന്നാണ് നിങ്ങൾക്ക് ചേരിചേരാ നയം വന്നത്, നിങ്ങൾ എപ്പോഴും ഒരേ ചേരിയിൽ തന്നെയാണ്. ഇപ്പോഴും നിങ്ങളുടെ സമരങ്ങൾ പോലും ഈ രാജ്യത്തിന്റെ ദേശീയ സമരങ്ങളാണല്ലോ കേരളത്തിലും ബംഗാളിലും നടക്കുന്നത്. അത് ചൈനയോടാണ്.

ശ്രീ. സി. പി. മുഹമ്മദ്: അങ്ങ് ഇപ്പോൾ റഷ്യയുടേയും ചൈനയുടേയുമൊക്കെ കാര്യം പറയുന്നുണ്ട്, അങ്ങ് ഇവിടെ ചൊല്ലി 'കേരളമെന്നു കേട്ടാൽ അഭിമാനപൂരിതമാകണമന്തരംഗം' എന്ന് ഇവർ ഇപ്പോൾ ചൈനയും റഷ്യയും കൈവിട്ട് കാനഡ എന്നുകേട്ടാൽ അഭിമാനപൂർവ്വം കാനഡയാകണം അന്തരംഗം എന്നു പാടുന്നവർ ആണെന്ന് അങ്ങേക്ക് അറിയാമോ?

ശ്രീ. കടവൂർ ശിവദാസൻ: അതൊക്കെ പോയല്ലോ, മുതലാളിത്ത പാത ഇവർ എതിർത്തു. ഞാൻ ഇപ്പോഴും പറയുന്നത് സ്നേഹിതരെ ആ പാത ശരിയല്ല. ഇൻഡ്യയിലെ ഒരു ജനാധിപത്യ സോഷ്യലിസത്തിന്റെ പാതയിലേക്ക് നിങ്ങൾ വരിക. നിങ്ങൾക്ക് ചേരിചേരാ നയം എന്നുപറയാൻ അവകാശമില്ല. നിങ്ങൾ ഇപ്പോഴും ഒരു ചേരിയിൽ നിൽക്കുന്നവരാണ്. നിങ്ങളുടെ എല്ലാ സമരങ്ങളും ഇൻഡ്യാ ഗവൺമെന്റിന്റെ, ഇൻഡ്യയുടെ വ്യവസായ താൽപ്പര്യത്തിന് എതിരാണ്. പെട്രോൾ വില വർദ്ധനവുണ്ടായാൽ നിങ്ങൾ ഇവിടെ സമരം നടത്തും. എവിടെയാണ് സമരം, കേരളത്തിലും ബംഗാളിലും. ഇവിടെമാത്രം എന്തിനാണ് തകർക്കുന്നത്, എന്താണ് ഇതിന്റെ ഉദ്ദ്യേശം. ഇൻഡ്യ അഭിവൃദ്ധിപ്പെടുമ്പോൾ കേരളം മാത്രം തകർക്കും. ഇതിന്റെയൊക്കെ കുഴപ്പം അന്താരാഷ്ട്ര മാർക്കറ്റിൽ ചൈനയും ഇൻഡ്യയുമായി മൽസരമാണെന്നാണ്. നിങ്ങൾക്കറിയാമല്ലോ, ഇൻഡ്യയിൽ വ്യവസായം സ്തംഭിക്കുമ്പോൾ ചൈനയ്ക്ക് നേട്ടം. അവിടെയല്ലേ നിങ്ങൾ? ഇപ്പോൾ നമ്മുടെ വിമാന യാത്ര സ്റ്റാഫ് സമരം നടത്തി. ആർക്കുവേണ്ടി; എന്തിനുവേണ്ടി? അതിലെ ഏറ്റവും വലിയ രസം സമരം നടത്തിക്കഴിഞ്ഞ ഉടൻതന്നെ ബുദ്ധദേവ് ഭട്ടാചാര്യ കൽക്കട്ടയിൽ ഉണ്ടായ സമരത്തിന് ക്ഷമാപണം പറഞ്ഞു. എന്തിന്? വിദേശ നിക്ഷേപങ്ങളും അസൗകര്യങ്ങളും വ്യവസായികൾക്ക് ഉണ്ടാകാൻ പാടില്ല എന്നുപറഞ്ഞ്. ഇവിടെ ശ്രീ. പിണറായി വിജയൻ സമരം ചെയ്തവരെ ചെന്നു കണ്ട്, അനുകൂലിച്ച്, ഹസ്തദാനം ചെയ്ത് മകുടഹാരം നടത്തി. അത് അങ്ങനെ അവസാനിപ്പിക്കുകയാണ്. ഇവിടേയും ഈ രാജ്യത്ത് വ്യവസായം വരട്ടെ, ഇവിടേയും നമ്മുടെ പിള്ളേർ പഠിക്കട്ടെ, കോളേജുകൾ വരട്ടെ, നല്ല കാര്യങ്ങൾ വരട്ടെ. സാർവ്വജനീനമായ അംഗീകാരം നേടിയ ഈ ഗവൺമെന്റിന്റെ ഡിമാന്റ് ഞാൻ അംഗീകരിക്കുന്നതോടൊപ്പം, പിൻതാങ്ങുന്നതോടൊപ്പം ഞാൻ ഇവിടെ വർത്തമാനം പറഞ്ഞു എങ്കിലും, നമ്മളെല്ലാം ഏകമനസ്സായി ഈ ഗവൺമെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഉയർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കണം. ഈ ഹ്യൂമൻ റിസോഴ്സസ് ഇൻഡക്സിൽ കാണുന്ന ചൈനയാണോ അതോ ഇപ്പോഴുള്ള കേരളമായിരിക്കണമോ ഈ തെരഞ്ഞെടുപ്പിനുശേഷം കേരളത്തിന്റെ മാതൃക ആയിരിക്കേണ്ടത് എന്നാണ് ഈ രാജ്യത്തെ ജനങ്ങൾ മുഴുവൻ വരുന്ന തെരഞ്ഞെടുപ്പിൽ വിധി എഴുതേണ്ടത്.

ശ്രീ. രാജു എബ്രഹാം: സർ, ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും ഞാൻ എതിർക്കുകയാണ്. ഇവിടെ ഹ്യൂമൻ റിസോഴ്സസ് ഡെലപ്മെന്റ് ഇൻഡക്സിനെ സംബന്ധിച്ചിടത്തോളം രണ്ടു മൂന്ന് ദിവസമായി ചർച്ച നടക്കുകയാണ്. 2005-ൽ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ പുറപ്പെടുവിച്ച ബുള്ളറ്റിനാണ്. ഇത് 2001-ലെ കണക്കാണ്. ഈ കണക്കുപ്രകാരം കേരളം ഒന്നാമതാണ്. അന്ന് കേരളം ഭരിച്ചത് എൽ.ഡി.എഫ്. ആണ്. അവിടെ ബംഗാൾ 8-ാംസ്ഥാനത്താണ്. എനിക്ക് ഒരു സംശയം മാത്രമേയുള്ളൂ, ഇത്ര തകർന്നിട്ടുള്ള പശ്ചിമബംഗാളിൽ ഓരോ തെരഞ്ഞെടുപ്പ് കഴിയുമ്പോഴും സി. പി.ഐ. (എം.)-ന്റേയും ഇടതുപക്ഷ പാർട്ടികളുടേയും വോട്ട് കൂടിവരികയാണ്. സീറ്റ് കൂടുകയും ചെയ്യുകയാണ്. ഇത് എന്തൊരു അൽഭുതമാണ്. വലിയ തകർച്ച നേരിടുന്ന ബംഗാളിൽ വോട്ടും സീറ്റും കൂടിവരുന്ന ഒരു അവസ്ഥ എങ്ങനെയാണ് സൃഷ്ടിക്കുക. ഇവിടെ വലിയ തകർച്ച എന്നാണ് പറയുന്നത്. ഇവിടെ ബഡ്ജറ്റിൽ സർവ്വവിധ വികസനവും നടത്തിയിട്ടുണ്ട് എന്നാണ് ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. കേരളത്തിൽ ഇനി എവിടെ വികസനം വരാൻ? എന്റെ ഒരു ചെറിയ അനുഭവം മാത്രം ഞാൻ ഉദാഹരണമായി പറയാം. കഴിഞ്ഞ വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴും ഞാൻ പറഞ്ഞു, ഞാൻ നാല് വർഷമായി ഒരു പോളിടെക്നിക്കിന്റെ എ. എസ്.-നുവേണ്ടി നടക്കുകയാണ്. 15 തവണ അത് ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ പോയി മടങ്ങിവന്നു. ഞാൻ പ്രസംഗിച്ചപ്പോൾ അങ്ങ് മറുപടി പറഞ്ഞു ഉടനെ ശരിയാക്കും എന്ന്. അതിനുശേഷം മൂന്ന് തവണ ഈ ഫയൽ ഫിനാൻസിൽ പോയി. ഒരു ഫയൽ അഞ്ചു വർഷമായി 18 തവണ ഭരണാനുമതിക്ക് നടക്കുകയാണ്. ഒരു ചിന്ന വർക്ക്. റവന്യൂ ടവർ 2001-ൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കെ. എം. മാണി സാർ പ്രഖ്യാപിച്ചു. അഞ്ച് വർഷം കഴിഞ്ഞപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും അതുതന്നെ പ്രഖ്യാപിച്ചു. റവന്യൂ ടവർ റാന്നിക്ക് ഇപ്പോൾ തരുമെന്ന്. വികസന പട്ടികയുടെ മറ്റ് കാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഇവിടെ ഇപ്പോൾ ബഹുമാനപ്പെട്ട ശങ്കരനാരായണൻ തന്നെ പറഞ്ഞു ഈ പ്രഖ്യാപനങ്ങൾ ഒന്നും നടക്കാൻ പോകുന്ന പ്രഖ്യാപനമല്ല, ഇലക്ഷനു വേണ്ടിയുള്ള പ്രഖ്യാപനമാണെന്ന്. ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും അതുതന്നെ പറഞ്ഞു. അപ്പോൾപ്പിന്നെ എന്തിനുവേണ്ടിയാണ്? ഈ പ്രഖ്യാപനങ്ങളെയാണ് ബഹുമാനപ്പെട്ട എം.എൽ.എ.-മാരെല്ലാം വാനോളം പുകഴ്ത്തിയത്. നടപ്പാവാൻ പോകാത്ത ഒരു ബഡ്ജറ്റ്; ആ പ്രഖ്യാപനങ്ങൾ. ഇതാണ് നാട്ടിൽ പ്രചരിപ്പിക്കാൻ പോകുന്നത്. ഇപ്പോൾ ആരോഗ്യ സുരക്ഷാ പദ്ധതി- വളരെ നല്ല കാര്യമാണ്. 12 ലക്ഷം പേർ ഇവിടെ രജിസ്റ്റർ ചെയ്തു. സി.പി.ഐ. (എം.) എതിർത്തു എന്നാണ് പറയുന്നത്. സി.പി.ഐ. (എം.) എതിർത്താൽ 12 ലക്ഷം ആളുകൾ ഇതിൽ രജിസ്റ്റർ ചെയ്യുമോ? കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ എത്ര പഞ്ചായത്തുകളാണ് കോൺഗ്രസ്സിന് കിട്ടിയത്? അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് ഇല്ലാത്ത കോൺഗ്രസ്സിന് ഇടതുപക്ഷം വിചാരിച്ചതുകൊണ്ടല്ലേ 12 ലക്ഷം ആളുകൾ രജിസ്റ്റർ ചെയ്തത്. ഞങ്ങൾ അതിനെ സ്വാഗതം ചെയ്തു, പക്ഷെ അത് നടപ്പാകുമോ? ഒരു വർഷം മുമ്പ് എന്താണ് ഇത് നടപ്പാകാത്തത്? ഇനിയിപ്പോൾ ഇതിന്റെ ക്ലെയിം എല്ലാം കൂടി വന്നു കഴിയുമ്പോൾ തെരഞ്ഞെടുപ്പായി. അതു കഴിയുമ്പോഴാണ് ക്ലെയിം കിട്ടാൻ പോകുന്നത്. പണ്ട് 1995-ലെ തെരഞ്ഞെടുപ്പിൽ ഇതുപോലെ ഒരു തട്ടിപ്പ് ഉണ്ടായിരുന്നു. ചാരായ നിരോധനം. എന്തൊരു ആകർഷണമായിരുന്നു, ലക്ഷം യുവകർഷകർ. ഒത്തിരി മുദ്രാവാക്യങ്ങൾ ഉണ്ട്. ഈ നിലയിലുള്ള തട്ടിപ്പുകൾ നടത്തിക്കൊണ്ട് മുന്നോട്ടു പോകുന്ന ഒരു സമീപനമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട കടവൂർജിയും രാവിലെ മുതൽ ബഹുമാനപ്പെട്ട ഹസ്സൻ മുതൽ ഇങ്ങോട്ട് കുറച്ച് പ്രസംഗങ്ങൾ നടത്തുകയുണ്ടായി. അവിഹിത ഗർഭത്തിന്റെയെല്ലാം ഉത്തരവാദിത്വം ഇങ്ങോട്ട് ഏൽപ്പിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട കടവൂർജിയോട് ഞാൻ ഒന്ന് ചോദിക്കട്ടെ, അങ്ങയെപ്പറ്റി സി. ആന്റ് എ.ജി. റിപ്പോർട്ടിനകത്ത് ഒരു പരാമർശം വന്നിട്ടുണ്ട്. മധ്യപ്രദേശ് സംസ്ഥാന വൈദ്യുതി ബോർഡ് 522 രൂപ നിരക്കിൽ വാങ്ങിയ മീറ്ററുകൾ കേരളത്തിൽ അങ്ങ് വാങ്ങിച്ചിരിക്കുന്നത് ആദ്യം 1504 രൂപയ്ക്ക്. പിന്നീട് 1446 രൂപയ്ക്ക്. 11 കോടി രൂപയുടെ തട്ടിപ്പല്ലേ സി.ആന്റ് എ. ജി. ഇവിടെ പച്ചയായി പറഞ്ഞിരിക്കുന്നത്? എന്റെ കൈയിൽ അതിന്റെ ബുക്കുണ്ട്. പേജ് നമ്പർ 114. എന്തൊരു മറിമായമാണ്. ഇദ്ദേഹമാണ് ഇവിടെ ഈ പ്രസംഗമെല്ലാം നടത്തുന്നത്. ഇവിടെ രാവിലെ ബഹുമാനപ്പെട്ട എം. എം. ഹസ്സൻ പറയുകയുണ്ടായി, കല്യാണം കഴിച്ചതേയുള്ളൂ ഗർഭം എടുത്തത് ഇപ്പുറത്താണ്. അല്ല അവിഹിതമായിട്ടുള്ള ഗർഭം ധരിച്ച ഗർഭിണിയാണ് എൽ.ഡി.എഫ്.-ന്റെ കൈയിൽ കിട്ടിയത്. ഞങ്ങൾ അബോർഷൻ ചെയ്യേണ്ടതായിരുന്നു, ഞങ്ങൾ ചെയ്തില്ല. ഞങ്ങൾ ആ ഗർഭം എടുത്തു, കാരണം കേരളം ആറ് മണിക്കൂർ ഇരുട്ടിലായിരുന്നു, അതുകൊണ്ടാണ് ഞങ്ങൾ ആ പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ തീരുമാനിച്ചത്. ഞങ്ങൾ പരീക്ഷണാർത്ഥം നേര്യമംഗലത്ത് ഒരു ടെസ്റ്റ് നടത്തി, അവർ എന്താണ് ചെയ്തത്? സുപ്രീംകോടതിയിൽ പോയിട്ട് കോൺട്രാക്ടർക്ക് വർക്ക് അവാർഡ് ചെയ്തു കൊണ്ടുവന്നു. അതുകൊണ്ട് ഇവിടെ വച്ചിരിക്കുന്ന കരാർ എന്നുപറയുന്നത് മാറ്റാൻ പറ്റുമോ? ഏത് കോടതി അനുവദിക്കും, ഏതെങ്കിലും കോടതി അനുവദിക്കുമോ? The main contract agreement for supply of Canadian power generating equipments and services എന്നു പറഞ്ഞിരിക്കുന്നത് വളരെ ക്ലിയറല്ലേ? 1996-ഫെബ്രുവരി മാസം 24-ാം തീയതി യന്ത്രോപകരണങ്ങൾ ഉൾപ്പെടെയുള്ളത് വാങ്ങാൻ വേണ്ടിയുള്ള കരാർ. അന്ന് ബഹുമാനപ്പെട്ട കാർത്തികേയനായിരുന്നു വൈദ്യുതി വകുപ്പുമന്ത്രി. അപ്പോൾ main contract agreement ഇവിടെ വച്ചിരിക്കുകയാണ്. ഇത് കെ. എസ്. ഇ. ബോർഡിന്റെ രേഖയാണ്. അപ്പോൾ ഇതിനുശേഷം നേര്യമംഗലത്തിന്റെ അനുഭവം ഉണ്ടാകാതിരിക്കാൻ വേണ്ടി മാത്രം നമ്മൾ ആ കരാർകൊണ്ട് മുന്നോട്ടുപോയി. ഇന്നലത്തെ പത്രത്തിൽ, 'പിണറായി നഷ്ടം കുറച്ചു' എന്ന് വിജിലൻസ് റിപ്പോർട്ടുണ്ട്, ദേശാഭിമാനി പത്രത്തിലല്ല, എവിടെയാണ് വിജിലൻസിന്റെ റിപ്പോർട്ട്? ഒരാഴ്ചക്കാലമായി വിജിലൻസിന്റെ റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കീശയിൽ കിട്ടിയതല്ലേ,

3.00 P.M.]

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്താണ് കേരളത്തിൽ പ്രസിദ്ധപ്പെടുത്താതിരുന്നത് ? തന്റേടമുണ്ടോ ? ഞങ്ങൾ എന്തിനും തയ്യാറാണ്. ഞങ്ങൾ നേരത്തെ പറഞ്ഞല്ലോ. ഞങ്ങൾ ഏത് അന്വേഷണത്തിനും തയ്യാറാണ്. ഞങ്ങൾക്ക് ഒരു മടിയുമില്ല. കാരണം ഇവിടെ വൈദ്യുതി ബോർഡ് ഹൈക്കോടതിയിൽ വളരെ ക്ലിയറായിട്ട് കൊടുത്തിരിക്കുന്നു. Entire expenditure on renovation amounting rupees 374.50 crores did not serve the purpose and proved to be wasteful. is not correct. ഇതിന് വ്യത്യസ്തമായി സി. ആന്റ് എ. ജി. റിപ്പോർട്ട് വന്നിരിക്കുകയാണ്. അവർക്ക് കൊടുക്കേണ്ട വിശദാംശങ്ങൾ കൃത്യസമയത്ത് കൊടുക്കാതിരുന്നതുകൊണ്ട് അത്തരം പരാമർശങ്ങൾ സി. ആന്റ് എ. ജി. റിപ്പോർട്ടിൽ വന്നിട്ടുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. പക്ഷെ വൈദ്യുതി ബോർഡ് വളരെ ക്ലിയറായി കൊടുത്തിരിക്കുകയല്ലേ ? ഇതിനകത്ത് നഷ്ടമുണ്ടായിട്ടില്ല, കൊടുത്തിരിക്കുകയാണ്. പിന്നെ എന്തിനാണ് ആടിനെ പട്ടിയാക്കാൻവേണ്ടിയുള്ള ഈ പ്രയത്നം ? തെരഞ്ഞെടുപ്പിനു വേണ്ടിയാണോ ? എന്നിട്ട് ഒന്നുകൂടി വൈദ്യുതി ബോർഡ് ഹൈക്കോടതിയിൽ പറഞ്ഞിരിക്കുന്നു,.....as there is no loss sustained to the Board..... വളരെ ക്ലിയറാണ്. ഹൈക്കോടതിയിൽ വൈദ്യുതി ബോർഡ് കൊടുത്തിരിക്കുന്ന അഫിഡവിറ്റ് ആണിത്. ഞാൻ ഉണ്ടാക്കിയ അഫിഡവിറ്റ് അല്ല. കെ.എസ്.ഇ.ബി. ഒരു കാര്യം കൂടി പറഞ്ഞിരിക്കുന്നു : Further enquiry by another is not necessary, ആരാണ് പറഞ്ഞിരിക്കുന്നത് ? കെ.എസ്.ഇ. ബോർഡാണ് പറഞ്ഞിരിക്കുന്നത്. ഞാൻ ഇന്ന് പറയില്ലായിരുന്നു. ഇവിടെ ശ്രീ. എം. എം. ഹസ്സൻ രാവിലെ ഇതിനെപ്പറ്റിയെടുത്ത് ഞങ്ങളുടെ കൈയിൽ ചാപിള്ളയെ തരാൻ ശ്രമം നടത്തിയതുകൊണ്ടുമാത്രം ഞാൻ ഈ അഫിഡവിറ്റ് പരാമർശിച്ചു, അല്ലെങ്കിൽ ഞാൻ പരാമർശിക്കില്ലായിരുന്നു. ഞാൻ വളരെ വിനയപുരസ്സരം ചോദിക്കട്ടെ...

ശ്രീ. കടവൂർ ശിവദാസൻ: സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. നേരത്തെ ഈ പണം വ്യർത്ഥമായി എന്ന് പറഞ്ഞതിന് ഇവർ ഒരു മറുപടി കൊടുത്തതിൽ അവിടെ കുറേ കാര്യങ്ങൾ കെട്ടിവച്ചിരുന്നു. ഇപ്പോൾ പറഞ്ഞിരിക്കുന്ന 316 കോടി രൂപ എന്നു പറയുന്നത് അതല്ല. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ നോംസ് അനുസരിച്ച് ഇവിടെയുള്ള renovation-ന് അരക്കോടി രൂപയിൽ കൂടുതൽ മെഗാവാട്ടിന് ചെലവാക്കാൻ പാടില്ല. അതിന് വിപരീതമായി 3 കോടി 23 ലക്ഷം ആയതുകൊണ്ട് അതു കണക്കാക്കുമ്പോഴാണ് ഈ പറയുന്ന 333 ലക്ഷം ഉണ്ടായത് അതല്ലാതെ മറ്റേതല്ല. ഇത് വേറെ കാര്യമാണ്.

ശ്രീ. രാജു എബ്രഹാം: ഞാൻ ഉദ്ദേശിച്ചത് കെ.എസ്.ഇ. ബോർഡിന്റെ കണക്കാണ്. മലബാറുകാരുടെ നെഞ്ചത്തു ചവിട്ടിക്കൊണ്ടല്ലേ മലബാർ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ എം.ഒ.യു. അങ്ങ് പുതുക്കാത്തത് ? എന്താണ് പറഞ്ഞിരിക്കുന്നത് ? കാരണങ്ങളൊന്നും രേഖയിലില്ലാതെ മാർച്ച് 2002-ന് ശേഷം എം.ഒ.യു. പുതുക്കിയിട്ടില്ല. അതിന്റെ ലാഭം ആർക്കാണ് ? ലാവ്‌ലിൻ കമ്പനിയ്ക്കല്ലേ ? 85 കോടി രൂപ ലാഭമുണ്ട്. ഞാൻ അങ്ങയെപ്പറ്റി ഒരു അഴിമതി ആരോപണവും പറയുന്നില്ല. അങ്ങ് ലാവ്‌ലിൻ കമ്പനിയുമായി ചർച്ച ചെയ്തിട്ടാണ് എം.ഒ.യു. പുതുക്കാതിരുന്നത് എന്ന ആരോപണം

ഞാൻ പറയുന്നില്ല. പക്ഷെ കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കും. സി. ആന്റ് എ. ജി.-യുടെ ആഡിറ്റ് റിപ്പോർട്ടാണ്, ഞാൻ പുറത്ത് നിന്ന് ഒന്നും പറഞ്ഞിട്ടില്ല. ഞാൻ ഒരു അഴിമതിയാരോപണവും ഉന്നയിച്ചിട്ടില്ല. വളരെ വ്യക്തമായി ഈ ആഡിറ്റ് റിപ്പോർട്ടിനെപ്പറ്റി മാത്രമാണ് ഇവിടെ പ്രസംഗിക്കുന്നത്. മറ്റ് കാര്യങ്ങളിലേക്ക് പോകുന്നില്ല. ഒരു കാര്യം, ഒരു മാന്യത അങ്ങ് കാണിക്കണമായിരുന്നു. അങ്ങയുടെ നേതാവ് ശ്രീ. എ. കെ. ആന്റണി മലബാർ ക്യാൻസർ സൊസൈറ്റിയുടെ ഡയറക്ടർ ബോർഡ് യോഗത്തിൽ ചെയർമാൻ എന്നുള്ള നിലയിൽ പങ്കെടുത്തുകൊണ്ട് ഒരു തീരുമാനമെടുത്തു. എം.ഒ.യു. പുതുക്കണം, ഈ തീരുമാനത്തെ അട്ടിമറിച്ചത് എന്തിനാണ് ? മനുഷ്യത്വമില്ലാതെ ഇതിനെ അട്ടിമറിച്ചത് എന്തിനാണ് ?

ശ്രീ. കടവൂർ ശിവദാസൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് എം.ഒ.യു. എന്നുപറഞ്ഞാൽ ഫൈനൽ ആയി ഒരു എഗ്രിമെന്റിൽ എത്തണം. അത് നിയമമാണ്. ശ്രീ. പിണറായി വിജയൻ വച്ച എഗ്രിമെന്റിൽ ഈ എം.ഒ.യു.-വിനെപ്പറ്റി എന്തുകൊണ്ട് .....(ബഹളം)..... ഉൾപ്പെടുത്തിയില്ല. അതാണ് നഷ്ടം വന്നിരിക്കുന്നത് എന്നാണ് പറഞ്ഞിരിക്കുന്നത്. കൂട്ടത്തിൽ ഒരു കാര്യം ഡെഫനിറ്റായിട്ട് പറഞ്ഞിരിക്കുന്നു.

ശ്രീ. രാജു എബ്രഹാം : .....(ബഹളം)..... കേരളത്തെ സംബന്ധിച്ചിടത്തോളം ഇവിടെ ഒരു തെരഞ്ഞെടുപ്പിലേക്ക് പോകുകയാണ്. അതിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് യാതൊന്നും ഭയപ്പെടാനില്ല. സി.ബി.ഐ. അന്വേഷണം നടത്തണമെന്നു തന്നെയാണ് ഞങ്ങൾ പറയുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇവിടെ കഴിഞ്ഞ തവണ ഞങ്ങൾ കൈരളി ചാനൽ തുടങ്ങിയപ്പോഴും ദേശാഭിമാനി പത്രം തുടങ്ങിയപ്പോഴുമൊക്കെ ഞങ്ങൾക്കെതിരെ വലിയ ആക്ഷേപങ്ങൾ ഫ്ളോറിൽ ഉന്നയിച്ച ബഹുമാനപ്പെട്ട എം.എൽ.എ.-മാരും മന്ത്രിമാരും ഇവിടെയുണ്ട്. ഞങ്ങൾ ഒന്നു ചോദിച്ചുകൊള്ളട്ടെ, ഞങ്ങൾ കൈരളി ചാനലിനുവേണ്ടി പണം പിരിച്ചപ്പോൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ബ്രാഞ്ചുകൾ വഴി അതിന്റെ ഷെയർ സർട്ടിഫിക്കറ്റ് കൊടുത്തു. ഞങ്ങൾ അന്നേരം പറഞ്ഞു, ഇതിന്റെ എല്ലാ പേരു വിവരങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ രേഖകൾ പരിശോധിച്ചാൽ ആരൊക്കെയാണ് കൈരളി ചാനലിന് വേണ്ടി പണം മുടക്കിയതെന്ന് കണ്ടെത്താൻ കഴിയും. ഞങ്ങൾ വളരെ വിനയപുരസ്സരം ചോദിച്ചുകൊള്ളട്ടെ, ഏപ്രിൽ മാസം കമ്മിഷൻ ചെയ്യാൻ പോകുന്ന കോൺഗ്രസ് പാർട്ടിയുടെ ജയ്ഹിന്ദ് ചാനലിന് 100 കോടി രൂപ പിരിച്ചിരിക്കുന്നു. സർ, എവിടെനിന്നാണ് ഈ പണം ? കേരളത്തിൽ ഏതെങ്കിലും ഒരു പിരിവ് നടത്തിയോ ? കേരളത്തിൽ ഞങ്ങളാരും കണ്ടില്ല കോൺഗ്രസ് പാർട്ടി ഇതിനുവേണ്ടി ഒരു പിരിവ് നടത്തുന്നു എന്നുള്ള കാര്യം. 100 കോടിയിലധികം രൂപ, ഈ പണം എവിടെനിന്നാണ് ? വീക്ഷണം പത്രത്തിന്റെ മൂന്ന് എഡിഷനുകൾ ആരംഭിച്ചിരിക്കുന്നു. മൂന്ന് എഡിഷനുകൾക്കുംകൂടി ചെലവഴിച്ചിരിക്കുന്നത് 15 കോടിയിലധികം രൂപ. കേരളത്തിൽ ഒരു പിരിവും നടത്താതെ എങ്ങനെയാണ് ഈ 15 കോടി രൂപ വീക്ഷണം പത്രത്തിനുവേണ്ടി പിരിവെടുത്തിട്ടുള്ളത് ? നിങ്ങൾ ജയ്ഹിന്ദ് ചാനലിനുവേണ്ടി 100 കോടി രൂപ പിരിച്ചെടുത്തിരിക്കുന്നത് അഴിമതിയിലൂടെയല്ലേ ? നാല് വർഷമായിട്ട് കേരളത്തിൽ നടക്കുന്ന അഴിമതി

LIBRARY ARCHIVES Kerala Legislative Assembly

പണത്തിന്റെ പങ്കല്ലേ ഈ വീക്ഷണം പത്രവും ഈ ജയ്ഹിന്ദ് ചാനലും. അഴിമതി കൊണ്ട് വീർപ്പുമുട്ടുന്ന ഈ സർക്കാരിന്റെ ചെയ്തികൾക്ക് ഒടുവിലാണ് ദാവോസ് യാത്ര. ഞങ്ങൾ ഒരു ചോദ്യം ചോദിച്ചു, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കൂടെ വിമാനത്തിൽ പോയത് ആരൊക്കെയെന്ന്. എന്താണ് മറുപടി തരാൻ ബുദ്ധിമുട്ട്. പുറകോട്ടൊന്ന് തിരിഞ്ഞുനോക്കിയാൽ അറിയില്ലേ, കൂടെപോയത് ആരൊക്കെയാണെന്ന് ? എന്താ ബഹുമാനപ്പെട്ട കേരളത്തിന്റെ മുഖ്യമന്ത്രിക്ക് കൂടെ പോയത് ആരൊക്കെയാണെന്ന് ഈ സഭയുടെ മുമ്പാകെ വെളിപ്പെടുത്താൻ വൈമനസ്യം ? ഒട്ടേറെ ദുരൂഹതകൾ ഇതിലുണ്ട്. സ്മാർട്ട് സിറ്റിയുടെ, ഇവിടെ ബഹുമാനപ്പെട്ട ടി. എം. ജേക്കബ്, ഉന്നയിച്ച അതേ പേരുള്ള ഒരു വ്യക്തി അതേ സമയം ദാവോസിൽ ഉണ്ടായിരുന്നു. മറ്റ് കാര്യങ്ങളിലേക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല. കേരളത്തിലാണ് ഇവർ മടങ്ങിവരുമെന്ന് പറയുന്നത്. എങ്ങനെയാണ് ഇവർ മടങ്ങിവരുന്നത് ? കൈപ്പത്തി ചിഹ്നത്തിൽ ഇന്ന് ആരെങ്കിലും വോട്ട് ചെയ്യുമോ ? സർ, കേരളത്തിൽ ആദ്യമായി ആദിവാസിയുടെ തിരുനെല്ലിൽ വെടിയുണ്ട ഉതിർത്ത ഗവൺമെന്റല്ലേ ? പഠിക്കാൻ പണമില്ലാഞ്ഞിട്ട്, പാവപ്പെട്ട പട്ടികജാതി കുടുംബത്തിൽപ്പെട്ട ഒരു പെൺകുട്ടി ഏഴാം നിലയുടെ മുകളിൽനിന്ന് എടുത്തുചാടി ആത്മഹത്യ ചെയ്ത സംസ്ഥാനമല്ലേ ഇത് ? മൂവായിരം കോടി രൂപയുടെ ചന്ദനമരങ്ങൾ മോഷണം പോയെന്ന് വനം വകുപ്പു തന്നെ പറഞ്ഞിട്ടുള്ള സ്റ്റേറ്റല്ലേ? മൂന്നേകാൽ രൂപയുടെ അരി ആറര രൂപയ്ക്ക് നാലര വർഷക്കാലം കൊടുത്തു. തെരഞ്ഞെടുപ്പിൽ വോട്ട് കിട്ടാൻവേണ്ടി അത് കേവലം മൂന്ന് രൂപയ്ക്ക് കൊടുത്ത് തട്ടിപ്പ് നടത്തുന്ന സ്റ്റേറ്റല്ലേ ? ആരാണ് വോട്ട് ചെയ്യുന്നത് ? അതുകൊണ്ട് അഴിമതി നടത്തുന്ന ഈ ഭരണാധികാരികൾ അവതരിപ്പിച്ചിരിക്കുന്ന ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി എതിർക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. എം. മുരളി]

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) : സർ, ശ്രീ. പി. സി. ജോർജ് കഴിഞ്ഞ ദിവസവും ഇന്നും ശബരിമലയുടെ വികസനവുമായി ബന്ധപ്പെട്ട എക്കോ സ്മാർട്ടിന്റെ കാര്യം സൂചിപ്പിക്കുകയുണ്ടായി. ചന്ദ്രശേഖരമേനോൻ കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ ഉണ്ടാകുമ്പോൾ, വേറെന്തിനാണ് ഒരു മാസ്റ്റർ പ്ലാൻ? ചന്ദ്രശേഖരമേനോൻ കമ്മിറ്റി റിപ്പോർട്ട് സഭയിൽ വച്ചിട്ടുണ്ട്. കാബിനറ്റ് അംഗീകരിച്ചു. അതിൽ പറഞ്ഞിരുന്ന പ്രധാന കാര്യങ്ങൾ, ശബരിമലയ്ക്കുവേണ്ടി മാത്രമായി ഒരു സ്റ്റാറ്റ്യൂട്ടറി കമ്മിറ്റി വേണമെന്നായിരുന്നു. അന്നത്തെ ദേവസ്വം ബോർഡ് കൊടുത്തപ്പോൾ സ്വീകാര്യമല്ലെന്നും അറിയിച്ചിട്ടുണ്ട്. പിന്നെ സെക്യൂരിറ്റി ആസ്പെക്ടസും പോലീസ് ചെയ്യേണ്ട കാര്യങ്ങളുമൊക്കെയാണ് വച്ചിരിക്കുന്നത്. സ്വാഭാവികമായും നമ്മൾ മാസ്റ്റർ പ്ലാനെടുക്കാൻ കാരണം, 50 വർഷമായിട്ടുള്ള ആവശ്യമാണ് ശബരിമലയ്ക്ക് മാസ്റ്റർ പ്ലാൻ വേണമെന്നുള്ളത്. അതിന് അവിടെ ഇരിക്കുന്ന ആളുകളും ഇവിടെ ഇരിക്കുന്ന ആളുകളും ഒരുപാട് ശ്രമം നടത്തിയിട്ടുണ്ട്. എന്തോ തടസ്സമുണ്ടായിരുന്നു. കേന്ദ്ര പരിസ്ഥിതി മന്ത്രാലയവും വനംവകുപ്പും അത് അംഗീകരിച്ചില്ല. അത് ടൈഗർ റിസർവായതുകൊണ്ട് സുപ്രീം കോടതിയുടെ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരം കിട്ടിയാൽ മാത്രമേ വനഭൂമി

LIBRARY ARCHIVES Kerala Legislative Assembly

കിട്ടു. അതിന്റെ ഫലമായി പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി ശബരിമലയിൽ വന്നിരുന്നു. അതിന്റെ റെക്കമെന്റേഷനിൽ പറഞ്ഞ, ചീഫ് സെക്രട്ടറി ചെയർമാനായ കമ്മിറ്റിയിൽ വച്ച് മാസ്റ്റർ പ്ലാൻ—എക്കോ ഫ്രണ്ട്ലി—ഉണ്ടാക്കിക്കൊടുത്താൽ മാത്രമേ വനഭൂമി കിട്ടു. അതിനുശേഷം വനംവകുപ്പ് സെക്രട്ടറി മീറ്റിംഗ് നടത്തി ആവർത്തിച്ചതിന്റെ അടിസ്ഥാനത്തിൽ ശബരിമലയ്ക്ക് വനഭൂമി കിട്ടുന്ന ആവശ്യത്തിലേക്ക് മാസ്റ്റർ പ്ലാൻ ഉണ്ടാക്കി. അതുണ്ടാക്കി കൊടുത്തതിന്റെ അടിസ്ഥാനത്തിൽ 132.657 ഹെക്ടർ വനഭൂമി നമുക്ക് ലഭിക്കുകയും ചെയ്തു. Subject to the condition of the Master Plan. മാസ്റ്റർ പ്ലാനിന് വിധേയമായി മാത്രമേ ഇതുപയോഗിക്കാൻ പറ്റുകയുള്ളൂ. കേന്ദ്ര വനം വകുപ്പാണ് ഈ കാശ് തന്നിരുന്നത്. ഇക്കാര്യത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത് ഇതാണ്. മറ്റ് കാര്യങ്ങളൊന്നും പറയുന്നില്ല. അദ്ദേഹം സെക്രട്ടറിമാർ യാത്ര നടത്തിയതിനെക്കുറിച്ച് പറഞ്ഞു. എല്ലാക്കാലത്തും സെക്രട്ടറിമാർ യാത്ര നടത്താറുണ്ട് അത് ശ്രീ. ചന്ദ്രശേഖരൻ നായർ ടൂറിസം വകുപ്പുമന്ത്രിയായിരുന്ന സമയത്തും അതിനുമുമ്പും ഇന്റർനാഷണൽ തലത്തിലുള്ള ഫെയറുകളിൽ പങ്കെടുക്കാൻ സെക്രട്ടറിമാർ പോകാറുണ്ട്. അതൊന്നും അനധികൃതമായിട്ടല്ല. ഇക്കാര്യത്തിലെല്ലാം സർക്കാരിന്റെയും ധനകാര്യ വകുപ്പിന്റെയും എല്ലാം അനുമതി വാങ്ങിയതിനുശേഷമാണ് പോയിട്ടുള്ളത്. നാളെ ഒരു ഗവണ്മെന്റ് വന്നാലും, ഏത് ഗവണ്മെന്റിന്റെ കാലഘട്ടത്തിലും സെക്രട്ടറിമാർ യാത്ര ചെയ്യേണ്ടി വരും. യാത്ര ചെയ്ത മുഴുവൻ കണക്കും പറഞ്ഞു. കഴിഞ്ഞ കാലഘട്ടത്തിലെ കണക്ക് ഞാൻ തരാം. അങ്ങ് മനസ്സിലാക്കേണ്ട കാര്യമാണ്. വിനോദസഞ്ചാര മേഖലയിൽ കേരളത്തിന് കഴിഞ്ഞ വർഷമുണ്ടായ ഉണർവ്വ് 13.5 ശതമാനമാണ്. വേൾഡ് ട്രാവൽ ആന്റ് ടൂറിസം കൗൺസിൽ എടുത്ത കണക്കനുസരിച്ച് ലോകത്ത് അംഗീകരിക്കേണ്ട മുന്ന് രാജ്യങ്ങളിൽ അവർ കൺസിഡർ ചെയ്യുന്നത് ഗ്രീസും മെക്സിക്കോയും കേരളവുമാണ്. ലോക നിലവാരത്തിൽ നാം അംഗീകാരം നേടിക്കൊണ്ടിരിക്കുന്നു. നമ്മുടെ നിക്ഷേപം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഈ മേഖലയിൽ ഉണ്ടാകുന്ന ഓരോ നേട്ടങ്ങളും നമ്മൾ ഇന്റർനാഷണൽ ഫെയറുകളിൽ പങ്കെടുത്തതുകൊണ്ടാണ്.

ശ്രീ. പി. സി. ജോർജ്: സർ, ആവശ്യത്തിന് യാത്ര ചെയ്യുന്നതിന് ഞാൻ എതിരല്ല. അങ്ങയുടെതന്നെ 736-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരമാണ്. ബഹുമാനപ്പെട്ട പ്രിൻസിപ്പൽ സെക്രട്ടറി ലണ്ടനിലേക്ക് യാത്ര ചെയ്തതിന് എയർഫെയർ 2,21,654 രൂപ. ആ കൂട്ടത്തിൽത്തന്നെ ഡയറക്ടർ യാത്ര ചെയ്തതിന് എയർഫെയർ 1,21,341 രൂപ ഇതെങ്ങനെ സംഭവിച്ചു? രണ്ട് ഐ.എ.എസ്.-കാർക്ക് ഒരേ യാത്രയിൽ രണ്ട് തരത്തിലുള്ള ഫെയർ വന്നിരിക്കുന്നു. എന്തൊരു മര്യാദയാണ്. ഇത് കേരള സർക്കാരിന്റെ പണമല്ലേ ?

ശ്രീ. കെ. സി. വേണുഗോപാൽ: ശ്രീ. പി. സി. ജോർജ് ഈ കണക്കുകൾമാത്രം എടുത്തു പരിശോധിക്കുന്നതുകൊണ്ടാണ്. പ്രിൻസിപ്പൽ സെക്രട്ടറിക്കും ഡയറക്ടർക്കുംകൂടി നിയമപരമായി യാത്ര ചെയ്യാൻ അവകാശം ഉള്ളതുകൊണ്ടാണ്. ഇക്കാര്യത്തിൽ അനധികൃത യാത്രയും നടത്തിയിട്ടില്ല. കാലാകാലങ്ങളിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണമായാലും യു.ഡി.എഫ്. ഭരണമായാലും ഇന്റർനാഷണൽ ഫെയറുകളിൽ പങ്കെടുക്കുന്നതിന് ഉദ്യോഗസ്ഥർ പോകാറുണ്ട്. ഏതെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ഒരുദ്യോഗസ്ഥനെ പിൻപോയിന്റ് ചെയ്ത്, ഐ. എ. എസ്. ഉദ്യോഗസ്ഥരെ ഡി-മോറലൈസ് ചെയ്ത് പറയുന്നത് ശരിയല്ല. കേരളത്തിന്റെ വിനോദസഞ്ചാര മേഖലയ്ക്ക് ലോകവ്യാപകമായി അംഗീകാരം കിട്ടുന്നതിന്റെ പിറകിൽ ഇന്റർനാഷണൽ ഫെയറുകളുണ്ട്. അത് നമ്മുടെകാലത്ത് മാത്രം തുടങ്ങിയതല്ല. എല്ലാ കാലഘട്ടത്തിലും നടത്തിക്കൊണ്ടിരിക്കുന്നു. ഇത്രയും കാര്യങ്ങളാണ് സൂചിപ്പിക്കാനുള്ളത്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, രണ്ട് പോയിന്റുകളാണ് ഇവിടെ വന്നത്. അതിലൊന്ന്, കിഴക്കൻ മേഖലയിൽ മൂവാറ്റുപുഴ ഏരിയയിൽ പൈനാപ്പിൾ കൃഷിയെ സംബന്ധിച്ചാണ് വ്യാപാരികൾക്ക് ഒന്നും ചെയ്തിട്ടില്ല എന്നുള്ള വിധത്തിലാണ് സംസാരിച്ചത്. പൈനാപ്പിൾ കൃഷിയുടെ അഭിവൃദ്ധിക്കുവേണ്ടി ഇന്നത്തെ നിലയിൽ ഒരു ഫാക്ടറി തുടങ്ങിയിരിക്കുന്നു. ഫാക്ടറിയുടെ പ്രവർത്തനം രണ്ട് ഷിഫ്റ്റ് എന്ന നിലയിൽ വർദ്ധിപ്പിച്ച് ആവശ്യമായ നടപടികൾ എടുക്കുന്നതിനുവേണ്ട നീക്കങ്ങൾ നടത്തിയിട്ടുണ്ട്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ഹോർട്ടിക്കൾച്ചർ, സാധനമായാലും പൈനാപ്പിളായാലും മെഡിസിനൽ പ്ലാന്റായാലും എല്ലാം കയറ്റുമതി ചെയ്യുന്നതിന് നടപടികൾ എടുക്കുന്നുണ്ട്. കൂടാതെ APEDA (Agricultural Processing and Export Development Authority) യുടെ എഗ്രിമെന്റിൽ പൈനാപ്പിളിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അടുത്തകാലത്ത് പൈനാപ്പിളിന്റെ ഉപയോഗത്തെ സംബന്ധിച്ചും അത് കയറ്റി അയയ്ക്കുന്നതിനെ സംബന്ധിച്ചും മനസ്സിലാക്കുന്നതിന് APEDA ഗൾഫ് രാജ്യങ്ങൾ സന്ദർശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഇവിടെനിന്നും കയറ്റി അയയ്ക്കുന്നതിനാവശ്യമുള്ള നടപടികൾ എടുക്കുന്നതിന് നീക്കം നടത്തുന്നുണ്ട്. അതിനുംപുറമേ കിഴക്കൻ പ്രദേശത്തെ പൈനാപ്പിൾ കൃഷിക്ക് ഏറ്റവും വലിയ പ്രശ്നം അവർ ഏതാണ്ട് ആയിരം ടണ്ണോളം പൈനാപ്പിൾ ഒരു ദിവസം മറ്റ് സംസ്ഥാനങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നുണ്ട്. ആ സാധനങ്ങൾ ബസ്സിലോ ലോറിയിലോ കൊണ്ടുപോകുന്നതുകൊണ്ട് ഉദ്ദേശ സ്ഥലത്തെത്താൻ താമസിക്കുന്നു. അതുകൊണ്ട് ഉദ്ദേശിക്കുന്ന സ്ഥലത്തെത്തിക്കഴിഞ്ഞാൽ രണ്ടുമൂന്നു ദിവസംകൊണ്ട് ചീത്തയായിപ്പോകുന്നു. അത് തടയുന്നതിന് ട്രെയിനിൽ ഒന്നൊന്നര ദിവസംകൊണ്ട് destination-ൽ എത്തിക്കുന്നതിന് വേണ്ടിയുള്ള സൗകര്യമുണ്ടാക്കുന്നതിന് cold chain ഘടിപ്പിച്ച Train Bogi-കൾ അനുവദിക്കാൻ ബഹുമാനപ്പെട്ട പ്രസിഡന്റ് വന്നപ്പോൾ നേരിട്ടുകണ്ട് ആവശ്യപ്പെട്ടിട്ടുണ്ട്. അവരുടേതായ നടപടികൾ എടുക്കുമെന്ന് കേന്ദ്ര ഗവണ്മെന്റ് എഴുതുകയും ചെയ്തിട്ടുണ്ട്. ഈ കൃഷി വ്യാപിപ്പിക്കാൻ ആവശ്യമായ നടപടികൾ എടുക്കുന്നതിന് ഗവണ്മെന്റ് ഒട്ടും പുറകിലല്ല. ആവശ്യമായ നടപടികൾ എടുക്കുന്നുണ്ട്. കയറ്റുമതി കൃഷി ചെയ്യുന്നവർക്ക് ഒരു ഹെക്ടർ കൃഷിക്ക് 5,000 രൂപ സബ്സിഡി കൊടുക്കുന്നു. രണ്ടാമതായി, ഇവിടെ എന്നും പറയുന്നത് എൻഡോസൾഫാനിനെപ്പറ്റിയാണ്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു തുള്ളി എൻഡോസൾഫാൻപോലും സർക്കാർ ഫാമുകളിൽ തളിച്ചിട്ടില്ല. എൻഡോസൾഫാൻ കൈകാര്യം ചെയ്യുന്നതിന് പഴയ ഗവണ്മെന്റിന്റെ കാലത്ത് ഒരു കമ്മിറ്റിയുണ്ടാക്കി. അവർ റിപ്പോർട്ട് തരുന്നതിന് മുമ്പുതന്നെ ഗവണ്മെന്റ് ഏരിയൽ സ്പ്രേ നിർത്തിയിട്ടുണ്ട്. മൂന്ന് മാസക്കാലത്തേക്ക് സ്റ്റേ ചെയ്യാനെ സംസ്ഥാന സർക്കാരിന് അധികാരമുള്ളൂ. ആ കാലത്തേക്ക് ഉപയോഗം

GPM. 2/153/2013—37

LIBRARY ARCHIVES Kerala Legislative Assembly

